കാര്യം ആലോചിക്കാം. ഏതായാലും ഇന്ന സഭയുടെ മുൻപാകെ വന്ന സ്റ്റാർഡ് ചോദ്യങ്ങംക്കുള്ള ഉത്തരങ്ങം ഇന്നുവൈകുന്നേരമോ നാളെ വൈകുന്നേരമോ എങ്കിലും ഇവിടെ വരത്തക്കരീതിയിൽ അയക്കുന്നതിനു് വേണ്ട നിർദ്ദേശം നൽകിയാൽ കൊള്ളാം. ആ രീതിയിൽ പരിശോധിക്കുന്നതു് നന്നായിരിക്കും.

ശ്രീ. ടി. എ. മജീദു് : അൺസ്റ്റാർഡ് ചോദ്യങ്ങം 'അനാഥപ്രേതം' പോലെ കിടക്കുകയാണു്. അതിനു് മറുപടി നൽകുന്ന കാര്യം ശ്രദ്ധിക്കുന്നില്ല. അതുകൊണ്ടു് ആ കാര്യംകൂടി ഒന്ന ആലോചിക്കണം.

മി. സ്പീക്കർ : അതും പരിശോധിക്കാം.

## IV. FINANCIAL BUSINESS

### Supplementary Financial Statement for 1969-70.

*Minister for Revenue* **(Smt. K. R. Gouri)** : Sir, I on behalf of the Chief Minister, lay on the Table the Supplementary Financial Statement for the year 1969-70.

## V. GOVERNMENT RESOLUTION

### Maximum of the loan Capacity of the Electricity Board

**Mr. Speaker** : Now I call upon the Agriculture and Electricity Minister to move his Resolution.

*Agriculture and Electricity Minister* **(Shri M. N. Govindan Nair)** : Sir, I move : "WHEREAS under sub-section (1) of Section 65 of the Electricity (Supply) Act, 1948 (Central Act 54 of 1948), the Kerala State Electricity Board may, from time to time, with the previous sanction of the Government and subject to the provisions of that Act and the conditions prescribed in that behalf, borrow any sum required for the purposes of the Act;

AND WHEREAS under sub-section (3) of the said section the maximum amount which the Board may at any time have on loan under sub-section (1) shall be ten crores of rupees, unless the State Government, with the approval of the State Legislative Assembly, fixes a higher maximum amount;

AND WHEREAS the Kerala State Electricity Board has requested the Government to fix the maximum of twenty crores of rupees as loan which it may, at any time, have for enabling it to meet the larger expenses of the development schemes which it has undertaken;

AND WHEREAS the Government have proposed that the maximum amount of loan which the Kerala State Electricity Board may have at any time may be fixed as twenty crores of rupees;

NOW, THEREFORE, this Assembly resolves to give its approval under sub-section (3) of Section 65 of the Electricity (Supply) Act, 1948 (54 of 1948), to fix the maximum amount which the Kerala State Electricity Board may at any time have on loan as twenty crores of rupees."

*Education Minister* **(Shri C. H. Mohammed Koya)** Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും വിദ്യുച്ഛക്തിയുംമന്ത്രി (ശ്രീ. എ. എൻ. ഗോവിന്ദൻനായർ) : സർ, ഈ പ്രമേയംതന്നെ അതിന്റെ ആവശ്യകത സ്വയം വ്യക്തമാക്കുന്നുണ്ട്. ഏലക്ടിസിറ്റി സപ്ലൈ ആക്റ്റനുസരിച്ച്, പത്തുകോടിയിൽ കൂടുതൽ രൂപ കടം എടുക്കണമെങ്കിൽ ഈ സഭയുടെ സമ്മതം ആവശ്യമാണെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിൽ ഒരു പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. ഇങ്ങനെ പത്തുകോടിയിൽ കൂടുതൽ കടമെടുക്കുന്നതിനു നിർബന്ധിക്കുന്നതിനുള്ള സാഹചര്യങ്ങളും എന്താണെന്നും ഈ സന്ദർഭത്തിൽ വ്യക്തമാക്കേണ്ടതു് ആവശ്യമാണെന്നും ഞാൻ കരുതുന്നു. ഏലക്ടിസിറ്റി ബോർഡിനു് ആവശ്യമായ ഫണ്ടു് പ്രധാനമായും ഗവണ്മെന്റിൽ നിന്നും ലഭിക്കുന്ന കടത്തിൽ നിന്നുമാണു് വരുന്നതു്. ഇതിനകം തന്നെ ഗവണ്മെന്റു് 111 കോടിയിൽപ്പരം രൂപ ഏലക്ടിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ടു്. ഈ കിട്ടുന്ന കടത്തിൽ കൂടുതൽ പങ്കും ഏലക്ടിസിറ്റി ഉൽപ്പാദനത്തിനാണു് ഉപയോഗിക്കുന്നതു്. അതുകൊണ്ടു് ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്ന കാര്യങ്ങൾ നിർവ്വഹിക്കുന്നതിനു് സാമ്പത്തികമായ പരാധീനതകൾ ഏലക്ട്രിസിറ്റി ബോർഡിനു് പലപ്പോഴും അനുഭവിക്കാറുണ്ടു്. അതിന്റെ ഫലമായി മുൻകൊല്ലങ്ങളിൽ, 1959-ലും, 1963-ലും പബ്ലിക്കു് ലോൺ എടുത്തിട്ടുണ്ടു്. 1959-ൽ രണ്ടുകോടി രൂപയും, 1963-ൽ ഒന്നരകോടി രൂപയും പബ്ലിക്കു് ലോണായി എടുത്തിട്ടുണ്ടു്. 1968 മാർച്ചിൽ ഒന്നര കോടി രൂപയും, 1969 മാർച്ചിൽ രണ്ടു കോടി രൂപയും എൽ. ഐ. സി. യിൽനിന്നും കടമെടുത്തിട്ടുണ്ടു്. ഇങ്ങനെ ഏഴു കോടിയിൽപ്പരം രൂപ ഇപ്പോൾ കടമെടുത്തിരിക്കുന്ന സാഹചര്യമാണുള്ളതു്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ, ഏലക്ടിസിറ്റി ബോർഡിനു് ഗവണ്മെന്റിൽനിന്നും ലഭിക്കുന്ന പണത്തിന്റെ വലിയൊരു ഭാഗം സിംഹഭാഗം, ജനറേഷനു വേണ്ടി മാത്രം ഉപയോഗിക്കാൻ നിർബന്ധിതമാകുന്നതുകൊണ്ടു് ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നീ രണ്ടു കാര്യങ്ങൾക്കും ആവശ്യമായ തുകയില്ലാതെ ആ രംഗങ്ങളിലുള്ള ഏലക്ടിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങൾ വളരെയധികം മന്ദീഭവിക്കുന്നുണ്ടു്. സാധാരണഗതിയിൽ ജനറേഷനു് ഉപയോഗിക്കുന്നതിന്റെ ഏതാണ്ടു് തത്തുല്യമായ ശതമാനം ട്രാൻസ്മിഷനും ഡിസ്ട്രിബ്യൂഷനും ഉപയോഗിക്കണമെന്നുള്ളതു് സാങ്കേതികമായി ആവശ്യമായ ഒരു കാര്യമാണു്. അതുകൊണ്ടു് ഇതിനാവശ്യമായ തുകയില്ലാത്തതിന്റെ ഫലമായി, വിദ്യുച്ഛക്തിയുടെ ഉൽപ്പാദനം നമ്മുടെ ആവശ്യത്തിനനുഭവമായിട്ടുണ്ടെങ്കിലും ആളുകൾക്കു് അതു് എത്തിച്ചുകൊടുക്കുന്നതിൽ തടസ്സമുണ്ടാകുന്നുണ്ടു്. അതിനു് ഗവണ്മെന്റിന്റെ സഹായം ആശ്രയിക്കുകയെന്നുവച്ചാൽ, ഇന്നത്തെ സാഹചര്യത്തിൽ വളരെ പരിമിതമായ തുക മാത്രമേ വിദ്യുച്ഛക്തി വിതരണത്തിനുവേണ്ടി നീക്കിവയ്ക്കുന്നതിനു് ഗവണ്മെന്റിനു് സാധിക്കുകയുള്ളൂ. ജനങ്ങളുടെ ആവശ്യമാണെങ്കിൽ വളരെ കൂടുതലുമാണു്. ഇങ്ങനെയുള്ള സാഹചര്യത്തിലാണു് പബ്ലിക്കു് ലോൺ എടുക്കുന്നതിന്റെ പരിധി വർദ്ധിപ്പിക്കണമെന്നു പറയുന്നതു്. ഇതു നമ്മുടെ ബോർഡിനെമാത്രം അഭിമുഖീകരിക്കുന്ന പ്രശ്നമല്ല. ഒരു വ്യാവസായിക സ്ഥാപനമെന്നുള്ള നിലയിൽ ഗവണ്മെന്റിനെ എന്നും കുറച്ചു് ആശ്രയിക്കുകയും, കാമേഴ്സ്യൽ ബാങ്കുകളേയും, മറ്റു സാമ്പത്തിക സ്ഥാപനങ്ങളേയും പരമാവധി ആശ്രയിച്ചു് ആവശ്യമായ തുക ഉണ്ടാക്കുകയും ചെയ്യണമെന്നുള്ളതാണു് എല്ലാ ഏലക്ടിസിറ്റി ബോർഡുകൾക്കും കേന്ദ്ര ഗവണ്മെന്റുതന്നെ നൽകിയിട്ടുള്ള നിർദ്ദേശം.

ഇതിനായി ഇന്നൊരു റൂറൽ ഇലക്ടിഫിക്കേഷൻ കോർപ്പറേഷൻ റൂറൽ ഇലക്ടിഫിക്കേഷനെ സഹായിക്കുന്നതിനു വേണ്ടി കേന്ദ്രഗവണ്മെന്റു് രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ടു്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ ഈ രണ്ടു കാര്യങ്ങളിൽ ഇലക്ടിസിറ്റി ബോർഡിന്റെ കീഴിലുണ്ടാവുന്ന ബുദ്ധിമുട്ടുകളുടെ ഫലമായി റൂറൽ ഇലക്ടിഫിക്കേഷനെ സംബന്ധിച്ചിടത്തോളം മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

യാൽ നാം പിന്നോക്കമാണെന്ന കാണാം. നമ്മുടെ ഇക്കാര്യത്തിൽ പിന്നോക്കമാണെന്ന പറയുന്നതു് നമ്മുടെ ഗ്രാമങ്ങളിൽ വിദ്യുച്ഛക്തി ലഭിച്ചിട്ടില്ലെന്നുള്ളതുകൊണ്ടാണു്. റൂറൽ ഇലക്ട്രിഫിക്കേഷൻകൊണ്ടു് പ്രധാനമായും ഉദ്ദേശിക്കുന്നതു് കാർഷികമായ ആവശ്യങ്ങൾക്കുവേണ്ടി പമ്പുസെറ്റുകൾ വൈദ്യുതീകരിക്കുന്നതിനു് റൂറൽ ഇലക്ട്രിഫിക്കേഷൻ ഉപകരിക്കുമെന്നാണു്. നമ്മുടെ സംസ്ഥാനത്തു് റൂറൽ ഇലക്ട്രിഫിക്കേഷൻ നടന്നിട്ടുള്ള ഗ്രാമങ്ങളിൽ പോലും പ്രധാനമായും വഴിവിളക്കുകൾക്കും വീട്ടാവശ്യത്തിനുമുള്ള വിദ്യുച്ഛക്തി മുഴുവനായിട്ടില്ല. കഴിഞ്ഞ ഒന്നരണ്ടുവർഷങ്ങളായി കർഷകർക്കിടയിലും അതുപോലെ തന്നെ ഇലക്ട്രിസിറ്റി ബോർഡിന്റെ സമീപനത്തിലും പമ്പുസെറ്റുകൾ വൈദ്യുതീകരിക്കുന്നതിനു് കൂടുതൽ ശ്രദ്ധ ചെലുത്തിവരുന്നുണ്ടു്. ഈ വർഷം റൂറൽ ഇലക്ട്രിഫിക്കേഷനു് കേന്ദ്രഗവണ്മെന്റിന്റെ ടുഷ്പിയിൽ തന്നെ കൂടുതൽ പ്രാധാന്യം കൊടുക്കുന്നുണ്ടു്. ഇൻഡ്യയൊട്ടാകെ ഗാന്ധിശതാബ്ദി ആഘോഷത്തോടനുബന്ധിച്ചു് ഒരുലക്ഷം ഗ്രാമങ്ങളെങ്കിലും വൈദ്യുതീകരിക്കണമെന്നാണു് തീരുമാനം എടുത്തിട്ടുള്ളതു്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം 350 പുതിയ ഗ്രാമങ്ങളും 200 പുതിയ കേന്ദ്രങ്ങളും റൂറൽ ഇലക്ട്രിഫിക്കേഷനുവേണ്ടി വൈദ്യുതീകരണം നടത്തണമെന്നാണു് ആഗ്രഹിക്കുന്നതു്. അതനുസരിച്ചു് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടു്. മലബാറിലുള്ള നാലു ഡിസ്ട്രിക്റ്റുകളിൽ പ്രധാനമായും ഈ വൈദ്യുതീകരണം നടക്കണമെങ്കിൽ ട്രാൻസ്മിഷന്റെ കാര്യത്തിലും ഡിസ്ട്രിബ്യൂഷന്റെ കാര്യത്തിലും കൂടുതൽ പണം വിനിയോഗിക്കേണ്ടതായി വരും. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ 10 കോടി രൂപയുടെ ഒരു പദ്ധതി ബോർഡു് ആവിഷ്കരിക്കുകയും ആ 10 കോടി ഉറപ്പിക പ്രധാനമായും കടമിനത്തിൽ വാങ്ങി നടത്താൻ നിർബന്ധിതരായിരിക്കുകയുമാണു്. നേരത്തെ ഗ്രാന്റായിട്ടു് സഹായം ചെയ്യണമെന്നു് ഇലക്ട്രിസിറ്റി ബോർഡു് കൺസൾട്ടേറ്റീവു് കേന്ദ്രക്കമ്മിറ്റി കേന്ദ്രഗവണ്മെന്റിനോടു് ശുപാർശ ചെയ്തിരുന്നെങ്കിലും ഗ്രാന്റു നൽകാനുള്ള സാദ്ധ്യത കുറവാണെന്നും അതുകൊണ്ടു് റൂറൽ ഇലക്ട്രിഫിക്കേഷൻ കാർപ്പറേഷനിൽനിന്നോ, എൽ. ഐ സി.യിൽനിന്നോ അല്ലെങ്കിൽ പബ്ലിക്കു് ലോൺ എടുത്തോ ഈ കാര്യങ്ങൾ നിവ്വഹിക്കണമെന്നുള്ള നിർദ്ദേശമാണു് ഇപ്പോൾ കിട്ടിയിട്ടുള്ളതു്. അതുകൊണ്ടാണു് കുറഞ്ഞതു് 10 കോടി ഉറപ്പികയെങ്കിലും നമുക്കു് ഈ അടുത്ത ഒന്നരണ്ടു വർഷത്തിനകം കടമെടുക്കേണ്ടതായി വരുമെന്നു പറഞ്ഞിരിക്കുന്നതു്. മറ്റു രീതിയിൽ സംസ്ഥാനത്തു് റൂറൽ ഇലക്ട്രിഫിക്കേഷൻ ആരംഭിക്കാൻ സാധാരണഗതിയിൽ നടക്കുന്ന ട്രാൻസ്മിഷന്റെ കാര്യത്തിലും ഡിസ്ട്രിബ്യൂഷന്റെ കാര്യത്തിലും വേണ്ടത്ര പണം വിനിയോഗിക്കാത്തതുകൊണ്ടു് ഒരു ബുദ്ധിമുട്ടിൽ വന്നുനിൽക്കുകയാണു്. ഇന്നും വളരെയേറെ അപേക്ഷകളും പല ഭാഗത്തുനിന്നും കിട്ടുന്നുണ്ടു്. എന്നാൽ ആ ഭാഗങ്ങളിലേക്കു് നീട്ടാൻ വിഷമമായിരിക്കുന്നതു് ട്രാൻസ്മിറർ ലൈൻ സ്ട്രെംഗ്തൻ ചെയ്യുന്നതിനാവശ്യമായ നടപടികളും എടുക്കാൻ കഴിയാത്തതുകൊണ്ടാണു്. കേരളത്തിലൊട്ടാകെതന്നെ നമുക്കു് ഈ ഡിസ്ട്രിബ്യൂഷൻ കാര്യത്തിൽ പുരോഗതി ഉണ്ടാകണമെന്നുവരികിൽ കാര്യമായ നിക്ഷേപം ഉണ്ടായേ മതിയാവൂ. ഈ പ്രമേയത്തിനു് പല ഭേദഗതികളും ബഹുമാനപ്പെട്ട പല മെമ്പറന്മാരിൽനിന്നും വന്നിട്ടുണ്ടു്. അതിലൊന്നു് ഇതു് 12 കോടിയായി ഫുരുക്കണമെന്നുള്ളതാണു്. അതു് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. മാണിയുടെ നിർദ്ദേശമാണു്. അദ്ദേഹം ഈ നിർദ്ദേശം വച്ചപ്പോൾ ഇതിന്റെ ആവശ്യകത എത്രയുണ്ടെന്നു മനസ്സിലാക്കിയിട്ടില്ലെന്നാണു് എനിക്കു തോന്നുന്നതു്. അദ്ദേഹത്തെ പിൻതാങ്ങിക്കൊണ്ടു് മറ്റൊരു മെമ്പറും 12 കോടി എന്നു തന്നിരുന്നു. രണ്ടുകോടി രൂപ കൂടുതൽ ലഭിക്കാനുള്ള പരിപാടിയാണു് ഇതിലുള്ളതു്. ഇന്നു് നമ്മളെടുത്തിട്ടുള്ള വക്കുകളും ഇനിയും എടുക്കാനുള്ള വക്കുകളും കണക്കാക്കിയാൽ രണ്ടുകോടി ഉറപ്പിക കൂടുതൽ കിട്ടുന്നതുകൊണ്ടു് നാം ഉദ്ദേശിക്കുന്ന രീതിയിലുള്ള വികസനം സാദ്ധ്യമല്ലെന്നു വരും. അതുപോലെ മറ്റു ചില ബഹുമാനപ്പെട്ട അംഗങ്ങളും 15 കോടി രൂപയായി വർദ്ധിപ്പിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

മതിയെന്നു പറഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ ഉദ്ദേശിച്ചിട്ടുള്ള റൂറൽ ഇലക്ട്രിഫിക്കേഷൻ പദ്ധതി അനുസരിച്ചുതന്നെ 10 കോടി ഉറപ്പിക വേണ്ടിവരും. അതുകൊണ്ട് ഈ രീതിയിൽ പരിമിതപ്പെടുത്തുന്നതു് നിർഭാഗ്യകരമായിരിക്കുമെന്നു ഞാൻ ബഹുമാനപ്പെട്ട മെമ്പറന്മാരെ ഓർമ്മിപ്പിക്കുന്നു. അതേയവസരത്തിൽ മറ്റു് ഒന്നരണ്ടു ബഹുമാനപ്പെട്ട അംഗങ്ങൾ ഇതു് 25 കോടിയായി വർദ്ധിപ്പിക്കണമെന്നു ഭേദഗതി നൽകിയിട്ടുണ്ട്. ഇങ്ങനെ 25 കോടി ആവശ്യപ്പെടാത്തതു് പണം കിട്ടിയാലും അതുപയോഗിക്കാനുള്ള മെഷിനറി വേണമല്ലോ. അതുകൊണ്ടു് ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടു് 10 കോടി ഉറപ്പിക ക്ലൂടതൽ അതായതു് 20 കോടിയായി ലിമിറ്റു വച്ചാൽ അതുകൊണ്ടു് നാമാഗ്രഹിക്കുന്ന രീതിയിൽ വിഷമം കൂടാതെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാമെന്നാണു് എന്റെ വിശ്വാസം.

അതു മാത്രവുമല്ല ഈ പദ്ധതികളും വിശേഷിച്ചും റൂറൽ ഇലക്ട്രിഫിക്കേഷന്റെ കാര്യത്തിൽ ഒരു പുതിയ സമീപനമാണു് ഗവണ്മെന്റും ബോർഡും ആഗ്രഹിക്കുന്നതു്. അതായതു് വൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത ജോലികളും കുഴികളും കുഴിക്കുക, തൂണുകളും കൊണ്ടുപോവുക ഇങ്ങനെയുള്ള കാര്യങ്ങളും പഞ്ചായത്തുകളും ഉത്സാഹപൂർവ്വം ഏറ്റെടുക്കുകയാണെങ്കിൽ അതു് ബോർഡിന്റെ ചെലവു കുറയ്ക്കുകയും കുറക്കാൻ കഴിയുകയും ചെയ്യാം. ഞാൻ കണക്കുകൂട്ടുന്ന രീതിയിൽ 10 മുതൽ 15 ശതമാനംവരെ ചെലവു് ഈ ഇനത്തിൽ നിന്നു കുറയ്ക്കാൻ കഴിയുമെന്നു് പ്രതീക്ഷിക്കുന്നുണ്ടു്. ഇന്നു് ബാങ്കുകളും ദേശസാൽക്കരിച്ചിരിക്കുന്ന സാഹചര്യത്തിൽ ദേശസാൽക്കരിക്കപ്പെട്ട ബാങ്കുകളിലെ പണം പ്രത്യുൽപ്പാദനപരമായ കാര്യങ്ങൾക്കു് വിനിയോഗിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണെന്നു് പ്രഖ്യാപിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ ഇത്തരം പദ്ധതികൾക്കു്, റൂറൽ ഇലക്ട്രിഫിക്കേഷൻ പദ്ധതികൾക്കു് 10 കോടി രൂപ വിനിയോഗിക്കണം. എന്നാൽ നമ്മുടെ നാട്ടിന്റെ വികസനത്തിനും വികസനത്തിനും വേണ്ടി പ്രയോജനപ്പെടുമെന്നാണു് എന്റെ വിശ്വാസം.

[Deputy Speaker in the Chair]

ശ്രീ. കെ. കരുണാകരൻ : ഇപ്പോഴത്തെ എടുത്തിട്ടുള്ള ലോണിനു് കൊടുക്കുന്ന പലിശ നിരക്കു് എന്താണു് ? ഇനി എടുക്കാൻ പോകുന്ന ലോണിന്റെ പലിശ നിരക്കു് എന്താണു് ; ഇങ്ങനെ എടുക്കുന്ന ലോണിന്റെ പലിശ തിരിച്ചടക്കാൻ സാധിക്കുമോ ? എൽ. ഐ. സി. യിൽനിന്നെടുക്കുന്ന ലോണിന്റെ പലിശ നിരക്കെന്താണു്. ഈ കാര്യങ്ങളെ സംബന്ധിച്ചിത്തോളം കൂടി പറയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : 1959-ൽ എടുത്തിട്ടുള്ള ലോൺ മെച്ചപ്പെടുന്നതു് ഈ ഒക്ടോബറിലാണു്. 1968-ൽ എടുത്തിട്ടുള്ളതു് 1975-ലാണു് മെച്ചപ്പെടുന്നതു്. എൽ. ഐ. സി. യിൽ നിന്നെടുത്തിട്ടുള്ള ലോൺ ആണ്ടോടാണ്ടു് തവണകളായി തിരിച്ചു അടക്കേണ്ടതാണു്. ഒരു തവണ അടച്ചുകഴിഞ്ഞു. പലിശ നിരക്കിനെപ്പറ്റിയുള്ള വിവരം നിർഭാഗ്യവശാൽ ഇപ്പോൾ കൈവശമില്ല. ഡിസ്കഷൻ തീരുന്നതിനുമുമ്പു് വേണമെങ്കിൽ പറയാം. ഏതായാലും അവരുമായി ഇതേപ്പറ്റി വിലപേശി പലിശനിരക്കു് കുറയ്ക്കേണ്ടതായി വരും.

ശ്രീ. കെ. ഐ. രാജൻ : സർ, ഒരു ചോദ്യം.

ഡെ. സ്പീക്കർ ; അതിനു പിന്നെ സമയം കിട്ടും.

**Shri K. M. Mani** : I move the following amendment :—"In the last paragraph of the resolution, delete the word "twenty", and substitute the word "twelve"

സർ, ഈ പ്രമേയത്തെ മുഴുവനായി എതിർക്കണമെന്നു് വാസ്തവത്തിൽ എനിക്കു ഗ്രഹമുണ്ടായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവരുന്നതു് അത്യാവശ്യമാണെന്നു പറഞ്ഞു. അതുകൊണ്ടു് മുഴുവൻ എതിർക്കുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതു കൊണ്ടാണു് 12 കോടി എന്നു് ഒരു ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്. ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരാൻ എന്നെ പ്രേരിപ്പിച്ച കാര്യങ്ങളും പലതാണു്. ബഹുമാനപ്പെട്ട മന്ത്രി തന്നിട്ടുള്ള വിശദീകരണ നോട്ടു് വായിച്ചാൽ വളരെ ഭംഗിയുള്ളതാണു്. ഗാന്ധിശതാബ്ദി ആഘോഷത്തോടനുബന്ധിച്ചു് നമ്മുടെ സംസ്ഥാനത്തു് 300 ഗ്രാമങ്ങളും 200 കേന്ദ്രങ്ങളും വൈദ്യുതീകരിക്കുന്നതിനുവേണ്ടി വലുതായിട്ടുള്ള ഒരു സംഖ്യ ആവശ്യമാണെന്നും, ആ സംഖ്യക്കുവേണ്ടി ഇതു് കടമെടുക്കണമെന്നുമാണു്. അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കാർക്കും യാതൊരെതിർപ്പും ഇല്ല. ഗാന്ധിജിയുടെ ദിനത്തിലാകട്ടെ മറേതെങ്കിലും ദിവസത്തിലാകട്ടെ ഏതായാലും ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തു് പ്രകാശമില്ലാത്ത എല്ലാ ഗ്രാമങ്ങൾക്കും പ്രകാശം നൽകുക എന്നതുള്ളതു് ഇലക്ട്രിസിറ്റി ബോർഡിന്റെ ലക്ഷ്യമാണു്. അതിനുവേണ്ടി പ്രവർത്തിക്കേണ്ടതാണു്. ഒരു പ്രത്യേകദിനത്തിനു മുമ്പു് ഗ്രാമങ്ങളും, കുറെ കേന്ദ്രങ്ങളും വൈദ്യുതീകരിക്കുന്നു എന്നു പറയാമെങ്കിലും മൊത്തത്തിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ ഉദ്ദേശം തന്നെ അതാണു്. ഇതു ഭേദിച്ചു ഒരു കടമെടുത്തു് ഇലക്ട്രിസിറ്റി ബോർഡിനെ ഏൽപ്പിച്ചാൽ ആ തുക വേണ്ടവിധം വിനിയോഗിച്ചുകൊണ്ടു് അതിനുള്ള ഫലം ഈ രാജ്യത്തിനു് ലഭിക്കുമോ എന്നു് ഞങ്ങൾക്കു് വളരെയധികം ആശങ്കയുണ്ടു്. പൂവ്വുകാലാനുഭവം കൊണ്ടു് വളരെയധികം ആശങ്കയുണ്ടു്. അതിന്റെ വെളിച്ചത്തിലാണു് ഒരു മേജറായിട്ടുള്ള ശസ്ത്രക്രിയക്കുശേഷം മാത്രമേ ഇനി എന്തെങ്കിലും ഭാരം ഇലക്ട്രിസിറ്റി ബോർഡിന്റെ മേൽ വലിച്ചു വയ്ക്കാവൂ എന്നു് ഞങ്ങൾ അഭിപ്രായപ്പെട്ടതു്. സർ, ഇലക്ട്രിസിറ്റി ബോർഡു് നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമാണു്. ഇത്രമാത്രം മുതൽമുടക്കുള്ള മറ്റൊരു പൊതുമേഖലാ സ്ഥാപനമില്ല. അതിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ 112 കോടി രൂപയും നമ്മുടെ കേരള സർക്കാർ കടമായി കൊടുത്തിരിക്കുന്നതാണു്. കടമായി കൊടുത്തിരിക്കുന്ന ഈ സംഖ്യയുടെ പലിശ മുഴുവൻ ഗവണ്മെന്റിലേക്കു് അടച്ചു തീർക്കാൻ ബോർഡിനു കഴിഞ്ഞിട്ടുണ്ടോ? ഇതു് ചിന്തിക്കേണ്ട ഒരു വിഷയമാണു്. ഈ 112 കോടി രൂപയുടെ പലിശ അടച്ചു തീർക്കാൻ ബോർഡിനു കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. എം. മാണി : സർ, എന്റെ അറിവു ശരിയാണെങ്കിൽ ലക്ഷക്കണക്കിനു രൂപ, ഏകദേശം 25 ലക്ഷത്തിൽപരം രൂപ പലിശയിനത്തിൽ ബോർഡു് ഗവണ്മെന്റിലേക്കു് പലിശ കൊടുത്തുതീർക്കാനിരിക്കുകയാണു്. ഇനി ലൈഫ്ഇൻഷ്വറൻസു് കോർപ്പറേഷനിൽനിന്നാകട്ടെ മറേതെങ്കിലും ഏജൻസിയിൽ നിന്നാകട്ടെ ഒരു കടം എടുത്താൽ ആ കടത്തിന്റെ പലിശ അടയ്ക്കാനുള്ള ശേഷിയെങ്കിലും ഇലക്ട്രിസിറ്റി ബോർഡിനു് ഉണ്ടെന്നു തെളിയിക്കാത്തിടത്തോളം കാലം ഇതുപോലെയുള്ള കൂടുതൽ കൂടുതൽ കടം വാങ്ങിക്കാൻ നാം അനുവാദം കൊടുക്കുന്നതു് കൂടുതൽ ദുർവിനിയോഗം ചെയ്യാനുള്ള അവസരം സൃഷ്ടിക്കുകയായിരിക്കുമെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

സർ, ഈ 112 കോടി രൂപയോളം മുതൽമുടക്കുള്ള ബോർഡിനെ സംബന്ധിച്ചിടത്തോളം വരുമാനമെന്താണു്? അതിന്റെ റിട്ടേൺ എന്താണെന്നു പരിശോധിക്കുകയാണെങ്കിൽ വാസ്തവത്തിൽ ആശ്ചര്യകരമായിരിക്കും. 1966-67-ൽ 3·54 ആയിരുന്ന റിട്ടേൺ 1967-68 ആയപ്പോഴേയ്ക്കും 2.47 ആയി. വളരെ വമ്പിച്ച ആദായം ഇലക്ട്രിസിറ്റിബോർഡിനു് ഉണ്ടാക്കാൻ കഴിയുമായിരുന്നതു് അവരുടെ ഭാവനാശൂന്യത കൊണ്ടു്, ബോർഡിന്റെ അലസത കൊണ്ടു്, ബോർഡിന്റെ കാര്യക്ഷമതയില്ലായ്മ കൊണ്ടു് ഇല്ലാതാക്കിയെന്നു മാത്രമല്ല ഈ ബോർഡു് ഈ രാജ്യത്തെ ഒരു ശാപമായിത്തീർന്നിരിക്കുകയുമാണു്. ഞാനിതു് മനസ്സാക്ഷിയെ മറച്ചുവച്ചു സംസാരിക്കുകയല്ല, വേദനാകരണ്ടു് സംസാരിക്കുകയാണു്. ഈ ബോർഡിനു് ഇത്രമാത്രം കടം എടുക്കേണ്ടിവന്നതു് എന്തുകൊണ്ടാണു്? ബോർഡിനു് ഉണ്ടാകാമായിരുന്ന വരുമാനം ഇല്ലാതാക്കി ബോർഡിനെ കടത്തിലാക്കിയ ചില സാഹചര്യങ്ങളുണ്ടു്. ആ സാഹ



LIBRARY ARCHIVES Kerala Legislative Assembly

ചര്യങ്ങളും ഉന്മൂലനം ചെയ്യാത്ത കാലത്തോളം അവർ ആവശ്യപ്പെട്ടപോലെയെല്ലാം വളരെ ഉദാരമനസ്കനായ ബഹുമാനപ്പെട്ട മന്ത്രി വളരെ വേഗത്തോടുകൂടി ബോർഡിലേക്ക് പണം കൊടുത്താൽ അതു് വളരെയധികം അപകടം സൃഷ്ടിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്. ഈ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ശങ്കരൻ കമ്മീഷന്റെ റിപ്പോർട്ടു് ഈ നിയമസഭയുടെ മേശപ്പുറത്തു വച്ചിട്ടുള്ളതാണു്. ശങ്കരൻ കമ്മീഷന്റെ റിപ്പോർട്ടിൽത്തന്നെ ബോർഡിൽ നടന്നിട്ടുള്ള കുംഭകോണങ്ങളും കൊള്ളരുതായ്മകളും എന്തെല്ലാമെന്നു രേഖപ്പെടുത്തിയിട്ടുണ്ടു് അതായതു് സ്റ്റാൻഡിംഗ് ഓർഡറുകളും മറ്റു വ്യവസ്ഥകളും വിരുദ്ധമായി കോൺട്രാക്ടുകളും നൽകുകയും നിയമവിരുദ്ധമായും അവിഹിതമായും ഭീമമായ സംഖ്യ കോൺട്രാക്ടർമാർക്കു് അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടെന്നു് ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയോടു ഞാൻ ചോദിക്കുകയാണു്. അതിനെപ്പറ്റി ചോദ്യം ഉണ്ടായിരുന്നുവെങ്കിലും ഇന്നു് ഉത്തരം കിട്ടേണ്ടതു് വേറൊരു ദിവസത്തിലേക്കു് മാറ്റിവച്ചിരിക്കുകയാണു്. ശങ്കരൻകമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചു എന്നു ഞാൻ ചോദിക്കുകയാണു്. എന്തെങ്കിലും ഉദ്യോഗസ്ഥന്മാർക്കു് അവരുടെ കാലാവധിക്കു മുൻപു് പിരിഞ്ഞുപോകാൻ സ്വാതന്ത്ര്യം നൽകിയതിൽ കവിഞ്ഞു് എന്തെല്ലാം ശിക്ഷണ നടപടികളും കുറ്റക്കാരുടെ പേരിൽ എടുത്തു എന്നറിയാൻ ഞങ്ങൾക്കു് ഉൽക്കണ്ഠയുണ്ടു്. എടുത്തെങ്കിൽ നല്ല കാര്യമാണു്. അതുപോലെതന്നെ ഈ ബോർഡിനെ സംബന്ധിച്ചിടത്തോളമുള്ള ഒരു റിപ്പോർട്ടു് വന്നിട്ടുണ്ടു്. ബോർഡിന്റെ ചെയർമാനും അക്കൗണ്ടന്റ്സ് മെമ്പർക്കും അവർ റിട്ടയർ ചെയ്തശേഷം മുന്നുകൊല്ലത്തെ മുൻകാലപ്രാബല്യത്തോടുകൂടി പ്രതിമാസം 500 രൂപ അധികശമ്പളം കൊടുത്തുവെന്നും അങ്ങനെ നഷ്ടമുണ്ടാക്കിയെന്നും 1969-ലെ ഓഡിറ്റു് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. റിട്ടയർ ചെയ്തുപോയ വ്യക്തികൾക്കു് റിട്ടയർ ചെയ്തതിനു ശേഷം പൂർവ്വകാലപ്രാബല്യത്തോടുകൂടി ശമ്പളം വർദ്ധിപ്പിച്ചുകൊണ്ടു് അനേകായിരം രൂപ ബോർഡിനു നഷ്ടമുണ്ടാക്കിയിട്ടുണ്ടെന്നും 1969-ലെ ഓഡിറ്റു റിപ്പോർട്ടിൽ പറയുന്നുണ്ടു്. ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുകയാണു്. കടമെടുക്കണമെങ്കിൽ കടമെടുക്കണം. പക്ഷേ ഒരു കാര്യം അനുസരിക്കണം. ഈ ഇലക്ട്രിസിറ്റിബോർഡിൽ ഒരുദ്യോഗസ്ഥപ്പെരുമ്പായുണ്ടു്. കുറിയടി, ഇട്ടക്കി പദ്ധതികൾക്കുവേണ്ടി മാത്രം 2,000 രൂപ ശമ്പളമുള്ള രണ്ടു ചീഫ് എഞ്ചിനീയർമാർ, 1,500 രൂപ ശമ്പളമുള്ള 9 സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, 1,000 രൂപ ശമ്പളമുള്ള 25 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ 750 രൂപ ശമ്പളമുള്ള നൂറു് അസിസ്റ്റന്റു എഞ്ചിനീയർമാർ, 500 രൂപ ശമ്പളമുള്ള 300 ജൂനിയർ എഞ്ചിനീയർമാർ പിന്നെ ഇവരെ ചുറ്റിപ്പറ്റിയുള്ള മറ്റുദ്യോഗസ്ഥന്മാർ ഇങ്ങനെ വളരെയധികം ഉദ്യോഗസ്ഥന്മാരുണ്ടു്. ഇത്രമാത്രം ഭീമമായ ശമ്പളം വാങ്ങിക്കുന്ന ഒരുദ്യോഗസ്ഥപെരുമ്പടമറ്റെവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാണു്. ശ്രീ. പി. എസ്. പത്മനാഭന്റെ റിപ്പോർട്ടിൽത്തന്നെ ഈ ഉദ്യോഗസ്ഥപെരുമ്പടയെ വിമർശിച്ചിട്ടുള്ളതാണു്. സർക്കാരിന്റെ ഖജനാവിൽനിന്നും കടമെടുക്കുന്നതിന്റെ പ്രധാനഭാഗം ഉദ്യോഗസ്ഥന്മാർക്കാണു കൊടുക്കുന്നതെന്നും അതുകൊണ്ടു് അധികപ്പറ്റായ ഉദ്യോഗങ്ങൾ റിഡക്ഷൻ ചെയ്യണമെന്നും ശ്രീ. പി. എസ്. പത്മനാഭന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. എന്നാൽ ശ്രീ. പി.എസ്. പത്മനാഭന്റെ റിപ്പോർട്ടു സമർപ്പിച്ചതിനുശേഷവും ഇലക്ട്രിസിറ്റിബോർഡിൽ നിയമനങ്ങൾ നടത്തിയിട്ടില്ലേ എന്നു ഞാൻ ചോദിക്കുകയാണു്.

ഇലക്ട്രിസിറ്റി ബോർഡിൽ ഉദ്യോഗസ്ഥന്മാർ അധികപ്പറ്റാണെന്നും അതുകൊണ്ടു് പല ഉദ്യോഗങ്ങളും അവസാനിപ്പിക്കണമെന്നും ശ്രീ. പി. എസ്. പത്മനാഭന്റെ റിപ്പോർട്ടിൽ പറഞ്ഞതിനു ശേഷവും 1800 രൂപ ശമ്പളമുള്ള ഒരു ചീഫ് കൺസ്ട്രക്ഷൻ എഞ്ചിനീയറെയും 1500 രൂപ ശമ്പളമുള്ള സിവിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ രണ്ടുപേരെയും, 1200 രൂപ ശമ്പളമുള്ള സിവിൽ

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയർമാർ നാലുപേരെയും നിയമിച്ചിരിക്കുകയാണു്. ഏതു് അന്വേഷണ കമ്മീഷൻ എന്തു ശുപാർശ ചെയ്താലും അതിനെയെല്ലാം അതിലംഘിച്ചുകൊണ്ടു് പതിനായിരക്കണക്കിനു് ശമ്പളം പറ്റുന്ന ഉദ്യോഗങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണു്. ശബരിഗിരി പ്രോജക്ടുമായി ബന്ധിച്ചിടത്തോളം പി. എസ്. പത്മനാഭന്റെ റിപ്പോർട്ടിൽ 35-ാമത്തെ പേജിൽ പറയുന്നുണ്ടു്. പല പദ്ധതികളുടെയും പ്രവർത്തനം പൂർത്തിയായതുകൊണ്ടു് അവിടെ സ്റ്റാഫു് ആവശ്യമില്ല. അവരെ മറ്റു സ്ഥലത്തേയ്ക്കു തിരിച്ചുവിടേണ്ടതാണു്. ശബരിഗിരി പദ്ധതി പൂർത്തിയായ ശേഷം അവിടെയുള്ള ഉദ്യോഗസ്ഥന്മാർക്കു് ഇടുക്കിയിലേയ്ക്കു പോകാൻ വലിയ പ്രയാസമില്ല. എന്നാൽ ഇടുക്കിയിലേക്കു് വേറെ ഉദ്യോസ്ഥന്മാരെ സൃഷ്ടിക്കുവാൻ പോകുകയാണു്. ശബരിഗിരി പദ്ധതിയുടെ പ്രവർത്തനം അവസാനിച്ചശേഷവും അവരെ മറ്റു സ്ഥലങ്ങളിലേക്കു് അയയ്ക്കാതെ എക്സിക്യൂട്ടീവു് എഞ്ചിനീയർ, അസിസ്റ്റന്റു് എഞ്ചിനീയർ ജൂനിയർ എഞ്ചിനീയർ ഈ നിലകളിലുള്ള ഉദ്യോഗസ്ഥന്മാർ അവിടെ നടക്കുകയാണു്. ബോർഡിന്റെ വരുമാനം മുഴുവൻ ഈ നിലയിൽ വീഴുന്ന ഒരുദ്യോഗസ്ഥപെരുമ്പറയെ വച്ചുകൊണ്ടിരിക്കുവാൻ നിവൃത്തിയില്ല. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കാം. 60 ശതമാനം ജനറേഷനുവേണ്ടിയും 40 ശതമാനം ട്രാൻസ്മിഷനുവേണ്ടിയുമാണു ചെലവു ചെയ്യുന്നതു്. നമ്മുടെ പ്രോജക്ടുകളിൽ 75 ലക്ഷം ഉല്പാദനശേഷിയുണ്ടു്. എന്നാൽ നാം വിനിയോഗിക്കുന്നതു് വെറും 40 ലക്ഷം യൂണിറ്റാണു്. ബാക്കി പകുതിയോളം ഭാഗം ദുർവിനിയോഗം ചെയ്യുകയാണു്. ജനറേറു ചെയ്യുന്ന ഇലക്ട്രിസിറ്റി മുഴുവൻ ദുർവിനിയോഗം ചെയ്തുകൊണ്ടു് ഗ്രാമപ്രദേശങ്ങളെ ഇലക്ട്രിഫൈ ചെയ്യുവാൻ ബോർഡിനുകഴിയുകയില്ല. കണക്ഷനുകൊടുക്കാൻപോലും കഴിവില്ലാത്ത ബോർഡിനെ പിരിച്ചുവിടണം സർ. ഇപ്പോഴത്തെ ഉപയോഗിക്കുന്ന 40 ലക്ഷം യൂണിറ്റു് കഴിച്ചു് ബാക്കിയുള്ളതും ഉപയോഗിച്ചിരുന്നെങ്കിൽ ഒരു യൂണിറ്റിനു് 5 പൈസ വച്ചു് പ്രതിവർഷം 5 കോടിരൂപയുടെ ലാഭം ബോർഡിനു് ഉണ്ടാകുമായിരുന്നു. ബോർഡിന്റെ ഭാവനാശൂന്യതകൊണ്ടു് ഒരു ദിവസം ഏതാണ്ടു് ഒന്നര ലക്ഷം രൂപ നഷ്ടപ്പെട്ടുത്തിക്കൊണ്ടിരിക്കുകയാണു്. നമ്മുടെ ഉൽപ്പാദന ശേഷി മുഴുവൻ വിനിയോഗിക്കാത്തതുകൊണ്ടു് പ്രതിവർഷം 5 കോടി രൂപ നഷ്ടപ്പെടുന്നുണ്ടു്. ഉള്ള ഉൽപ്പാദനശേഷി മുഴുവനും ഉപയോഗപ്പെടുത്താൻ കഴിയാത്ത ബോർഡ പിരിച്ചുവിട്ടു പുതിയ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണു്. ഉൽപ്പാദിപ്പിക്കുന്നവിദ്യുച്ഛക്തി മുഴുവൻ കാര്യമായി വിനിയോഗിക്കുന്നതിനുള്ള കഴിവും തന്റേടവും ഈ ബോർഡിനു വേണം. എന്നാൽ ഈ നിലയിലുള്ള ധൂർത്തിന്റെ ഫലമായ, തികഞ്ഞ അവഗണനയുടെ ഫലമായി സർക്കാരിൽനിന്നും കിട്ടിയ കടം മുഴുവൻ ചെലവഴിച്ചശേഷം അതിനു പലിശപോലും കൊടുക്കാൻ നിവൃത്തിയില്ലാത കഴിയുന്ന ഇലക്ട്രിസിറ്റി ബോർഡിനു് 10 കോടി രൂപകൂടി കടം നൽകണമെന്നു പറഞ്ഞുകൊണ്ടു് ശ്രീ. എം. എൻ. ഗോവിന്ദൻനായർ നടത്തിയ പ്രസംഗത്തെ അഭിമുഖീകരിച്ചാൽ അതിനെ മുഴുവനായി സ്വീകരിക്കാൻ നിവൃത്തിയില്ല സർ. നോമിനലായി ഒരു രണ്ടു കോടി രൂപ അനുവദിക്കാൻ ഞങ്ങളും അനുകൂലിക്കുന്നു. അതുകൊണ്ടു് ഇതൊന്നു പുനഃപരിശോധിക്കണമെന്നും എന്റെ ഭേദഗതി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ഐ. രാജൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണു്.

"In the last paragraph of the resolution delete the word "twenty" and substitute the word "Fifteen" എനിക്കു മുൻപു സംസാരിച്ച ശ്രീ. കെ. എം. മാണി ഈ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും പറയുകയുണ്ടായി. ഈ പ്രശ്നം വായിച്ചു നോക്കുകയും അവസരത്തിൽ ഒരു നല്ല പദ്ധതിയാണെന്നും ഇതിനുവേണ്ടി പണം അനുവദിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

തെറ്റില്ലെന്നുമുള്ള അഭിപ്രായമാണു് ആദ്യം എനിക്കുണ്ടായിരുന്നതെങ്കിലും ഈ രംഗത്തെ ജീവനക്കാരുടെയിടയിൽ കുറെ വർഷങ്ങളായി പ്രവർത്തിക്കുന്ന ഒരു പ്രവത്തകനെന്നുള്ള നിലയിൽ ഈ ബോർഡിന്റെ ഒട്ടാകെയുള്ള പ്രവത്തനത്തിൽ എനിക്കുള്ള അമർഷം രേഖപ്പെടുത്താൻ വേണ്ടിയാണു് 20 കോടി രൂപ ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചപ്പോഴും അതിൽ നിന്നും കുറെ രൂപ കുറച്ചുകൊണ്ടു് ഞാൻ എന്റെ ഭേദഗതി കൊടുത്തിട്ടുള്ളതു്. ഇതിൽനിന്നു തന്നെ ബോർഡിന്റെ പ്രവത്തനത്തിൽ അങ്ങേയറ്റത്തെ അമർഷം എന്നെ സംബന്ധിച്ചിടത്തോളം ഉണ്ടെന്നുള്ളതു് വളരെ വ്യക്തമാണു്. കൂടുതലായി ഇനിയും കടമെടുക്കുന്നതിനു് ബോർഡിനു് അനുമതി കൊടുക്കണമെന്നാവശ്യപ്പെടുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു പോലെ കഴിഞ്ഞകാലങ്ങളിലും കടമെടുത്തു പ്രവത്തിച്ചിട്ടുള്ള ഈ ബോർഡ്, 112 കോടി രൂപ കടം എടുത്തിട്ടുള്ള ഈ ബോർഡ് അതെങ്ങനെ വിനിയോഗിച്ചു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഒന്നു് ആലോചിക്കണമെന്നാണു് എന്റെ അഭിപ്രായം. ബോർഡിനെപ്പറ്റിയുള്ള എല്ലാ കാര്യങ്ങളും നിരത്തിവയ്ക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ സഭാതലത്തിലും വെളിയിലും വളരെയധികം ഒച്ചപ്പാടുകളും ഉണ്ടാക്കിയിട്ടുള്ള ഒരു പ്രശ്നമാണു് ഇടുക്കി പ്രശ്നം. ഇടുക്കിയിലെ കോൺട്രാക്ടർമാർ ആയിരിക്കുന്ന ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻസ് കമ്പനിയുമായി ബോർഡ് ഉണ്ടാക്കിയിരിക്കുന്ന കരാർ നോക്കിയാൽ ആധുനിക യുഗത്തിൽ, ഏതെങ്കിലും ഒരു സ്ഥാപനം ഇതുപോലെയുള്ള ഒരു കരാർ ഉണ്ടാക്കുമോ എന്ന സംശയം ഉണ്ടാകും. തൊഴിൽത്തർക്കങ്ങളും അതേത്തുടർന്നു് തൊഴിൽ സമരങ്ങളും ഉണ്ടാകുകയാണെങ്കിൽ അതിന്റെ നഷ്ടപരിഹാരം ബോർഡു് കൊടുത്തുകൊള്ളാമെന്നു് എഴുതി ഒപ്പിട്ടു കൈമാറിയ ഒരു കരാർ ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻസ് കമ്പനിയുടെ കൈയിൽ ഉള്ളതുകൊണ്ടാണു് എന്നുമെന്നും അവിടെ ഈ കുഴപ്പമുണ്ടാകുന്നതു്. ഇക്കാര്യത്തിൽ മാർക്സിസ്റ്റുകാരുടെ മേലെ മേക്കിട്ടു കയറിയിട്ടു് കാര്യമില്ല എന്നാണു് എനിക്കു് പറയുവാനുള്ളതു്. കാരണം ഇതൊരു ആധുനികയുഗമാണു്, തൊഴിലാളികളും സംഘടിക്കുകയും അവകാശങ്ങൾക്കുവേണ്ടി കൂട്ടായി വിലപേശുകയും ചെയ്യും. എന്നിട്ടും അവകാശങ്ങളും കിട്ടിയില്ലെങ്കിൽ ഈ രാജ്യത്തു് നിയമപരമായി പണിമുടക്കുന്നതിനുള്ള അവകാശമുണ്ടു്. അങ്ങനെ തൊഴിലാളി പണിമുടക്കുമ്പോഴും അതുകൊണ്ടുണ്ടാകുന്ന നഷ്ടപരിഹാരം ബോർഡു് കൊടുത്തുകൊള്ളാമെന്നു് കരാർ ഉണ്ടാക്കിയതിന്റെ ഫലം എന്താണെന്നു് നാമെല്ലാം മനസ്സിലാക്കിക്കഴിഞ്ഞിട്ടുള്ളതാണു്. നിസ്സാരമായ കാര്യങ്ങൾപോലും അംഗീകരിച്ചു കൊടുക്കാൻ തയ്യാറാകാതെ ധിക്കാരപരമായ രീതിയിൽ കോൺട്രാക്ടർമാർ പ്രവത്തിച്ചിട്ടുള്ളതിന്റെ ഫലമായിട്ടാണു് ഇടുക്കി പദ്ധതിയുടെ പ്രവത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തതു്. അങ്ങനെ നോക്കുമ്പോൾ ഈ പ്രശ്നത്തിൽ ബോർഡു് വടികൊടുത്തു് അടി വാങ്ങിക്കുന്ന ഒരേർപ്പാടാണു് ചെയ്തിട്ടുള്ളതെന്നു കാണാം. അതുപോലെതന്നെ മറ്റു പദ്ധതികളുടെ കാര്യവും. കുറിയാടി പദ്ധതിയുടെ പ്രവത്തനം എന്തുകൊണ്ടാണു് നടക്കാത്തതു്. അവിടെയുള്ള കോൺട്രാക്ടറുമായി ഈ ബോഡു് വഴക്കിലാണു്. കോൺട്രാക്ടർമാരുടെ ടേംസ് ബോർഡു് അംഗീകരിക്കാതെ മറ്റു രീതിയിൽ പ്രവത്തിക്കുന്നതിന്റെ ഫലമായി കുറിയാടി പ്രോജക്ടിന്റെ പ്രവത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ല. കുളമാവു ഡാമിന്റെ പ്രവത്തനം നിത്തിവക്കാനുണ്ടായ കാരണങ്ങളും നാമെല്ലാം മനസ്സിലാക്കിയിട്ടുള്ളതാണു്. ഈ ബോർഡ് കോൺട്രാക്ടർമാരുടെ നിർദ്ദേശങ്ങൾക്കു് കീഴങ്ങിക്കൊണ്ടു് പ്രവത്തിക്കുന്നതിന്റെ ഫലമായിട്ടു് ഗവണ്മെൻറിൽനിന്നും മറ്റു സ്ഥാപനങ്ങളിൽനിന്നും കിട്ടുന്ന പണം ദുർവിനിയോഗം ചെയ്യുകയാണു്. അതുകൊണ്ടു് ഇനിയും ഈ ബോർഡിന്റെ കൈയിൽ കോടിക്കണക്കിനു രൂപ കൊടുക്കുകയാണെങ്കിൽ ദുർവിനിയോഗം ചെയ്യുമെന്നുള്ളതിനെ മുൻനിത്തിയാണു് ഈ കടമെടുപ്പിൽ ഒരു ഗവട്ടിക്കുറവു വേണമെന്നു ഞാൻ നിർദ്ദേശിച്ചിട്ടുള്ളതു്. ഈ ബോർഡിന്റെ പ്രവത്തനത്തെപ്പറ്റി പല അവസരങ്ങളിലും ഇവിടെ പൊന്തിവന്നിട്ടുള്ള ചർച്ചയും അതിനെത്തുടർന്നു് നിയമിതനായ കമ്മീഷന്റെ റിപ്പോർട്ടും എല്ലാമുണ്ടു്. എന്റെ സ്നേഹിതൻ ശ്രീ. മാണി സുചി

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ചതുപോലെ ബോർഡിന്റെ പ്രവർത്തനം എങ്ങോട്ടാണ് നയിക്കുന്നത് എന്നു് ആ റിപ്പോർട്ടിൽ വളരെ വ്യക്തമായിപറഞ്ഞിട്ടുണ്ടു്.

ആ കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുള്ള അഴിമതികളെ സംബന്ധിച്ചിടത്തോളം യാതൊരു നടപടിയും സ്വീകരിച്ചു കാണാത്തതിൽ അതു തുടർന്നുപോകുവാൻ അനുവദിച്ചിരിക്കുകയാണോ എന്ന സംശയം എന്നിൽ ജനിപ്പിക്കുകയാണു്. ഈ
10 A.M. അഴിമതികളെ സംബന്ധിച്ചിടത്തോളം നടപടികളും സ്വീകരിക്കേണ്ടതു് അത്യാവശ്യമാണെന്നു് ഈ നിയമസഭാ തലത്തിൽതന്നെ അഭിപ്രായങ്ങളും ഉയർന്നുവരികയും ഈ ബോർഡുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ജീവനക്കാരും അവരുടെ സംഘടനകളും അഭിപ്രായങ്ങളും ഉയർത്തുകയും ചെയ്തിട്ടും യാതൊരു നടപടിയും നടത്താൻ തയ്യാറാകാത്തതിൽ എനിക്കുള്ള അമർഷം ഞാൻ രേഖപ്പെടുത്തുകയാണു്.

ശ്രീമാൻ മാണി സംസാരിച്ച അവസരത്തിൽ ഈ ഡിപ്പാർട്ടുമെൻറിലെ ജീവനക്കാർക്കു് വളരെയധികം ആനുകൂല്യങ്ങളും വാരിക്കോരിക്കൊടുക്കുന്നു എന്നു് പറയുകയുണ്ടായി. ആ അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നില്ല. മറ്റു സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന താഴെക്കിടയിലെ ജീവനക്കാക്കു് കിട്ടുന്ന ആനുകൂല്യങ്ങളും ഈ സ്ഥാപനത്തിലെ അതേവിഭാഗം ജീവനക്കാക്കു് കിട്ടുന്നില്ലെന്നുള്ള അഭിപ്രായമാണു് എനിയ്ക്കുള്ളതു്. വലിയ വലിയ ഉദ്യോഗസ്ഥന്മാക്കു് കൊടുക്കുന്നുണ്ടായിരിക്കാം. പക്ഷെ, താഴെക്കിടയിൽ പണിയെടുക്കുന്ന ആളുകൾക്കു് ആ വിധത്തിലുള്ള ആനുകൂല്യങ്ങളൊന്നുംതന്നെ ലഭിക്കുന്നില്ലെന്നാണു് എന്റെ അഭിപ്രായം. ഈ കാര്യത്തിൽ സഹകാര്യ മുതലാളിമാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന സമീപനത്തേക്കാൾ മോശമായ സമീപനമാണു് ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതു്. ഈ ബോർഡിന്റെ സെറപ്പാകെ അഴിമതിനിറഞ്ഞതാണു്. അഴിമതിയുടെ അഡ്മിനിസ്ട്രേറ്റിവ് സെറപ്പാണു് ഈ ബോർഡിൽ ഉള്ളതെന്നും അതുകൊണ്ടു് ഈ തുക അനുവദിക്കുന്ന അവസരത്തിൽ അതു ഭർവിനിയോഗം ചെയ്യാതിരിക്കുവാനുള്ള നടപടികളും സ്വീകരിക്കണമെന്നും ഉള്ള അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ടു് എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണു്.

**Shri N. K. Seshan** : Sir, I formally move my amendment.

In the last paragraph of the resolution, in the place of "twenty" insert "twentyfive".

സർ, ഇപ്പോൾ ബഹുമാനപ്പെട്ട വിദ്യുച്ഛക്തിമന്ത്രി അവതരിപ്പിച്ചിട്ടുള്ള ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള 20 കോടി എന്ന ബോറോയിംഗ് ലിമിറ്റ് 25 കോടി ആക്കണമെന്നാണു് എന്റെ ഭേദഗതിവഴി ഞാൻ നിർദ്ദേശിക്കുന്നതു്. അതിനു പല കാരണങ്ങളുമുണ്ടു്. നമ്മുടെ നാലാം പഞ്ചവത്സര പദ്ധതിയിൽ നാം പല പദ്ധതികൾക്കും ആവശ്യപ്പെട്ടിട്ടുള്ളതു് 460 കോടി രൂപ്പികയാണു്. അതിൽ 117 കോടി രൂപ്പിക വിദ്യുച്ഛക്തിയുടെ പല പദ്ധതികൾക്കായും വിനിയോഗിക്കുന്നതിനു് നീക്കിവയ്ക്കപ്പെട്ടിട്ടുള്ളതാണു്. അതിൽ 45 കോടിയോളംവരുന്ന ഇടുക്കി പദ്ധതിയും 8 കോടിയോളംവരുന്ന എടമലയാർ പദ്ധതിയും ഉൾപ്പെടുന്നു. 106 കോടി നിലവിലുള്ള പദ്ധതികളും പൂർത്തിയാക്കാനുള്ള സാമ്പത്തികചെലവു് എന്നുള്ള നിലയിൽ, നാം വകയിരുത്തിയിരിക്കുകയാണു്. ഇതുംകഴിഞ്ഞു് ബാക്കിയുള്ള 11 കോടി രൂ. യുള്ളതു് പുതിയ രണ്ടു പദ്ധതികൾക്കു് വകയിരുത്താൻപോകുന്നു എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഇതു പാണ്ടിയൻ–പുന്നപ്പുഴ, കക്കാട്ടു് മുതലായവയാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അപ്പോൾ 460 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ചതിൽ 117 കോടി രൂ.യും വിദ്യുച്ഛക്തിക്കു വേണ്ടിയാണു് നാം നീക്കിവച്ചിട്ടുള്ളതു്. അതായതു് ആകെയുള്ള പദ്ധതിയുടെ 25 ശതമാനത്തോളം നാം വിദ്യുച്ഛക്തിയെന്നുള്ള ഒരൊറ്റ ഇനത്തിനുവേണ്ടി, അല്ലെങ്കിൽ നല്ല ഒരു ശതമാനം ഈ വിദ്യുച്ഛക്തി ഉല്പാദന വിതരണ പ്രവർത്തനങ്ങൾക്കുവേണ്ടി, നീക്കി

LIBRARY ARCHIVES Kerala Legislative Assembly

വക്കാൻ തയ്യാറായിരിക്കുന്ന എന്നാണു് ഇതു സൂചിപ്പിക്കുന്നതു്. എന്നാൽ കേന്ദ്ര ഗവണ്മെൻറു് ഈ പദ്ധതി കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തോടു കാണിക്കുന്ന തുടർച്ചയായ അവഗണനയുടെ ഒരു ഭാഗമെന്ന നിലയ്ക്കു് ഈ 460 കോടി രൂ. നാലാം പദ്ധതിയ്ക്കു് ഒട്ടാകെ അനുവദിച്ചുതരുമെന്നു് വിശ്വസിക്കാൻ നിവൃത്തിയില്ല. 460 കോടി എന്നതു മാറ്റി 250–260 കോടി രൂപയായി നമ്മുടെ പ്ലാൻ വിഹിതം നിജപ്പെടുത്തപ്പെടുമെന്നു് പല സൂചനകളും ലഭിച്ചിട്ടുണ്ടു്. പത്രവാർത്തകളും ആ സൂചനകളെ ബലപ്പെടുത്തുന്നവയാണുതാനും. 460 കോടി രൂപയെന്നുള്ളതിൻറെ അടിസ്ഥാനത്തിൽ 117 കോടി രൂപ നാം നീക്കിവച്ചു. എന്നാൽ 250 കോടി രൂപാ മാത്രമാണു് നാലാം പഞ്ചവത്സര പദ്ധതിയിൽ വകയിരുത്തുകയെന്നു വരുമ്പോൾ ഈ 117 കോടിയിൽ വളരെയധികം വെട്ടിക്കുറവു ചെയ്യേണ്ടിവരും. ഈ 117 കോടിയിൽ ഏതെങ്കിലും വെട്ടിക്കുറവു് നമുക്കു ചെയ്യേണ്ടിവന്നാൽ നാം ഉദ്ദേശിച്ച തരത്തിലുള്ള വൈദ്യുതീകരണ പരിപാടികളും വേണ്ടവിധത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയില്ലെന്നുള്ളതു് വളരെ വ്യക്തമാണു്. അതുകൊണ്ടു് 460 കോടിയിൽ 250 കോടിമാത്രം നമുക്കു തന്നാൽ ഉണ്ടാകാവുന്ന വൈഷമ്യങ്ങളും 117 കോടിയിൽ തദനുസരണമായുണ്ടാവുന്ന വെട്ടിക്കുറയ്ക്കലുംമൂലമുണ്ടാകുന്ന വൈഷമ്യങ്ങളും കണക്കിലെടുത്തുകൊണ്ടു്, അങ്ങനെ വെട്ടിക്കുറയ്ക്കലുകളുണ്ടായാലും കൂടുതൽ പണം ഈ ആവശ്യത്തിനു ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ 20 കോടി രൂപയുടെ ബോറോയിംഗ് ലിമിറ്റു് 25 കോടിയായി വർദ്ധിപ്പിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നതു്.

സർ, ഇതു് 25 ആക്കണമെന്നു് ഞാൻ പറയാൻ കാരണം മറെറാന്നുകൂടിയാണു്. ഈ സ്റ്റേറിൽ പല പദ്ധതികളും ഇന്നു നടപ്പാക്കേണ്ടതായിട്ടുണ്ടു്. ഇങ്ങനെ പറയുന്നകൂട്ടത്തിൽ, 106 കോടി രൂപയുടെ എക്സ്റ്റിംഗ് പദ്ധതികളുണ്ടു്, 11 കോടി രൂപയുടെ പുതിയ പദ്ധതികളുണ്ടു്, എന്നാൽ നേരത്തെ സൂചിപ്പിച്ചതുപോലെ, ഇൻഡ്യാ ഗവണ്മെൻറിൽനിന്നും കിട്ടാൻപോകുന്നതു് നാം ഉദ്ദേശിച്ചതിനെക്കാൾ കുറഞ്ഞതുകയാണു്, അതുകൊണ്ടു് നമ്മുടെ ഈ പദ്ധതികളും ഏതായാലും നിറുത്തിവയ്ക്കാൻ സാദ്ധ്യമല്ല. അപ്പോൾ 20 കോടി എന്നുള്ളതു് വർദ്ധിപ്പിച്ചു് 25 കോടി ആക്കിയാൽ അതുകൊണ്ടെങ്കിലും നമുക്കു് കൂടുതൽ പദ്ധതികളും ഏറെറടുത്തു നടത്താൻ സാധിക്കുമല്ലോ എന്നുള്ളതുകൊണ്ടാണു് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നതു്. ഈ 20 കോടി 25 ആക്കണമെന്നു പറയുമ്പോൾ അതിൻറെ സാംഗത്യത്തെപ്പററി ചോദിച്ചാൽ എനിക്കു് ഒന്നും പറയാൻ സാധിക്കുകയില്ല. 20 കോടിക്കുള്ള ഒരു പ്രമേയം അവതരിപ്പിക്കുകയും കേന്ദ്രത്തിൽനിന്നുള്ള സഹായം കിട്ടാനുള്ള സാദ്ധ്യത കുറയുകയും ചെയ്തിരിക്കുന്നതുകൊണ്ടു് പണമുണ്ടാക്കാനുള്ള സാഹചര്യം 20 കോടി എന്നു ലിമിറുചെയ്തുകൊണ്ടു് അടഞ്ഞുപോകരുതു് എന്നു കരുതിയാണു് ഞാൻ ഇങ്ങനെ പറയുന്നതു്. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി 20 കോടിയെന്നുള്ളതു് 25 കോടിയെന്നു് വികസിപ്പിക്കുന്നതിനുള്ള ഈ ഭേദഗതി സ്വീകരിക്കണമെന്നു് എനിക്കു് അഭ്യർത്ഥനയുണ്ടു്.

സർ, അതിൻറെ കൂട്ടത്തിൽ ഒരു കാര്യംകൂടി പറയാതിരിക്കാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മാണിയും കെ. ഐ. രാജനുമൊക്കെ ഈ ഇലക്ട്രിസിറ്റി ബോർഡിൻറെ പ്രവർത്തനത്തെ വളരെ നിശിതമായി വിമർശിക്കുകയുണ്ടായി. ആ വിമർശനങ്ങളിൽ ഞാനും പങ്കുചേരുന്നു. ഈ കേരളാ സ്റ്റേറു് ഏലക്ട്രിസിറ്റി ബോർഡ് ഗവണ്മെൻറിൻറെ കീഴിലുള്ള ഒരു സ്ഥാപനമല്ല, ഗവണ്മെൻറിനോടൊപ്പമുള്ള ഒരു പാരലൽ സ്ഥാപനമല്ല; നേരെമറിച്ചു് ഗവണ്മെൻറിനുമേലുള്ള ഒരു സൂപ്പർ സ്ഥാപനമായിട്ടാണു് പ്രവർത്തിച്ചുവരികയാണു് എന്നു് പറയാൻ ഞാൻ ആഗ്രഹിക്കുകയാണു്. ജനറേഷൻറെ കാര്യത്തിലും ട്രാൻസ്മിഷൻറെകാര്യത്തിലും ഡിസ്ട്രിബ്യൂഷൻറെ കാര്യത്തിലും ഈ ഇലക്ട്രിസിറ്റി ബോർഡുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ കാര്യങ്ങളിലും ബഹുമാനപ്പെട്ട മന്ത്രിയുടെ നല്ല ലക്ഷ്യങ്ങളുണ്ടായാലും അപകടപ്പെടുത്തുമാറു് പല സന്ദർഭങ്ങളിലും ഈ ബോർഡ് പ്രവർത്തിച്ചിട്ടുള്ളതായി എടുത്തുപറയാൻ സാധിക്കും. ഈ വക ആക്ഷേപങ്ങളും ഈ നിയമസഭയിൽതന്നെ ഇതിനുമുമ്പും പല തവണ [illegible]

LIBRARY ARCHIVES Kerala Legislative Assembly

വളരെയധികം ആക്ഷേപം ഉന്നയിക്കപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് രണ്ടു മൂന്ന് അന്വേഷണ കമ്മീഷനുകളെ വച്ചത്. ആ അന്വേഷണ കമ്മീഷനുകളുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള അഭിപ്രായങ്ങളും പലതും ഇനിയും നടപ്പാക്കപ്പെട്ടിട്ടില്ല അവയിൽ പലതും നടപ്പാക്കുന്നതാണെന്നും നമുക്ക് ഉറപ്പു തന്നിട്ടുണ്ട്, ഈ നിയമസഭാ തലത്തിൽ വച്ചതന്നെ. ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലും മറ്റും പറഞ്ഞിട്ടുള്ള കാര്യങ്ങളും വച്ചുകൊണ്ട് നടപടികളും സ്വീകരിക്കാൻ ഉടനടി തയ്യാറാകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങനെ ഈ ബോർഡിന്റെ പ്രവർത്തനം വളരെയധികം മെച്ചപ്പെടുത്തിനും എടുക്കുന്ന ലോണിന്റെ ഓരോ പൈസക്കും അങ്ങനെയാരെത്ത നീതീകരണമുണ്ടാക്കുമാറ് അതിന്റെ പ്രവർത്തനം നന്നാക്കുമെന്നു ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുകയാണ്.

മറ്റൊരു കാര്യമുള്ളത് ഈ എലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തിലുള്ള വേസ്റ്റേജാണ്. ജനറേഷൻ പോയിന്റുമുതൽ ഡിസ്ട്രിബ്യൂഷൻ പോയിന്റു വരെ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ടും സാങ്കേതികമായ മറ്റു പ്രവർത്തനങ്ങളുടെ ദോഷംകൊണ്ടും കാൺട്രാക്റ്റർമാക്ക് അനർഹമായ സഹായം ചെയ്തുകൊടുക്കാനുള്ള വ്യഗ്രതകൊണ്ടും വളരെയധികം സാമ്പത്തികമായും മറ്റുമുള്ള വേസ്റ്റേജ് ഈ ബോർഡിനു ഉണ്ടാകുന്നുണ്ട്. കൂടുതൽ വിദ്യുച്ഛക്തി കുറഞ്ഞവിലയ്ക്ക് കൂടുതൽ വ്യവസായ സ്ഥാപനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ സാധിക്കുമെന്നിരിക്കിലും ഈ വേസ്റ്റേജുകാരണം ഇലക്ട്രിസിറ്റി ബോർഡിനു അതിനു കഴിയാതിരിക്കുകയാണ്. അതുകൊണ്ട് ഇത് ഏതു വിഭാഗത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകൊണ്ടായാലും ശരി, ജനറേഷൻ പോയിന്റുമുതൽ ഡിസ്ട്രിബ്യൂഷൻ പോയിന്റു വരെയുള്ള വേസ്റ്റേജ് ഒഴിവാക്കാൻ ആവശ്യമായ നടപടികളും എടുക്കുന്നതിനു ഇനി ഒട്ടും അമാന്തിച്ചുകൂടാ എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പിന്നെ ഒരു കാര്യം എനിക്കു പറയാനുണ്ട്. അതു ശരിയാണോ എന്നു എനിക്കറിഞ്ഞുകൂടാ. കൂടുതൽ ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികളും നമ്മുടെ കൈവശമുണ്ട്. ഈ സ്റ്റേറ്റിന്റെ ആവശ്യത്തിനു മാത്രമല്ല, മറ്റു സ്റ്റേറ്റുകൾക്കു വിൽക്കാനുള്ള ഇലക്ട്രിസിറ്റി കൂടി ഉൽപ്പാദിപ്പിക്കുവാനുള്ള വഴി നമ്മുടെ പദ്ധതികൾക്കു ഇപ്പോൾതന്നെ ഉണ്ട്. കൂടുതൽ പദ്ധതികളും കമ്മീഷൻ ചെയ്യപ്പെട്ട കഴിഞ്ഞാൽ ഇതിലും കൂടുതൽ സാധ്യതകളുണ്ടാകുമെന്നാണു ഞാൻ മനസ്സിലാക്കുന്നതു. അങ്ങനെ വരുമ്പോൾ ഈ സ്റ്റേറ്റു ഇലക്ട്രിസിറ്റിയെ സംബന്ധിച്ചിടത്തോളം സ്വയം പര്യാപ്തമാകുമെന്നു മാത്രമല്ല അതിനു മറ്റു സ്റ്റേറ്റുകൾക്കുകൂടി വിദ്യുച്ഛക്തി കൊടുക്കാൻ സാധിക്കും. അതു വളരെ നല്ല ഒരു കാര്യമാണെന്നതിൽ അഭിപ്രായ വ്യത്യാസമില്ല പക്ഷെ, അതുയെല്ലാം ഉൽപ്പാദിപ്പിക്കുന്നതിനു കഴിവുള്ള, ജനറേറ്റു ചെയ്യാൻ കഴിവുള്ള ആ പദ്ധതികളെല്ലാം വേണ്ട വിധത്തിൽ ഉപയോഗിക്കപ്പെടുന്നില്ലെന്നാണു ഞാൻ മനസ്സിലാക്കുന്നതു. അതിന്റെ കാരണങ്ങളെപ്പറ്റി അന്വേഷിച്ചപ്പോൾ അറിഞ്ഞതു ജനറേറ്റുചെയ്യാനും ട്രാൻസ്മിറ്റുചെയ്യാനും സഹായകമായ ഉപകരണങ്ങളും മറ്റുസൗകര്യങ്ങളും കുറവാണു എന്നാണു. അങ്ങനെയാണെങ്കിൽ അതിനുള്ള ഉപകരണങ്ങളും മറ്റു ഏർപ്പാടുകളും ഉണ്ടാക്കുന്നുള്ള തടസ്സം അത്ര വലുതാണെന്നു ഞാൻ വിചാരിക്കുന്നില്ല. കൂടുതൽ ഇലക്ട്രിസിറ്റി ഉല്പാദിപ്പിച്ചാൽ അതു കൂടുതൽ ഗ്രാമങ്ങളിലേക്കു എത്തിക്കാൻ നമുക്കു സാധിയ്ക്കും. കൂടുതൽ വ്യവസായങ്ങൾക്കു കൊടുക്കാൻസാധിക്കും. വ്യവസായവൽക്കരണത്തിന്റെ അതിപ്രധാനമായ ഒരു ഘടകമെന്നുള്ള നിലയ്ക്കു കൂടുതൽ വിദ്യുച്ഛക്തി ഉല്പാദിപ്പിച്ചു അവക്കു നൽകാൻ കഴിഞ്ഞാൽ അതു ഒരു വലിയ കാര്യമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഗവണ്മെന്റിനു കൂടുതൽ ആദായമുണ്ടാകും. ഇലക്ട്രിസിറ്റി ബോർഡിനു ഇന്നു വന്നിട്ടുള്ള സാമ്പത്തിക പരാധീനതയിൽ നിന്നു മോചനമുണ്ടാകും. അതുകൊണ്ട് കൂടുതൽ ജനറേറ്റുചെയ്യാൻ സാധിക്കുമെന്നുള്ള ഇപ്പോഴത്തെ ലക്ഷ്യത്തിലേക്കു എത്താൻ സാധിക്കുമാറു സാങ്കേതികോപകരണങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

മറ്റു് ഏർപ്പാടുകളും ശരിപ്പെടുത്തണമെന്നു് ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണു്. എതായാലും ഇതിന്റെ ലക്ഷ്യം വളരെ നല്ലതാണു്. വെളിച്ചമുള്ള ഗ്രാമത്തിലാണു് ഇൻഡ്യയെ ഗാന്ധിജി കണ്ടെത്തിയതു്. ആ വെളിച്ചമുള്ള ഗ്രാമത്തിൽ ഇൻഡ്യയെ കണ്ടെത്താൻ ശ്രമിച്ച ഗാന്ധിജിയുടെ ജന്മശതാബ്ദി ആഘോഷിക്കുന്ന അവസരത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പരിപാടിക്കു് കൂടുതൽ ലോൺ എടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചതു്. സ്വാഗതാർഹമാണെന്നു് പറഞ്ഞുകൊണ്ടും ആ സംഖ്യ 25 കോടിയായി വർദ്ധിപ്പിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടും ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : സർ, ഇലക്ട്രിസിറ്റി ബോർഡിന്റെ വായ്പാപരിധി 10 കോടി രൂപ കൂടി വർദ്ധിപ്പിക്കണമെന്നു് ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പ്രമേയത്തെ ഒരു ചെറിയ ഭേദഗതിയോടുകൂടി ഞാൻ പിന്താങ്ങുകയാണു്.

I move: 'In the last paragraph of the resolution, for the word "twenty" substitute the word "nineteen".

സർ, ഈ ബോർഡിന്റെ പ്രവർത്തനങ്ങളിലുള്ള ന്യൂനതകളും പരിഹരിക്കുന്നതിനാവശ്യമായ നടപടികളും ഗവണ്മെന്റു് എടുക്കണമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്താനും എത്രയും വേഗം നടപടികളെടുക്കണമെന്നഭ്യർത്ഥിക്കാനും ഉദ്ദേശിച്ചുകൊണ്ടാണു് ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ ഗവണ്മെന്റു് ഇലക്ട്രിസിറ്റി ബോർഡിന്റെ സ്ഥിതിഗതികളെ ആകെ പരിശോധിച്ചു് അതിനുള്ള പല ന്യൂനതകളും പോരായ്മകളും ഈ അസംബ്ലിക്കകത്തും പുറത്തും ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറച്ചുകൂടി കാര്യക്ഷമമായ രീതിയിലും ലാഭകരമായ രീതിയിലും ബോർഡിനെക്കൊണ്ടു് പ്രവർത്തിപ്പിക്കുന്നതിനു് ഉദ്ദേശിച്ചുകൊണ്ടു് രണ്ടു മൂന്നു എൻക്വയറി റിപ്പോർട്ടുകളും വരുത്തിയിട്ടുണ്ടു്. തീച്ചയായും വളരെ സ്വാഗതാർഹമായ ഒരു കാര്യമാണു് അതു്. അതിൽ റിട്ടയർഡ് ചീഫ് ജസ്റ്റിസു് ശങ്കരന്റെ റിപ്പോർട്ടായാലും പത്മനാഭന്റെ റിപ്പോർട്ടായാലും കെ. പി. എസ്. നായരുടെ റിപ്പോർട്ടായാലും എല്ലാം ചേർത്തുകൊണ്ടും എന്ന നിലയ്ക്കു് ഗവണ്മെന്റിന്റെ മേശപ്പുറത്തിരിക്കുന്നു എന്നല്ലാതെ അതുസംബന്ധിച്ചു് കാര്യക്ഷമമായി ഫലപ്രദമായ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ, ആ കാര്യത്തിൽ ഗവണ്മെന്റു് ശ്രദ്ധിച്ചിട്ടുണ്ടോ എന്നു ഞാൻ വളരെയധികം സംശയിക്കുകയാണു്. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തിലെ സാങ്കേതിക വശങ്ങളെപ്പറ്റി അന്വേഷിച്ചു് റിപ്പോർട്ടു സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട കെ. പി. എസ്. നായരുടെ റിപ്പോർട്ടിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ ആസൂത്രണത്തെ സംബന്ധിച്ചതന്നെ വളരെ പ്രകടമായ ഒരു ന്യൂനത ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ശബരിഗിരി പ്രോജക്ടപോലെ കോടിക്കണക്കിനു രൂപ നിക്ഷേപിച്ചിട്ടുള്ള പ്രോജക്റ്റുകളിൽ അവിടെ ഉല്പാദിപ്പിക്കുന്ന കറൻറു മുഴുവൻ വിതരണംചെയ്യാനാവശ്യമായ സൗകര്യങ്ങളില്ലാത്തതിന്റെ ഫലമായി ആ പദ്ധതികൊണ്ടു ഉദ്ദേശിച്ച പ്രയോജനം ലഭിക്കാത്ത സ്ഥിതിയാണു് ഇന്നുള്ളതു്. അതുകൊണ്ടു് ജനറേറിംഗ് കപ്പാസിറ്റി മാത്രം വർദ്ധിപ്പിച്ചാൽ പോരാ ട്രാൻസ്മിഷൻ കപ്പാസിറ്റിയും വർദ്ധിപ്പിക്കണം. അതല്ല ഇപ്പോഴുള്ള സ്ഥിതി തുടരുകയാണെങ്കിൽ ഇപ്പോഴത്തെ പ്രവർത്തനത്തിലിരിക്കുന്ന ഇടുക്കിയിലും കുറ്റ്യാടിയിലും ഇതുതന്നെയായിരിയ്ക്കും ഫലം ഇക്കാര്യം ഗൗരവമായി ഗവണ്മെന്റു് ചിന്തിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുകയാണു്. ഗ്രാമവൈദ്യുതീകരണ പദ്ധതിയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കുറച്ചു സംഖ്യ കടം വാങ്ങണമെന്നുദ്ദേശിച്ചിട്ടുള്ളതു സ്വാഗതാർഹമാണു്. പക്ഷേ ശ്രീമാൻ കെ. പി എസ്. നായരുടെ റിപ്പോർട്ടിൽ ജനറേറിംഗ് കപ്പാസിറ്റിക്കു് എത്ര തുക നീക്കിവക്കുന്നുവോ അത്രയും തുകതന്നെ ട്രാൻസ്മിഷനും നീക്കിവയ്ക്കണമെന്നു പറഞ്ഞിട്ടുണ്ടു്. അതിനൊന്നും പര്യാപ്തമല്ല ഈ സംഖ്യ. മാത്രമല്ല ഗ്രാമവൈദ്യുതീകരണത്തിനുവേണ്ടി മാത്രം സംഖ്യ നീക്കിവച്ചതുകൊണ്ടു് അതു പരിഹരിക്കപ്പെടുന്നുമില്ല. അക്ഷന്തവ്യമായ പല കാലതാമസങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടായാലും ആവശ്യമായ കണക്ഷൻ കിട്ടാതിരിക്കുന്നതിനെ സംബന്ധിച്ച് ആയിരക്കണക്കിനു പരാതികളും ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ ശ്രീമാൻ ശങ്കരന്റെ റിപ്പോർട്ടിൽ ബോർഡ് ചെയർമാൻ അടക്കമുള്ള പല വലിയ ഉദ്യോഗസ്ഥന്മാരും കൺട്രാക്ടറന്മാരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി പലതും ചെയ്തിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ട്, എന്റെ അറിവു ശരിയാണെങ്കിൽ അതിനു ഉത്തരവാദികളായിട്ടുള്ള പല ഉദ്യോഗസ്ഥന്മാരുടെയും പേരിൽ ഭാവിയിൽ യാതൊരു നടപടിയും നടത്താൻ സാദ്ധ്യമല്ലാത്തവിധത്തിൽ അവരെ കാലാവധി തീരുന്നതിനു മുൻപു പെൻഷൻകൊടുത്തു ബോർഡ് സർവീസിൽനിന്നും പിരിയുന്നതിനും മറെറന്തെങ്കിലും ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്. ഇതു ഗവണ്മെൻറല്ല ബോർഡാണു ചെയ്തിട്ടുള്ളതു്. കൺട്രാക്ടർമാർക്കു ലക്ഷക്കണക്കിനു രൂപ ലാഭമുണ്ടാക്കിക്കൊടുക്കുകയും ഒരുപക്ഷെ അതിൽ ഒരു ഭാഗം സ്വയം എടുക്കുകയും ചെയ്തിട്ടുള്ള ഇത്തരത്തിലുള്ള ആളുകളെ കണ്ടുപിടിച്ചു് അവരുടെ പേരിൽ ആവശ്യമായ നടപടികളെടുക്കാൻ ഈ ഗവണ്മെൻറു് മുൻകൈയെടുത്തിട്ടില്ലെന്നാണു് എനിയ്ക്കു് അതിനെ സംബന്ധിച്ചു് പറയാനുള്ളതു്. പത്മനാഭന്റെ റിപ്പോർട്ടിൽ രണ്ടായിരവും ആയിരത്തി ഒരു നൂറും രൂപാ വീതം ശമ്പളം പറ്റുന്ന തലക്കനമുള്ള ഉദ്യോഗസ്ഥന്മാർ വളരെ കൂടുതലാണെന്നു കാണിച്ചിട്ടുണ്ട്. അതുപോലെതന്നെ താഴ്ന്ന നിലവാരത്തിൽ ഉള്ള ഉദ്യോഗസ്ഥന്മാർ അതായതു് റവന്യു പിരിക്കുന്നതിനും കണക്ഷൻ കൊടുക്കുന്നതിനുമുള്ള ഉദ്യോഗസ്ഥന്മാർ കുറവാണെന്നും പരാമർശിച്ചിട്ടുണ്ട്. ആ വസ്തുത പരിഗണിച്ചുകൊണ്ടു് ഉയർന്ന ഉദ്യോഗങ്ങളും കുറയ്ക്കുന്നതിനുള്ള യാതൊരു നടപടിയും ഇതുവരെ എടുത്തിട്ടില്ല. അക്കാര്യത്തിൽ ശ്രീമാൻ മാണി പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണു്. ഒരു പ്രോജക്ടിന്റെ പണി അവസാനിച്ചു കഴിഞ്ഞു പുതുതായി ഒരു പ്രോജക്ടിന്റെ പണി തുടങ്ങുമ്പോൾ പണി അവസാനിച്ചുകഴിഞ്ഞ പ്രോജക്ടിലുള്ള ഉദ്യോഗസ്ഥന്മാരെ അങ്ങോട്ടു മാറുന്നതിനുപകരം അവിടെയും പുതിയ നിയമനങ്ങൾ നടത്തുകയാണു് ചെയ്യുന്നതു്. അതുപോലെതന്നെ അനാവശ്യമായ വിട്ടുവീഴ്ചകൾ കറൻറു ചാർജ്ജു് പിരിക്കുന്നതിൽ ഉണ്ടു്. സർ, ടി. സി. എ. ഗവണ്മെൻറിനുകൂടി താൽപ്പര്യമുള്ള ഒരു സ്ഥാപനമാണു്. സ്വകാര്യവ്യവസായ സ്ഥാപനങ്ങളിൽപോലും വ്യവസായ വളർച്ചയുടെ താല്പര്യം കണക്കിലെടുക്കാതെ കറൻറു ചാർജ് വിട്ടുകൊടുക്കുന്നുണ്ടു്. 1968-69-ൽ ലക്ഷക്കണക്കിനു രൂപ കറൻറു ചാർജ് പിരിഞ്ഞുകിട്ടാനുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഈ രീതിയിൽ കറൻറു ചാർജ് വിട്ടുകൊടുക്കുന്നതു് ആരാണെന്നും എന്തിനുവേണ്ടിയാണെന്നും പരിശോധിച്ചു് അതിൽ അവിഹിതമായ കാര്യം വല്ലതുമുണ്ടെങ്കിൽ ഗവണ്മെൻറു് ആവശ്യമായ നടപടികളെടുക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ഇക്കാര്യങ്ങളിൽ വേണ്ട സത്വര നടപടികളും സ്വീകരിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

**Shri P. Unnikrishna Pillai:** I move: 'In the last paragraph of the resolution, for the word "twenty" substitute the word "thirty".

സർ, ഈ തുക 30 കോടിയായി വർദ്ധിപ്പിക്കണമെന്നുള്ളതാണു് എന്റെ ഭേദഗതി. എനിക്കു മുൻപു സംസാരിച്ച ബഹുമാനപ്പെട്ട സുഹൃത്തുക്കളും സ്വീകരിച്ച സമീപനമല്ല എനിക്കു് ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഉള്ളതു്. കാർഷികാഭിവൃദ്ധിക്കു വേണ്ടി ഈ തുക വിനിയോഗിക്കുമെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഗ്രാമീണ വൈദ്യുതീകരണവും അതിൽകൂടി കാർഷികാഭിവൃദ്ധിയും ലക്ഷ്യമാക്കിയുള്ള നടപടിയെന്ന നിലയിൽ ഒരു സാധാരണക്കാരനെന്നുള്ള നിലയാണു് കൂടുതൽ തുക ഇതിനുവേണ്ടി വിനിയോഗിക്കുന്നതു തെറ്റാകുകയില്ലെന്നുള്ള ധാരണയിലെത്താൻ എന്നെ പ്രേരിപ്പിച്ചതു്. സർ, ഇന്നു് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം നൂറുശതമാനവും അനുകൂലമാണെന്നു് എനിക്കഭിപ്രായമില്ല. കഴിഞ്ഞ കാലങ്ങളിൽ ഇലക്ട്രിസിറ്റി ബോർഡ് എങ്ങനെ പ്രവർത്തിച്ചു എന്നും



LIBRARY ARCHIVES Kerala Legislative Assembly

പുതുതായി കൂടുതൽ തുക വേണ്ടിവരുമ്പോൾ കഴിഞ്ഞകാല പ്രവർത്തനങ്ങളെപ്പറ്റി സാമാന്യമായി വിമർശന ബുദ്ധിയോടുകൂടിത്തന്നെ ഒരു പരിചിന്തനം ആവശ്യമായി വരുമെന്നുമൊക്കെ എനിക്കറിയാം. എങ്കിലും പുതുതായി മുന്നോട്ടു വച്ചിരിക്കുന്ന പദ്ധതി എത്രമാത്രം ജനോപകാരപ്രദമാണെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നത്". സർ, ഇന്നു വൈദ്യുതി കാർഷിക പുരോഗതിയുടെ പ്രധാന വിലങ്ങുതടിയായി നിൽക്കുന്നുണ്ട് എന്നുള്ള വസ്തുത മനസ്സിലാക്കേണ്ടതുണ്ട്. കേരളത്തിന്റെ പല ഭാഗങ്ങളിലും ഗ്രാമീണ വൈദ്യുതീകരണം നടപ്പിലായിട്ടുണ്ടെന്നുള്ള വസ്തുത സമ്മതിച്ചാൽത്തന്നെയും അതു കാർഷികാവശ്യങ്ങൾക്കു വേണ്ടി എത്രമാത്രം വിനിയോഗിക്കപ്പെടുന്നു എന്നുള്ളതിനെപ്പറ്റി ചിന്തിക്കുമ്പോൾ നാം വളരെ പരിതാപകരമായ നിലയിലാണ് നിൽക്കുന്നതെന്നുള്ള വസ്തുത നാം മനസ്സിലാക്കണം. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ വളരെ തുച്ഛമായ രീതിയിൽ മാത്രമേ ഗ്രാമപ്രദേശങ്ങളിൽ കൃഷികാര്യങ്ങൾക്കുവേണ്ട വൈദ്യുതി കിട്ടുന്നുള്ളു എന്നുള്ളതു് തീർച്ചയായും കാർഷികാഭിവൃദ്ധിയേയും ഗ്രാമങ്ങളുടെ വികാസത്തേയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു ഗവണ്മെൻറിനു ക്ഷ്ണമല്ല. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും കാർഷികാഭിവൃദ്ധിയെ ലക്ഷ്യമാക്കി വൈദ്യുതീകരണം നടപ്പിലാക്കുന്നതിനും ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗം വളരെ അഭിലഷണീയവും സ്വാഗതാർഹവുമാണെന്നു ഞാൻ മനസ്സിലാക്കുന്നതുകൊണ്ടാണ് കൂടുതൽ തുക കൂടി മെടുക്കുന്നതിനു സന്ദർഭം നൽകുമാറു് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നതു്. ഗ്രാമപ്രദേശങ്ങളിൽ കാർഷികാഭിവൃദ്ധിക്കുവേണ്ട വൈദ്യുതി കിട്ടുന്നില്ല എന്നുള്ളതിനെ സംബന്ധിച്ചു് വളരെ ക്ലേശകരമായ ഒരു ചർച്ച ഇതിനോടനുബന്ധിച്ചു് നടത്തണമെന്നുകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുകയാണ്. ഇതു് നിരവധി വർഷങ്ങളായി നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുന്ന ഒരു പദ്ധതിയാണെങ്കിലും അതു ജനങ്ങൾക്കു് ഉപകാരപ്രദമായ രീതിയിൽ നടപ്പിലായിക്കാണുന്നില്ലെന്നുള്ള പരാതികളുണ്ടു്. പഞ്ചായത്തുകൾമുഖേനയായാലും വ്യക്തികൾ മുഖേനയായാലും ഗ്രാമീണവൈദ്യുതീകരണപദ്ധതിക്കുവേണ്ടി അപേക്ഷിച്ചിട്ടുള്ള കടലാസുകൾ പലതും വെളിച്ചം കാണാറില്ലെന്നുള്ള പരാതിയുണ്ടു്. പുറൽ ഇലക്ട്രിഫിക്കേഷൻ സ്കീം നടപ്പിലാക്കുമ്പോൾ പഞ്ചായത്തുകളുടെ ആവശ്യപ്രകാരമായാലും ജനങ്ങളുടെ ആവശ്യപ്രകാരമായാലും ഇന്നു നിലവിലുള്ള ട്രാൻസ്ഫോർമറുകൾ നിർമ്മാജ്ജനം ചെയ്യണമെന്നു ഞാൻ പ്രത്യേകമായി ആവശ്യപ്പെടുകയാണ്. ഇന്നു് തെരുവു് വിളക്കുകൾക്കും വീടുകളിലെ ആവശ്യങ്ങൾക്കും വേണ്ടി ഡിസ്ട്രിബ്യൂഷൻ നൽകുന്ന കാര്യത്തിൽപ്പോലും ഇതു വളരെ ബുദ്ധിമുട്ടു് നിലവിലിരിക്കെ കാർഷികാവശ്യങ്ങൾക്കു വേണ്ടി ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതി നൽകുന്നതിനുള്ള പുതിയ പദ്ധതിയുമായി മുന്നോട്ടുവരുന്ന നമുക്കു് അതു് എത്രയുംവേഗം എത്തിച്ചുകൊടുക്കുന്നതിനാവശ്യമായ പരിപാടികൾ ആസൂത്രണംചെയ്തില്ലെങ്കിൽ എത്ര കോടി രൂപ കടമെടുത്താലും കർഷകനു് അതുകൊണ്ടു് പ്രയോജനമുണ്ടാകുമോ എന്നുള്ള കാര്യത്തിൽ എനിക്കു സംശയമുണ്ടു്. അതുകൊണ്ടു് ഇന്നു നിലവിലുള്ള വൈഷമ്യങ്ങൾ ഇല്ലാതാക്കുന്നതിനു് ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. സർ തുക വർദ്ധിപ്പിച്ച തരണമെന്നു് ആവശ്യപ്പെടുമ്പോൾ ഇലക്ട്രിസിറ്റി ബോർഡ് 100 ശതമാനവും അഴിമതി നിറഞ്ഞതാണെന്നു പറയുന്ന ആരോപണത്തിനു എത്രമാത്രം പ്രസക്തിയുണ്ടെന്നു എനിക്കു മനസ്സിലാകുന്നില്ല. ബോർഡിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ ഡിസ്ട്രിബ്യൂഷന്റെ കാര്യത്തിലായാലും ജനറേഷന്റെ കാര്യത്തിലായാലും എന്തെങ്കിലും കുഴപ്പങ്ങൾ വന്നിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ചു് സൃഷ്ടിപരമായ പ്രസംഗങ്ങൾ നടത്തുന്നതു് ആരോഗ്യകരമാണെങ്കിലും ഇങ്ങനെ സംഹാരാത്മകമായ ഒരു സ്വീപ്പിംഗ് സ്റ്റേറ്റുമെൻറ് നടത്തിക്കൊണ്ടുള്ള പ്രസംഗം എത്രമാത്രം സ്വാഗതാർഹമാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ തുക അനുവദിക്കുമ്പോൾ ഭാവിയിൽ കഴിഞ്ഞകാലങ്ങളിലുണ്ടായിരുന്ന കുഴപ്പങ്ങളേയും തകരാറുകളേയും ഇല്ലാതാക്കണമെന്ന രീതിയിലുള്ള വിമർശനങ്ങൾ സ്വാഗതാർഹ

LIBRARY ARCHIVES Kerala Legislative Assembly

മാണ്; കാർഷികവികസനത്തിനുവേണ്ടിയുള്ള ഈ പുതിയ പദ്ധതിയെ ഞാൻ സ്വാഗതം ചെയ്യുന്നു. അതിനു് നിർലോഭമായി പണം നൽകണമെന്നും കൂടുതൽ കടമെടുക്കുന്നതിനുള്ള സാദ്ധ്യത വർദ്ധിക്കണമെന്നും ഉദ്ദേശിച്ചുകൊണ്ടു് ഞാൻ ഭേദഗതി അവതരിപ്പിക്കുകയാണു്. ഇതു സ്വീകരിക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുന്നു.

ശ്രീ. എ. വി. ആര്യൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണു്.

ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി അവതരിപ്പിക്കേണ്ടതില്ല, സംസാരിച്ചാൽ മതി.

ശ്രീ. എ. വി. ആര്യൻ : സർ, ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ചു് ഇവിടെ ഇതിനുമുൻപു് കുറെ ആരോപണങ്ങളുന്നയിക്കുകയും അതിനെ സംബന്ധിച്ചു് ഒരു അന്വേഷണം നടത്തി റിപ്പോർട്ടു് മേശപ്പുറത്തു വക്കുകയും ചെയ്തിട്ടുണ്ടു്. ആ റിപ്പോർട്ടിനെ സംബന്ധിച്ചുള്ള ചർച്ച നടന്നുകൊണ്ടിരിക്കുമ്പോഴാ അഴിമതിയാരോപണങ്ങൾക്കു വിധേയരായ ആളുകളുടേ പേരിൽ ഒരു മാസത്തിനകം നടപടിയെടുക്കുന്നതാണെന്നു ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പ്രസ്താവിച്ചിട്ടുണ്ടു്. അതനുസരിച്ചു് ഏത്ര ആളുകളുടെ പേരിൽ നടപടിയെടുത്തിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറയാൻ മതിയുമെന്നു ഞാൻ വിശ്വസിക്കുകയാണു്.

സർ, ഇലക്ട്രിസിറ്റി ബോർഡിനുവേണ്ടി ഇത്രയും പൈസ ആവശ്യപ്പെട്ടപ്പോഴും ഒരു കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുകയാണു്. ഈ പണം തരുന്നതിനു് തീർച്ചയായും ബഹുജനങ്ങളും വിസമ്മതിക്കുമെന്നാണു് എന്റെ വിശ്വാസം. കാരണം അനാവശ്യമായി പൊതുജനങ്ങളുടെ പണം ധൂർത്തടിക്കുന്ന ഇത്രയും വൃത്തികെട്ട മറ്റൊരു സ്ഥാപനം കേരളത്തിൽ ഉണ്ടോ എന്നു് ഞാൻ സംശയിക്കുന്നു. ശ്രീമാൻ മാണി പറഞ്ഞതുപോലെ ഈ ബോർഡിനെ പിരിച്ചുവിട്ടിട്ടു് മറ്റു എന്തെങ്കിലും ഏർപ്പാടു് ഉണ്ടാക്കിയില്ലെങ്കിൽ നമ്മുടെ രാജ്യത്തെ ഇലക്ട്രിസിറ്റി ഉപഭോക്താക്കളുടെ കാര്യം വളരെ കഴപ്പത്തിലാകുമെന്നാണു് എന്റെയും അഭിപ്രായം. ഇപ്പോഴത്തന്നെ ഇലക്ട്രിസിറ്റിയുടെ ചാർജ്ജു് കൂട്ടിയിരിക്കുകയാണു്. കൂട്ടിയ ചാർജ്ജിന്റെ ഒരു ചെറിയ ശതമാനം മാത്രമാണു് വലിയ പ്രമാണികളായ ആളുകൾ കൊടുക്കേണ്ടതു്.

അതുപോലെതന്നെ നാട്ടിൽ ഒരു സംസാരമുണ്ടു്. ഇലക്ട്രിസിറ്റി ബോർഡിനുവേണ്ടിയുള്ള ധനാഭ്യർത്ഥനവരുമ്പോഴ ഏതെങ്കിലും എഞ്ചിനീയറുടെയും ചീഫു് എഞ്ചിനീയറുടെയും മക്കൾക്കു് വിവാഹം ഉണ്ടാകാൻ പോകുന്നുണ്ടു് എന്നൊരു സംസാരമുണ്ടു്. ഇങ്ങനെ പൊതുജനങ്ങളുടെ പണം എഞ്ചിനീയറന്മാരുടെ മക്കൾക്കു വിവാഹം നടത്താനും കെട്ടിടം പണിയിച്ചുകൊടുക്കാനും വേണ്ടി ദുർവിനിയോഗം ചെയ്യുന്നുണ്ടെന്നാണു് ജനസംസാരം. എന്റെ ആരോപണം അല്ല സർ, ഇത്രയധികം പൊതുജനങ്ങൾക്കു വിശ്വാസമില്ലാത്ത ഒരു സ്ഥാപനവും കാണുകയില്ല. അങ്ങനെ വിശ്വാസം നഷ്ടപ്പെട്ടതിനു പൊതുജനങ്ങളെ കുറ്റം പറഞ്ഞിട്ടു് കാര്യമില്ല. ഈ റിപ്പോർട്ടിനകത്തുതന്നെ ലക്ഷക്കണക്കിനു ധൂർത്തടിച്ചിട്ടുണ്ടെന്നു പറഞ്ഞിട്ടുള്ള ഏത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടു്. സർ, റിപ്പോർട്ടിൽ വന്നിട്ടുള്ള ആരോപണത്തെക്കുറിച്ചു് ഞാൻ വായിക്കാം.

"This unusual and uncalled for procedure speaks for itself. There appears to have been something shady and suspicious about the whole affair which ultimately resulted in the rejection of the lowest tender and the recommendation of the Chief Engineer and in the award of the contract to higher tenderers L2 and L5 so as to cause extra financial burden to the Board to the extent of several lakhs of rupees."

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷക്കണക്കിനു് രൂപ കൊള്ളയടിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഇന്നു് സക്കാരിന്റെ പെൻഷനും പറ്റി ജീവിക്കുകയാണു്. ഇന്നും ഇത്തരത്തിലുള്ള തട്ടിപ്പും വെട്ടിപ്പുമായി തുടരുന്ന ഒരു സ്ഥാപനമായി ഈ ബോർഡു് അധഃപതിച്ചിരിക്കുകയാണു്. ഒരു സ്ഥലത്തു് ഒരു വഴിയിൽ പത്തു വിളക്കു് വേണമെന്നാവശ്യപ്പെട്ടാൽ 'കാസു് ഉല്ല' കാലു് ഇല്ല, എന്നു പറയുകയും അതു സംബന്ധിച്ചു് ആരെങ്കിലും കാണേണ്ട വിധത്തിൽ കണ്ടാൽ അടുത്ത കാലത്തെങ്ങും ഇലക്ട്രിസിറ്റി കിട്ടാൻ യാതൊരു സാദ്ധ്യതയില്ലാത്ത സ്ഥലത്തുപോലും ഇലക്ട്രിസിറ്റി കിട്ടുകയുംചെയ്യും. ലൈനൊക്കെ വലിച്ചു കഴിഞ്ഞു കണക്ഷൻ കൊടുക്കാത്ത എത്രയോ സ്ഥലങ്ങളുണ്ടു്. സബ് ഡിവിഷൻ മുറക്കു് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ടു്. അതിന്റെ ഉപദേശകസമിതികളിൽ പോകാറില്ല. കാരണം നാണക്കേടാണു് സർ, സമിതി എന്തെങ്കിലും തീരുമാനമെടുത്താൽ തന്നെ ഉദ്യോഗസ്ഥന്മാർ അതു നടപ്പാക്കുകയില്ല. അവിടെ പോയാൽ സബ്ഡിവിഷനിലുള്ള ഉദ്യോഗസ്ഥന്മാരുടെ അഹന്തയെപ്പറ്റി മാത്രമെ കേൾക്കുവാനുള്ളു. ഈ കേരളത്തിൽ ഇതിനകത്തു് വേറെ ഒരു സക്കാർ നടത്തുന്നുവെന്ന ധാരണയാണു് ഉദ്യോഗസ്ഥന്മാർക്കിടയിലുള്ളതു്. അവരെ മാത്രം കുറ്റപ്പെടുത്തുന്നില്ല. എത്ര അഴിമതി ചെയ്താലും അവർക്കു് യാതൊന്നും സംഭവിക്കുന്നില്ല. ജീവിതകാലം മുഴുവൻ ജോലി നോക്കിയാലും കിട്ടാൻ കഴിയാത്ത അത്ര പണവും സമ്പാദിച്ചു പെൻഷൻ ആകുന്നതിനു ഒന്നോ രണ്ടോ വർഷം മുമ്പു മാത്രം നിർബന്ധിത പെൻഷനു് അയക്കുന്ന സമ്പ്രദായമാണു നടന്നുവരുന്നതു്. ആ ഉദ്യോഗസ്ഥന്റെ പേരിൽ എന്തെങ്കിലും വന്നാൽത്തന്നെ അതിനെ തേച്ചുമാച്ചുകളയുന്നതിനു് ആളുകൾ കാണും. ഈ റിപ്പോർട്ടു് വന്നിട്ടു് ആറുമാസമായെങ്കിലും എത്ര ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചിട്ടുണ്ടെന്നു പറയാൻ ധൈര്യമുണ്ടോ? ഈ പുസ്തകം വായിച്ചാൽ വെട്ടിപ്പുകളുടെയും തട്ടിപ്പുകളുടെയും കഥകൾ മാത്രമേയുള്ളു. ഇലക്ട്രിസിറ്റി ചാർജ്ജു് കൂട്ടുന്നതിനു് നിശ്ചയിച്ചിട്ടുള്ളതായി അറിയുന്നു. ജനങ്ങളുടെ അനുഗ്രഹാശിസ്സുകളോടെ ഉയർന്നുവന്നിട്ടുള്ള ഐക്യമുന്നണി മന്ത്രിസഭ എങ്കിലും മിതമായിട്ടുള്ള ചാജ്ജു് അംഗീകരിക്കുന്നതിനുവേണ്ടി പരിശ്രമിക്കണം; പാവപ്പെട്ടവരുടെ കുടിലിൽ പോലും ഇലക്ട്രിസിറ്റി എത്തിക്കുന്നതിനുവേണ്ടി നടപടി എടുക്കുകയാണു് ചെയ്യേണ്ടതു്. എനിക്കു ബഹുമാനപ്പെട്ട മന്ത്രിയോടു് പറയുവാനുള്ളതു്, ഈ വെട്ടിപ്പും തട്ടിപ്പും നടത്തുന്ന ഉദ്യോഗസ്ഥന്മാർക്കു് ഒന്നു കടിഞ്ഞാണിടണമെന്നാണു്. നമുക്കാണെങ്കിൽ നമ്മുടെ ആവശ്യത്തിൽ കവിഞ്ഞു് മറ്റു സ്റ്റോറുകളിലേക്കു് വിൽക്കാൻ വേണ്ടത്ര ഇലക്ട്രിസിറ്റിയുണ്ടു്. അതുകൊണ്ടു് ഇലക്ട്രിസിറ്റിയുടെ ചാജ്ജു് കുറച്ചിട്ടുമാത്രമെ ഈ പണം ആവശ്യപ്പെടാവൂ എന്നാണു് എനിക്കു പറയാനുള്ളതു്. ഈ റിപ്പോർട്ടിനെ സംബന്ധിച്ചു് ഒരു ചർച്ച നടത്തണം. ഏതു ഉദ്യോഗസ്ഥന്റെ പേരിൽ എന്തൊക്കെ നടപടിയെടുത്തു എന്നു ഈ സഭയിൽ പറയാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

In the last paragraph of the resolution, delete the word "twenty" and substitute in its place the word "fifteen".

നമ്മുടെ സ്റ്റേറ്റു ഗവണ്മെൻറിൽനിന്നും 112 കോടി രൂപ കടം കൊടുത്തിരുന്ന ഒരു സ്ഥാപനമാണു് ഇതു്. ആ സ്ഥാപനത്തിൽ നിന്നുള്ള അതിന്റെ പലിശപോലും ഗവണ്മെൻറിലേക്കു കൊടുക്കാൻ കഴിയാതെ ഇരിക്കുമ്പോൾ സ്വാഭാവികമായും കുറെക്കൂടി വിശദമായി കാര്യം വ്യക്തമാക്കിക്കൊണ്ടുള്ള ഒരു നോട്ടു് ബഹുമാനപ്പെട്ട മന്ത്രി തരേണ്ടതായിരുന്നു. അതു ഉണ്ടായില്ല. അതു സംബന്ധിച്ചു് ഈ സഭയിൽത്തന്നെ പല കാര്യങ്ങളും പൊന്തിവന്നിട്ടുണ്ടു്. ഒന്നു രണ്ടു കാര്യങ്ങളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു.

ഇലക്ട്രിസിറ്റി ബോർഡ് ഈ ഗവണ്മെൻറിന്റെ ഒരു മുടിഞ്ഞനായ പുത്രനാണോ എന്ന സംശയിക്കേണ്ടിയിരിക്കുന്നു. മുടിയനായ പുത്രൻ കിട്ടുന്ന പണം മുഴുവൻ വാങ്ങി ഇഷ്ടംപോലെ ചെലവാക്കിയിട്ട് വരുമ്പോൾ വീണ്ടും കൊടുക്കുന്നതിനു ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നു പറയുമ്പോൾ, ഈ സഭയുടെ മുമ്പിൽ വന്നിട്ടുള്ള മൂന്നു റിപ്പോർട്ടുകളുണ്ട്, ഒന്നു കെ. പി. എസ്. നായരുടെ റിപ്പോർട്ട്. ആ റിപ്പോർട്ടിൽ പ്രധാനമായി പ്രതിപാദിക്കുന്നത് പ്രോജക്ടുകൾ പ്ലാൻ ചെയ്യുമ്പോൾ ആ പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന ഇലക്ട്രിസിറ്റി വിതരണം ചെയ്യുന്നതിനു നേരത്തെ കൂട്ടി പ്ലാൻ ചെയ്യുന്നില്ലെന്നാണ്. അതിനെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന റിപ്പോർട്ട് നമ്മുടെ മുമ്പിലുണ്ട്, രണ്ടാമത്തേത് ശ്രീ. പി. എസ്. പത്മനാഭൻ സമർപ്പിച്ച റിപ്പോർട്ടാണ് അതിൽ ഉദ്യോഗസ്ഥന്മാരെ അമിതമായി വച്ചിരിക്കുന്നതിനെ സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മൂന്നാമത്തെ റിപ്പോർട്ടിൽ ബോർഡിന്റെ കീഴിൽ നടന്ന അതിഭയങ്കരമായ അഴിമതിയും കൊള്ളയും തുറന്നുകാണിക്കുന്നുണ്ട്. ആ റിപ്പോർട്ടും ഗവണ്മെൻറിന്റെ മുമ്പിലുണ്ട്. സർ, ഈ മൂന്നു റിപ്പോർട്ടുകളും കിട്ടിയതിനുശേഷം എന്തു നടപടി എടുത്തിട്ടുണ്ട്? ഈ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ ഈ ഗവണ്മെൻറ് ഒന്നുകിൽ അംഗീകരിക്കുന്നുണ്ട്, അല്ലെങ്കിൽ അംഗീകരിക്കുന്നില്ല എന്നു പറയണം. എന്തു നടപടിയാണു എടുക്കുന്നതെന്നു വ്യക്തമാക്കണം. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന അഴിമതികൾ നടത്തിയ ഉദ്യോഗസ്ഥന്മാർക്കെതിരായി കാര്യമായ നടപടികൾ ഉണ്ടായിട്ടില്ല. ആ ഉദ്യോഗസ്ഥന്മാരിൽ പല ആളുകളും പെൻഷൻ പറ്റി പിരിഞ്ഞുപോയി. പെൻഷൻപറ്റി പിരിഞ്ഞതിനുശേഷം നടപടിയെക്കുറിച്ചു ചിന്തിച്ചിട്ട് കാര്യമില്ല.

അതുപോലെതന്നെ ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന, കഴപ്പുങ്ങളെപ്പോലും കാണിച്ചിട്ടുള്ള കൺട്രാക്ടർമാരിൽ ഒറ്റയൊരാളെപ്പോലും ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയതായി കാണുന്നില്ല. സർ, ഈ റിപ്പോർട്ടിലെ 97-ം 98-ം പേജുകളിലേക്ക് ഈ സഭയുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നതു "This can be the only explanation for the boldness with which similar misdeeds were perpetrated by the present Chief Engineer and the Chairman even during the continuance of the present Enquiry, in the matter of securing the contract for the Tailrace Tunnel at Idikki for their favourite contractor Shri C. N. George". ഇങ്ങനെ നോക്കുമ്പോൾ കഴപ്പു കാണിച്ചുവെന്നു പറയുന്ന കൺട്രാക്ടർമാർക്ക് കൺട്രാക്ട് കൊടുക്കുന്നതിനു ധൈര്യം കാണിച്ചുവെന്നു ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിൽ പ്രത്യേകം എടുത്തുകാണിച്ചിരിക്കുകയാണ്. അതിൽ മറ്റൊരു ഭാഗത്തു പറഞ്ഞിരിക്കുന്നതു, "Similarly, civil action can also be instituted against such officers for recovery of the amounts lost to the Board on account of their wrongful and unjustifiable actions". ഈ രണ്ടു കാര്യത്തിലും കാര്യമായതൊരു നടപടിയും എടുത്തിട്ടില്ല. അതുകൊണ്ട് ഈ പണം കൺട്രാക്ടർമാർക്ക് കൂടുതൽ സമ്പാദിക്കുവാനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കുന്നതിനു മാത്രമാണ് പ്രയോജനപ്പെടുന്നതു. എനിക്കു പറയാനുള്ളതു ഈ റിപ്പോർട്ടിന്റെ പേരിൽ എന്തു നടപടി എടുക്കുന്നു എന്നു ബഹുമാനപ്പെട്ടമന്ത്രി ഈ സഭയെ അറിയിക്കണം.

ഒരൊറ്റ കാര്യം കൂടി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ശബരിഗിരി പ്രോജക്ടിന്റെ ടെണ്ടർ കൊടുത്തതു എന്തു വ്യവസ്ഥയിലായിരുന്നു? ഫാറിൻ എക്സ്ചേഞ്ച് ആവശ്യമുള്ള സാമഗ്രികൾ വാങ്ങിച്ചു കൊടുക്കാനുള്ള ഉത്തരവാദിത്വം ബോർഡ് ഏറ്റെടുക്കുമെന്നും കാൺട്രാക്ടിൽ വ്യവസ്ഥയുണ്ടായിരുന്നു. അതിനാവശ്യമായ പണം കൺട്രാക്ടർക്ക് കൊടുക്കും. എന്നാൽ എത്രയാണ് 6 കോടിയോളം രൂപയ്ക്കുള്ള സാധനങ്ങൾ ബോർഡു് അഡ്വാൻസായി കൊടുത്തു ഫാറിൻ എക്സ്ചേഞ്ച് വേണ്ട സാധനങ്ങൾ വാങ്ങിച്ചിട്ടുണ്ട്. (ഇതു് ചൂണ്ടിക്കാണിക്കു

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടിട്ടുണ്ട്. അതിനെത്തുടർന്ന് ചീഫ് അക്കൗണ്ടന്റിനെ സ്ഥലംമാറ്റിയിട്ടുമുണ്ട്.) ഈ വാങ്ങിയ സാധനങ്ങൾ അഡ്വാൻസായി കൺട്രാക്ടറെ ഏല്പിച്ചു. കൺട്രാക്ടർക്ക് പിന്നീട് കൊടുക്കേണ്ടതിന്റെ ബില്ലിൽ ഡിഡക്റ്റുചെയ്യാമെന്ന വ്യവസ്ഥയിലാണ് ഏല്പിച്ചത്. അതിനുശേഷം ഇതേ മെഷീനറികളുടെ ജാമ്യത്തിൽ ലോൺ കൊടുത്തിട്ടുണ്ട്. ബോർഡിന്റെ ചെലവിൽ വെളിയിൽനിന്ന് വാങ്ങിയ അതേ സാധനങ്ങൾ ബോർഡിനു ജാമ്യംവച്ച് കൺട്രാക്ടർ പണം വാങ്ങി. ഒരു പൈസ കൺട്രാക്ടർക്ക ചെലവില്ല. അതുകൊണ്ടാണ് വളരെ ഗൗരവമായി ഇതുപരിഗണിക്കണമെന്നു പറയുന്നത്. ശ്രീ മാണി ഒരു നിർദ്ദേശം വച്ചു, ബോർഡു പിരിച്ചുവിടണമെന്ന്. പക്ഷേ അതുകൊണ്ടുമാത്രം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ല. എങ്ങനെ മാറ്റം വരുത്താമെന്നാലോചിക്കണം. മാറ്റം വരുത്താനുള്ള ഉദ്ദേശത്തോടുകൂടിചെയ്യണം. ഒരു ബോർഡു പിരിച്ചുവിട്ടാൽ വേറെ ഒരു ബോർഡു വരും. അതുകൊണ്ട് ഓരോ മെംബറുടെയും ഉത്തരവാദിത്വങ്ങളെസംബന്ധിച്ചും അതുപോലെതന്നെ കൺട്രാക്റ്റുവ്യവസ്ഥകളെസംബന്ധിച്ചും പുതിയ നിയമങ്ങൾ ഉണ്ടാക്കണം. അതിനു പുതിയ നിയമങ്ങൾ ഉണ്ടാക്കുമെന്നുള്ള ഒരു അഷ്വറൻസ് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നു പ്രതീക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ കെ. ടി. ജേക്കബ്: സർ, ഇലക്ട്രിസിറ്റി ബോർഡിലെ പല കുഴപ്പങ്ങളെസംബന്ധിച്ചും സംസാരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെംബർമാർ ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളെ ഞാനും മാനിക്കുന്നു. അതിനെ ഫലപ്രദമായി നേരിടുന്നതിന് ആവശ്യമായ നടപടി ഗവണ്മെന്റു കൈക്കൊള്ളുമെന്ന് ഈ സഭയ്ക്കും രാജ്യത്തിനും ആശ്വാസമുണ്ടാക്കുന്നതിനുള്ളതായ മനസ്സിലാക്കിക്കൊണ്ട് ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ ബോർഡ് ആകെ കള്ളന്മാരുടെയും കൊള്ളക്കാരുടെയും സംഘമാണെന്നുള്ള ഒരു നിഗമനത്തിലെത്തിച്ചേരുന്നതു ശരിയല്ല. ചില വ്യക്തികളും ചില കൺട്രാക്ടർമാരും ചിലപ്പോഴും കുഴപ്പങ്ങളും കാണിച്ചിട്ടുണ്ടെങ്കിലും കേരളത്തിലെ ഹൈഡ്രോ ഇലക്ട്രിക് പദ്ധതികളും വ്യാപകമായി വളർത്താൻ പൊതുവേ അതിലെ ഉദ്യോഗസ്ഥന്മാരും, എൻജിനീയർമാരും കൺട്രാക്ടർമാരും അക്ഷീണം പരിശ്രമിച്ചിട്ടുണ്ടെന്നുള്ള വസ്തുത നാം സമ്മതിക്കുകതന്നെ വേണം. കാട്ടാനകളോടും വനത്തിലെ മറ്റു പ്രയാസങ്ങളോടും സമരംചെയ്ത് അവർ അനുഷ്ഠിച്ചിട്ടുള്ള ത്യാഗങ്ങളെപ്പറ്റി പത്തുപതിനഞ്ചുകൊല്ലത്തെ തൊഴിലാളിപ്രവർത്തനങ്ങളിലൂടെ എനിക്ക മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ബോർഡ് ആകെ വലിയ തട്ടിപ്പുകാരുടെയും കൊള്ളക്കാരുടെയും സംഘമാണെന്നു പറയുന്നതിനോട് എനിക്ക യോജിപ്പില്ല. എനിക്ക കിട്ടിയിട്ടുള്ള ഈ പത്തു മിനിട്ടിനുള്ളിൽ ഇത്തരം കാര്യങ്ങളെപ്പറ്റി ചർച്ചചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട്, ചർച്ചചെയ്യാനാഗ്രഹമുണ്ടെങ്കിലും അങ്ങനെ ചെയ്യാതെ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രധാന പ്രശ്നത്തെ അടിസ്ഥാനമാക്കി ഒന്നുരണ്ടു കാര്യങ്ങൾ മാത്രം പറയാനേ ഞാനുദ്ദേശിക്കുന്നുള്ളൂ.

ഇവിടെമാത്രമല്ല ഇലക്ട്രിസിറ്റി ബോർഡിൽത്തന്നെ ഒരഭിപ്രായം കേട്ടിട്ടുണ്ട്. കേരളത്തിൽ വിദ്യുച്ഛക്തി ഉൽപാദനം ആവശ്യത്തിലധികമായിപ്പോയി എന്ന്. അതുകൊണ്ട് ഉൽപാദനം നിറുത്തിവയ്ക്കണമെന്നാണ് പറയുന്നത്. 'നിറുത്തു അണക്കെട്ടുകളുടെപണി' എന്നു ശ്രീ. മാണി പറയുകയുണ്ടായി. അങ്ങനെയൊരു മുദ്രാവാക്യം ഉണ്ടാകത്തക്ക സ്ഥിതിയാണോ ഉള്ളത്? ഇവിടെ 2700 മില്യൻ യൂണിറ്റ് കപ്പാസിറ്റിയുണ്ടെങ്കിലും ഇന്ന് 1500 മില്യൻ യൂണിറ്റാണ് ഉൽപാദിപ്പിക്കുന്നത്. അഖിലേന്ത്യാ പെർക്യാപ്പിറ്റാ ഉപഭോഗം 60 യൂണിറ്റാണെങ്കിൽ നമ്മുടെ കേരളത്തിൽ അതിനെക്കാൾ 20 യൂണിറ്റു കുറവാണ്.

ശ്രീ. എ. കെ. എ. ഹമീദ്: അഖിലേന്ത്യാ ആവറേജ് 60 യൂണിറ്റല്ല.

ശ്രീ കെ. ടി. ജേക്കബ്: ഞാൻ പറഞ്ഞതു അഖിലേന്ത്യാ ആവറേജിൽനിന്നും 20 ശതമാനം കുറവാണെന്നാണ്. മദ്രാസിൽ 140 യൂണിറ്റുണ്ട്. റൂറൽ ഇലക്ട്രിഫിക്കേഷൻ 3.22 ശതമാനമാണ്, വ്യവസായങ്ങൾക്കാണ് ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലായി വേണ്ടതു്. വ്യവസായങ്ങളും വരുന്നതോടുകൂടി ഉള്ള ഇലക്ട്രിസിറ്റി തന്നെ തീർന്നുപോകും. ഇടുക്കി പൂർത്തിയായാൽ ഉൽപാദിപ്പിക്കുന്ന കറണ്ടും രണ്ടുമൂന്നു വർഷംകൊണ്ടു് തീർന്നുപോകും. എഫ്. എ. സി. ടി യുടെ വികസനം, ട്രൈറാനിയംകാംപ്ലെക്സ്, മറ്റു പ്രൈവറ്റു് ഇൻഡസ്ട്രികളും ഇവയൊക്കെ വരുന്നതോടുകൂടി ഒന്നരണ്ടു വർഷംകൊണ്ടു് തീർന്നു പോകുന്നതാണു് ഇലക്ട്രിസിറ്റിയേ ഇന്നുള്ളു. അതുകൊണ്ടു് ഇലക്ട്രിസിറ്റി ഇവിടെ അമിതമായി ഒഴുകുകയാണു്, 'നിറുത്തു അണക്കെട്ടുകൾ' എന്നുള്ള മുദ്രാവാക്യം ശരിയല്ല. പോകുത്തിൽവച്ചു് ഹൈഡ്രോ ഇലക്ട്രിക് പവ്വർ ഉണ്ടാക്കാൻ ഏറ്റവും സൗകര്യമുള്ള നാടാണു് കേരളം. അങ്ങനെയുള്ള കേരളത്തിൽ വിദ്യുച്ഛക്തി ഉൽപാദിപ്പിക്കുന്നതിനെ കേവലം താൽക്കാലികമായ ആവശ്യത്തിനതികയുന്ന അടിസ്ഥാനത്തിൽ മാത്രം കാണാതെ നമ്മുടെ ആവശ്യത്തിലധികമായി ഒരു വ്യവസായമെന്ന നിലയിൽ കണ്ടുകൊണ്ടു് ഇലക്ട്രിസിറ്റി ഉൽപാദിപ്പിക്കേണ്ടതാവശ്യമാണെന്നു് അടിവരയിട്ടു പറയാൻ ഞാനാഗ്രഹിക്കുകയാണു്. റൂറൽ ഇലക്ട്രിഫിക്കേഷനും മുഴുവനായിട്ടില്ല. സൈലൻറ്റു് വാലി പൂർത്തിയാക്കിയിട്ടില്ല. അതുകൊണ്ടു് ഇലക്ട്രിസിറ്റിയെ സംബന്ധിച്ചിടത്തോളം നാം സംതൃപ്തരായിക്കഴിഞ്ഞു എന്നുപറയുന്നതു ശരിയല്ല. അതുകൊണ്ടു് ഇരുപത്തഞ്ചോ മുപ്പതോ ആക്കിയാലും ഒരു തരക്കേടും ഇല്ലെന്നാണു് എന്റെ അഭിപ്രായം.

അഗ്രോ ഇൻഡസ്ട്രീസ് കാർപ്പറേഷൻ രാജ്യംമുഴുവൻ യന്ത്രവൽക്കരിച്ചുകളഞ്ഞുവെന്നുപറയുമ്പോഴും, പമ്പിംഗിനുള്ള അപേക്ഷകളും എത്ര കിട്ടിയിട്ടുണ്ടെന്നുകൂടി നോക്കണം. 140 എണ്ണമാണു്. ഗ്രാമപ്രദേശങ്ങളിൽ കൃഷിക്കാവശ്യമായ ഇലക്ട്രിസിറ്റി കിട്ടുന്നതിനുള്ള ഫീൽഡ്പ്പാടുകളും ഇനിയും ഉണ്ടാക്കേണ്ടിയിരിക്കുകയാണു്. ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നശേഷവും ഇലക്ട്രിഫിക്കേഷൻ ഉണ്ടായിട്ടുണ്ടു്. ഇപ്പോഴും ഉദ്ദേശിച്ചിട്ടുള്ള പണം എങ്ങനെ വിനിയോഗിക്കണമെന്നുള്ളതാണു് പ്രധാനം. ഈ അടുത്തകാലത്തു് ഇലക്ട്രിസിറ്റിബോർഡു് വേണ്ടത്ര ശ്രദ്ധ പതിച്ചു് ചിറ്റൂർ ഏരിയാ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ടു്. മദ്രാസിലാണെങ്കിൽ പതിനായിരക്കണക്കിനു് പമ്പുകളും ഉപയോഗിച്ചു് വെള്ളമെടുക്കുന്നതുകാണാം. ദിണ്ടുക്കൽ, തൃശ്ശിനാപ്പള്ളി മുതലായ സ്ഥലങ്ങളിൽ പമ്പുകളുപയോഗിച്ചു വെള്ളമെടുത്തു രണ്ടു മൂന്നടിമേൽ നീളത്തിൽ ഏത്തവാഴ കൃഷിചെയ്തിരിക്കുന്നതു കാണാം. ഒരു കാലത്തു് കേരളത്തിൽമാത്രമേ ഏത്തക്കുല കിട്ടുമായിരുന്നുള്ളു. ഇന്നു് മദ്രാസിൽ നിന്നുള്ളഏത്തക്കുലകളും തൃശ്ശൂരും കോഴിക്കോട്ടും മാർക്കറ്റുകളിൽ വന്നു മറിയുകയാണു്. അതുകൊണ്ടു് ചിറ്റൂരിൽ സ്വീകരിച്ച നടപടി മറ്റു നാലഞ്ചു കേന്ദ്രങ്ങളിൽകൂടി ചെയ്കിലും എടുക്കാൻ തീരുമാനമെടുത്തു് റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീം ഉണ്ടാക്കണം. റൂറൽ ഇലക്ട്രിഫിക്കേഷൻ തീവ്രയത്നപരിപാടി നടപ്പാക്കുന്നതിനു വേണ്ടി കടമെടുക്കുന്നതുകൊണ്ടു് ഒരുതകരാറോ നഷ്ടമോ ഉണ്ടാകുകയില്ല. എത്രയായാലും അധികമാകുകയുമില്ല.

ശബരിഗിരി പദ്ധതി തീർന്നപ്പോഴും ട്രാൻസ്മിഷൻ ലൈനും ഡിസ്ട്രിബ്യൂഷൻ ലൈനും തീർന്നിരുന്നെങ്കിൽ മദ്രാസിലേക്കു് ഇലക്ട്രിസിറ്റി കൊടുക്കാമായിരുന്നു. ഇന്നു നാം കോഴിക്കോട്ടേക്കു മൈസൂരിൽനിന്നു വിദ്യുച്ഛക്തി എടുക്കുകയാണു്. അന്നു് വിദൂരമായ വീക്ഷണത്തോടുകൂടിയപരിപാടി ഇല്ലാതിരുന്നതിന്റെ ഫലമാണിതു്. താൽക്കാലികമായ നഷ്ടമുണ്ടെങ്കിൽപ്പോലും കറണ്ടു് ഉൽപാദിപ്പിച്ചാൽ പദ്ധതിയോടു ബന്ധപ്പെട്ട പരിപാടികളും വരുന്നതോടുകൂടി അതു് ഉപയോഗിക്കാം. ഉദാഹരണമായി കൊല്ലം-എറണാകുളം റെയിൽവേ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഇലക്ട്രിഫൈചെയ്യിക്കാൻകഴിയും. അതുകൊണ്ടു്, എലിയെ തോൽപിച്ചു് ഇല്ലം ചുട്ട എന്നു പറഞ്ഞമാതിരി ഇലക്ട്രിസിറ്റിബോർഡിൽ കംപ്ലീറ്റ്കോണമുള്ളതുകൊണ്ടു് ഇലക്ട്രിസിറ്റി ഉൽപാദിപ്പിക്കാതിരിക്കണമെന്നു പറയുന്നതു ശരിയല്ല എന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, ഞാൻ, അണക്കെട്ടുകൾ നിറുത്തിവയ്ക്കണമെന്ന മുദ്രാവാക്യം മുഴക്കിയില്ല. ജനറേറ്റിംഗ് കപ്പാസിറ്റി മുഴുവൻ ഉപയോഗപ്രദമാക്കുന്നതിനുള്ള ട്രാൻസ്മിഷനും ഡിസ്ട്രിബ്യൂഷനും ഏർപ്പാടാക്കാതെ വീണ്ടും വീണ്ടും കൺസ്ട്രക്ഷൻ നടത്തുന്നതിൽ ഒരു വൈരുദ്ധ്യമുണ്ടെന്നാണു പറഞ്ഞതു്.

ശ്രീ. കെ. ടി. ജേക്കബ്: എന്റെ പോയിന്റു് അതല്ല. അതൊക്കെ താൽക്കാലികമാണെന്നു ഞാൻ ചൂണ്ടിക്കാണിച്ചതാണു്. ഇപ്പോഴത്തെ കേരളത്തിനു് മുഴുവൻ ഉപയോഗിക്കാൻ കഴിയുന്നില്ലെങ്കിലും അതു് ഒരുവർഷംകൊണ്ടു് തീരുന്നതാണു്. അതുകൊണ്ടു് ഏറ്റവുമധികം വിദ്യുച്ഛക്തി ഉൽപാദിപ്പിക്കാൻ കേരളത്തിനു് സ്വതസ്സിദ്ധമായുള്ള കഴിവു് ഉപയോഗപ്പെടുത്തണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. എം. കെ. എ. ഹമീദ്: സർ, ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപാ കടം എടുക്കാൻ സഭ അനുമതി നൽകണം എന്നതാണു് എന്റെ ഭേദഗതി.

[11 A. M.]

എനിക്കു മുൻപു ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ടു സംസാരിച്ച ബഹുമാനപ്പെട്ട മെമ്പറന്മാർ അവരുടെ സമയം ഏറിയപങ്കും ചെലവഴിച്ചതു് ബോർഡിന്റെ പ്രവർത്തനങ്ങളെ ശ്രദ്ധയോടെ വിമർശിക്കുന്നതിനുവേണ്ടിയാണു്. അവർ പറഞ്ഞതു് മുഴുവൻ അടിസ്ഥാനരഹിതമാണെന്നു ഞാൻ പറയുന്നില്ല. ഇത്തരം ചർച്ചകളിൽ വിമർശനങ്ങൾക്കു സ്വാഭാവികമായി സ്ഥാനമുണ്ടു്. എന്നാൽ ആ പ്രസംഗങ്ങളിൽ, ഇന്നത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം നടത്തിക്കൊണ്ടിരിക്കുന്ന നല്ല കാര്യങ്ങൾ ഒന്നുംതന്നെ എടുത്തു പറയാൻ ബഹുമാനപ്പെട്ട മെമ്പറന്മാർക്കു സാധിച്ചിട്ടില്ലെന്നുകാണുന്നതിൽ എനിക്കു ഖേദമുണ്ടു്. ശ്രീ. കെ. പി. എസ്. നായരുടെയും, ശ്രീ. പി. എസ്. പത്മനാഭന്റെയും റിപ്പോർട്ടുകളും ജസ്റ്റീസു ശങ്കരന്റെ റിപ്പോർട്ടും ഇവിടെ ചർച്ചാവിഷയമായി. ഇങ്ങനെ മുന്നു റിപ്പോർട്ടുകൾ കിട്ടാൻ സൗകര്യം ഉണ്ടാക്കിയതുതന്നെ ഈ ഗവണ്മെന്റിന്റെ ഒരു നേട്ടമായി ഞാൻ കാണുകയാണു്. ഇലക്ട്രിസിറ്റി ബോർഡിൽ കഴിഞ്ഞ കാലങ്ങളിൽ കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ടു്. അതു പരിഹരിക്കാൻ കാര്യമായിട്ടു് ഒന്നുംതന്നെ ചെയ്തിട്ടില്ലെന്ന പരാതിയാണു് ഇവിടെ കേട്ടതു്. കുഴപ്പങ്ങൾ പരിഹരിക്കാനുള്ള സംരംഭങ്ങളിൽ ആദ്യത്തെ നടപടി കുഴപ്പങ്ങൾ എന്താണെന്നു കണ്ടുപിടിക്കുക എന്നതുതന്നെയാണു്. രോഗശമനത്തിനു് രോഗനിർണ്ണയം ചെയ്യണമെന്നു പറയുന്നതുപോലെ ഇത്തരം സ്ഥാപനങ്ങളിൽ എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടെങ്കിൽ അതു കണ്ടുപിടിക്കാനുള്ള ശ്രമമാണു് ആദ്യമായി ചെയ്യേണ്ടതു്. ആ അടിസ്ഥാനത്തിലാണു് ശ്രീ. കെ. പി. എസ്. നായരേയും, ശ്രീ. പി. എസ്. പത്മനാഭനേയും ചില പ്രശ്നങ്ങൾ പരിശോധിച്ചു് റിപ്പോർട്ടു സമർപ്പിക്കാൻ ഗവണ്മെന്റു നിയോഗിച്ചതു്. വൻപിച്ച അഴിമതി ആരോപണങ്ങൾ ഈ സഭയിൽ ഉന്നയിക്കപ്പെട്ടതിനെ തുടർന്നാണു് അവയെപ്പറ്റി അന്വേഷിക്കാൻ ജസ്റ്റിസു് ശങ്കരനെ ചുമതലപ്പെടുത്തിയതു്. കെ. പി. എസ്. നായരുടെ റിപ്പോർട്ടിലും പി. എസ്. പത്മനാഭന്റെ റിപ്പോർട്ടിലും പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നും നടപ്പാക്കിയിട്ടില്ല എന്നു പറയുന്നതു ശരിയല്ല. അതിൽ ചൂണ്ടിക്കാണിച്ചിരുന്ന പോരായ്മകളും പലതും പരിഹരിക്കാനുള്ള നടപടികളും ഭാഗികമായിട്ടെങ്കിലും നടന്നിട്ടുണ്ടെന്നുള്ളതാണു് വാസ്തവം. റിപ്പോർട്ടിൽ ചില വീഴ്ചകളെക്കുറിച്ചു് ആക്ഷേപങ്ങൾ ഉണ്ടായിരുന്നു. ട്രാൻസ്ഫോർമറുകൾ വേണ്ട സമയത്തു റിപ്പയർചെയ്യാത്തതിനെപ്പറ്റി ആക്ഷേപം ഉണ്ടായിരുന്നു, ഇലക്ട്രിസിറ്റി വിതരണത്തെസംബന്ധിച്ചു ആക്ഷേപങ്ങളും ഉണ്ടായിരുന്നു. ഇവയൊക്കെ പരിഹരിക്കാൻ ഫലപ്രദമായ നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ടെന്നാണു് എന്റെ അറിവു്. ശങ്കരൻകമ്മീഷൻ റിപ്പോർട്ടിനെ തുടർന്നു്, കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരുടെമേൽ വേണ്ട നടപടികൾ എടുക്കുന്നതാണെന്നു ബഹുമാനപ്പെട്ട മന്ത്രി ഈ സഭയ്ക്കു നൽകിയ ഉറപ്പു് പാലിച്ചിട്ടില്ല എന്നുള്ള ആക്ഷേപം ഇവിടെ ഉന്നയിച്ചുകേട്ടു. പ്രഥമദൃഷ്ട്യാ മന്ത്രി ഇക്കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കുറക്കാരാണെന്നു തോന്നിയേക്കാം. എന്നാൽ ഇന്നു നിലവിലുള്ള രാഷ്ട്രീയ സാഹചര്യങ്ങളും നാം വിസ്മരിച്ചുകൂടാ. കഴിഞ്ഞ മുന്നാലുമാസക്കാലമായി സംസ്ഥാനത്തെ രാഷ്ട്രീയരംഗത്തു്–നിർഭാഗ്യകരമാണെന്നു പറയട്ടേ–അഭിപ്രായഭിന്നതകളും മറ്റു അസ്വാസ്ഥ്യങ്ങളും ഉണ്ടായിട്ടുണ്ടെന്നു നമുക്കെല്ലാവർക്കും അറിയാം. ആ പശ്ചാത്തലത്തിൽ ഇലക്ട്രിസിറ്റി വകുപ്പിൽമാത്രമല്ല, ഗവണ്മെൻറിന്റെ വിവിധ ഡിപ്പാർട്ടുമെൻറുകളിലൊക്കെത്തന്നെ കാര്യങ്ങളും വേണ്ടത്ര ഭംഗിയായി നടക്കുന്നില്ല. എന്ന യാഥാർത്ഥ്യത്തിന്റെ നേരെ കണ്ണടച്ചിട്ടു കാര്യമില്ല.

മന്ത്രിമാരാണെങ്കിൽ ഭരണവും സമരവും ഒരുമിച്ചുനടത്തുമെന്ന പ്രഖ്യാപനത്തോടെയാണു് അധികാരത്തിൽ വന്നതെങ്കിലും, ഇന്നു് ഭരണം പരണത്തും സമരം ആഭ്യന്തരവും ആയി പരിണമിച്ചിരിക്കുകയാണു്. പ്രസംഗമത്സരത്തിനും പ്രസ്താവനാമത്സരത്തിനും മുഴുവൻ സമയവും വിനിയോഗിക്കുന്ന മന്ത്രിമാർക്കു ഭരണകാര്യങ്ങളും നടത്താൻ സമയം കിട്ടുന്നില്ലെങ്കിൽ എനിക്കു അതിൽ അതിശയം തോന്നുന്നില്ല. ഏതായാലും കഴിഞ്ഞ രാഷ്ട്രീയ സ്ഥിതിഗതികൾക്കു ഒരു മാറ്റം ഇപ്പോൾ ഉണ്ടായിക്കാണുന്നതു ആശ്വാസകരമാണു്. അങ്ങനെയൊരു മാറ്റം ഉണ്ടായിരിക്കുന്ന ഈ സാഹചര്യത്തിൽ, ബഹുമാനപ്പെട്ട മന്ത്രി ഈ സഭയ്ക്കു നൽകിയിട്ടുള്ള ഉറപ്പു് കാലതാമസം കൂടാതെ പാലിച്ചു്, ശങ്കരൻ കമ്മിഷൻ റിപ്പോർട്ടു് പരിഗണിച്ചു് കുറക്കരെല്ലാത്തവരെ ഒഴിവാക്കിയും, കുറക്കാരെ ശിക്ഷിച്ചും ആവശ്യമായ നടപടികളും എടുത്തതു വിവരം ഈ സഭയെ അറിയിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്.

ശ്രീ. ഇ. ജാൺജേക്കബ്ബു് : സമരവും ഭരണവും എന്നു പറഞ്ഞതു് മന്ത്രിമാർ തമ്മിലുള്ള സമരത്തെപ്പറ്റിയാണോ ?

ശ്രീ. എം. കെ. എ. ഹമീദു് : സമരം പലതരത്തിലുണ്ടു്. കേന്ദ്രഗവണ്മെൻറിന്റെ തെറ്റായ നയങ്ങൾക്കെതിരെ സമരം ചെയ്യുമെന്നായിരുന്നു പ്രഖ്യാപനം. എന്നാൽ നിർഭാഗ്യവശാൽ ആഭ്യന്തരസമരമാണു് ഇവിടെ നടക്കുന്നതു്.

ഏതായാലും രാഷ്ട്രീയം ഒരു നല്ല സ്ഥിതിയിലേക്കു എത്തിച്ചേരുന്ന ഒരു സാഹചര്യം ഇപ്പോൾ ഉണ്ടായിട്ടുണ്ടു്. അതിന്റെ പ്രതിഫലനം വിദ്യുച്ഛക്തിവകുപ്പിൽ ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

സർ, ബഹുമാനപ്പെട്ട വിദ്യുച്ഛക്തിവകുപ്പുമന്ത്രിയുടെ ആത്മാർത്ഥതയേയും ശുഭാപ്തിവിശ്വാസത്തേയും ആരും ചോദ്യം ചെയ്യുകയില്ല. പലപ്പോഴും ചാൾസ് ഡിക്കൻസിന്റെ 'മിക്കാബെറി'നെത്തോല്പിക്കുന്ന ശുഭാപ്തിവിശ്വാസത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ഒരു പ്രതീകമായിട്ടാണു് ഞാൻ അദ്ദേഹത്തെ കാണാറുള്ളതു്. അതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വേണ്ടത്ര ആവേശത്തോടുകൂടിത്തന്നെ അടുത്തകാലത്തു് ഇലക്ട്രിസിറ്റി ബോർഡു് ചില നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ടെന്നാണു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. അതേസമയത്തു ചെയ്തതീർക്കേണ്ട അഥവാ പരിഹരിക്കേണ്ട ചില പ്രശ്നങ്ങളുടെ വക്കിൽപോലും തൊടാൻ ഗവണ്മെൻറിനോ ഇലക്ട്രിസിറ്റിബോർഡിനോ സാധിച്ചിട്ടില്ലെന്ന സത്യം മറച്ചുവച്ചിട്ടു കാര്യമില്ല.

സർ, ബഹുമാനപ്പെട്ട കെ. എം. മാണി ബോർഡിലെ ഉദ്യോഗനിയമനങ്ങളെപ്പറ്റി പറഞ്ഞു. ആവശ്യമില്ലാതെയും, പ്രത്യേക ആളുകൾക്കുവേണ്ടിയും ഉദ്യോഗങ്ങളും സൃഷ്ടിക്കുന്നതിനെപ്പറ്റി പറഞ്ഞു. അനാവശ്യമായ ഉദ്യോഗസൃഷ്ടി ഒഴിവാക്കേണ്ടതാണെങ്കിലും ഇപ്പോഴത്തന്നെ ചില 'കീ പോസ്റ്റു'കളിൽ നിയമനം നടത്താത്തതുമൂലം പ്രോജക്റ്റുപണികളും പ്ലാൻ അനുസരിച്ചു നടത്താൻ സാധിക്കാതിരിക്കുകയാണു്.

ശ്രീ. കെ. എം. മാണി : കെ. പി. എസ്. നായർ റിപ്പോർട്ടിലും, പി. എസ്. പത്മനാഭൻ റിപ്പോർട്ടിലും അനാവശ്യമായ ഉദ്യോഗനിയമനങ്ങളും നടന്നിട്ടുള്ളതായി പരാമർശിച്ചിട്ടില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. എ. ഹമീദ് : അനാവശ്യമായിട്ടുള്ള നിയമനങ്ങൾ കുറയ്ക്കണമെന്നതന്നെയാണ് എന്റെയും അഭിപ്രായം. എന്നാൽ കോടിക്കണക്കിനു രൂപാ ചെലവഴിച്ച്, ബോർഡു പദ്ധതിപ്രവർത്തനങ്ങൾ നടത്തുമ്പോൾ, പ്രതിമാസം 2000 രൂപാ ശമ്പളത്തിൽ പ്രധാനപ്പെട്ട ഒരു പോസ്റ്റിൽ നിയമനം നടത്തുന്നതുമൂലം ലക്ഷക്കണക്കിനു രൂപാ ലാഭമുണ്ടാകുമെങ്കിൽ അത്തരം ഉദ്യോഗസൃഷ്ടി അനാവശ്യമാണെന്നു പറയുന്നതു ശരിയായിരിക്കുകയില്ല. ഈ വസ്തുത കെ. പി. എസ്. നായരുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട പ്രോജക്റ്റു പണികളും പ്ലാൻചെയ്തു ലാഭകരമായി നടത്താൻ പ്രതിമാസം 2000 രൂപ ശമ്പളത്തിൽ ഒരു വിദഗ്ദ്ധനെ നിയമിച്ചാൽ അതു കൂടുതലായിപ്പോകുമെന്നു അഭിപ്രായമില്ല. ബോർഡിന്റെ പ്രോജക്റ്റു പ്രവർത്തനങ്ങൾക്കു പ്ലാനിംഗിൽ വിദഗ്ദ്ധന്മാരായവർ അത്യാവശ്യമാണ്. അതിനുവേണ്ടി ചെലവഴിക്കുന്ന തുക ഒരിക്കലും പാഴായിപ്പോവുകയില്ല. ഭീമമായ നഷ്ടം ഒഴിവാക്കാൻ സാധിക്കുകയും ചെയ്യും. ബോർഡിന്റെ പ്രധാനപ്പെട്ട ഒരു ചെലവിനം പലിശയാണ്. 100 കോടി രൂപ മുടക്കി ഒരു പദ്ധതി നടപ്പിൽ വരുത്തുമ്പോൾ അതിനു 6 ശതമാനം നിരക്കിൽ 6 കോടി രൂപാ പ്രതിവർഷം പലിശയായി കൊടുക്കേണ്ടിവരും. പാഴ്ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : ഒന്നോ രണ്ടോ പോസ്റ്റുകളിൽ നടത്തുന്ന നിയമനങ്ങളെപ്പറ്റിയല്ല ആക്ഷേപം. വർക്ക് തീർന്ന പ്രോജക്റ്റുകളിൽ ജോലിയില്ലാതാകുന്നവർക്ക് മറ്റു പ്രോജക്റ്റുകളിൽ ജോലി കൊടുക്കാമല്ലോ.

ശ്രീ. എം. കെ. എ. ഹമീദ് : അനാവശ്യമായ പോസ്റ്റുകൾ എവിടെയുണ്ടോ അവ കുറയ്ക്കേണ്ടതുതന്നെയാണ്. എന്നാൽ പ്ലാൻപ്രവർത്തനങ്ങൾക്കു വിദഗ്ദ്ധസേവനം ആവശ്യമുള്ളപ്പോൾ ശമ്പളമിനത്തിൽ വലിയ ചെലവുവരും എന്ന കാരണം പറഞ്ഞ് നിയമനം നടത്താതിരിക്കുന്നതു ശരിയായിരിക്കുകയില്ല. മന്ത്രിയോ ഇലക്ട്രിസിറ്റി ബോർഡു ചെയർമാനോ മാത്രം ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചാൽ സാധ്യമല്ല. പ്രത്യേകം വൈദഗ്ദ്ധ്യമുള്ളവർതന്നെവേണം.

സർ, 20 കോടി എന്നതു 25 കോടിയായി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ചില പ്രധാന വാദമുഖങ്ങൾ ശ്രീ. എൻ. കെ. ശേഷൻ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ, സാധാരണഗതിയിൽ ഇലക്ട്രിസിറ്റി ബോഡിന്റെ പ്രവർത്തനങ്ങൾക്കു പബ്ലിക്കു ലോണും ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസും വഴിയായി കൂടുതൽ പണം ഉണ്ടാക്കണം. നാലാം പഞ്ചവത്സര പദ്ധതിയിൽ സ്റ്റേറ്റു മേഖലയിൽ 460 കോടി രൂപയെങ്കിലും മുതൽമുടക്കാൻ സാധിക്കണം എന്നാണ് സംസ്ഥാന പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിട്ടുള്ളതു്. 117 കോടി രൂപാ ഇലക്ട്രിസിറ്റി ബോർഡിന്റെ ആവശ്യത്തിലേക്കു കണക്കാക്കിയിട്ടുണ്ട്. കുറ്റ്യാടി, ഇട്ടക്കി എന്നീ പദ്ധതികളും പൂർത്തിയാക്കുക, ഇടമലയാർ സ്കീം ആരംഭിച്ചു പൂർത്തിയാക്കുക, ഉല്പാദിപ്പിക്കപ്പെടുന്ന വിദ്യുച്ഛക്തി പൂർണ്ണമായും വിതരണം ചെയ്യുക എന്നിവയ്ക്കുതന്നെ ചുരുങ്ങിയതു 106 കോടി രൂപ വേണ്ടിവരും. ഇപ്പോൾ കേന്ദ്രപ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കണക്കുകളും അനുസരിച്ച് നാലാം പഞ്ചവത്സരപദ്ധതിക്കാലത്തു സംസ്ഥാനമേഖലയിലെ മൊത്തം മുതൽമുടക്ക് 200 കോടി രൂപയിൽ കവിയുകയില്ല. അതിൽനിന്നും 106 കോടി രൂപ വിദ്യുച്ഛക്തി വിഭാഗത്തിനു മാത്രമായി നീക്കിവച്ചാൽ കൃഷി, വ്യവസായം, വിദ്യാഭ്യാസം, പൊതുജനാരോഗ്യം തുടങ്ങിയ മറ്റു വിഭാഗങ്ങൾക്ക് വേണ്ടത്ര പണം ഉണ്ടാവുകയില്ല. 25 കോടി രൂപാ കടമായിട്ട് ഇലക്ട്രിസിറ്റി ബോർഡിനു സംഭരിക്കാൻ സാധിച്ചാൽ ഞെരുക്കം അത്രകണ്ടു കുറയും. മറ്റു രംഗങ്ങളിലെ പ്രവർത്തനം വികസിക്കുമ്പോൾ ഇലക്ട്രിസിറ്റി കൂടുതലായി വിറ്റഴിക്കുവാനും സാധിക്കും. അതു കണക്കാക്കിയാണ് 25 കോടി രൂപാ പബ്ലിക്കുലോണായി എടുക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർക്ക് അനുവദിച്ച പതിനഞ്ചു മിനിട്ട് കഴിഞ്ഞിരിക്കുകയാണു്.

ശ്രീ. എം. കെ. എ. ഹമീദ് : സർ, രണ്ടുമൂന്നു മിനിട്ടുകൂടി വേണം. പെട്ടെന്നു അവസാനിപ്പിച്ചേക്കാം.

ചില വ്യവസായങ്ങൾക്കു് സൗജന്യനിരക്കിൽ വിദ്യുച്ഛക്തി നൽകുന്നതുകൊണ്ടു ബോർഡിനു വരുന്ന നഷ്ടത്തെക്കുറിച്ചു് ശ്രീ. എ. എസ്. എൻ. നമ്പീശൻ ഇവിടെ പറഞ്ഞു. 72 ശതമാനം വിദ്യുച്ഛക്തി വ്യവസായങ്ങൾക്കു വിതരണം ചെയ്യുമ്പോൾ ഡൊമസ്റ്റിക്കു് കൺസ്യൂമേഴ്സിനു 7 ശതമാനമാണു കൊടുക്കുന്നതു്. വ്യവസായങ്ങളിൽനിന്നു കിട്ടുന്ന ആദായം ഇലക്ട്രിസിറ്റി ബോർഡിന്റെ മൊത്ത വരുമാനത്തിന്റെ ഉദ്ദേശം 31 ശതമാനം മാത്രമാണു്. ഡൊമസ്റ്റിക്കു കൺസ്യൂമേഴ്സിൽനിന്നും എത്രയാണു് ഇത്രത്തോളം വരവു് ബോർഡിനു് ലഭിക്കുന്നു. വ്യവസായങ്ങളെ ആകർഷിക്കാൻ സാധിക്കണമെങ്കിൽ സൗജന്യ നിരക്കിൽ വിദ്യുച്ഛക്തി കൊടുക്കാൻ നിവൃത്തിയില്ല. ഇൻഡ്യയുടെ ഇന്നത്തെ പ്രത്യേക പരിതസ്ഥിതിയിൽ നികുതിദായകരുടെ പണംമുടക്കി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഇലക്ട്രിസിറ്റി പ്രോജക്ടുകളിലെയും മറ്റു പൊതുമേഖലാ സംരംഭങ്ങളിലെയും ഉല്പന്നങ്ങൾ സ്വകാര്യമേഖലയിലെ വ്യവസായികൾക്കു കുറഞ്ഞ വിലയ്ക്കു് അടിയറ വയ്ക്കേണ്ടിവരുമെന്നുള്ളതു് വാസ്തവമാണു്. അതേസമയം സാധാരണ ജനങ്ങൾക്കു കൂടിയ നിരക്കിൽ വിദ്യുച്ഛക്തി വിതരണം ചെയ്യുകയും ചെയ്യുന്നു. കേന്ദ്രഗവണ്മെൻറിന്റെ വ്യവസായ ലൈസൻസിംഗ് നയത്തിൽ മാറ്റം വന്നുചേരുന്നതുവരെ ഈ സ്ഥിതിക്കു മാറ്റം വരുത്തുവാൻ സാധിക്കുകയില്ല. വിദ്യുച്ഛക്തിയുടെ സിംഹഭാഗവും ഇന്നു വ്യവസായങ്ങൾക്കു കൊടുക്കുകയാണു്. അതിൽനിന്നു കിട്ടുന്ന ആദായം കൂടുമാണു്. വ്യവസായങ്ങൾക്കു വേണ്ടി കടുത്ത കിടമത്സരം സംസ്ഥാനങ്ങൾ തമ്മിൽ നടക്കുകയാണു്. ഏറ്റവും കുറഞ്ഞ വിലക്കു് വിദ്യുച്ഛക്തി കൊടുക്കുവാൻ തയ്യാറുള്ള സംസ്ഥാനം മത്സരത്തിൽ വിജയിക്കുന്നു. കേരളത്തിൽ സ്ഥാപിക്കുവാനായി ആദ്യം ലൈസൻസു നൽകപ്പെട്ട ജെ. കെ. ഗ്രൂപ്പിന്റെ അലുമിനീയം സ്മെൽട്ടർ അവസാനം ഒറീസയിലാണു് സ്ഥാപിക്കപ്പെട്ടതു്. വിദ്യുച്ഛക്തി വളരെ ചുരുങ്ങിയ വിലക്കു കൊടുത്തതുകൊണ്ടാണു് ഒറീസ്സാ ഇതിൽ വിജയിച്ചതു്. കേന്ദ്രഗവണ്മെൻറിന്റെ വ്യവസായ ലൈസൻസിംഗ് നയം ഇന്നത്തെപ്പോലെ നിലനിൽക്കുന്നിടത്തോളംകാലം ഇത്തരത്തിലുള്ള പ്രയാസങ്ങൾ തുടരും. അതു സംസ്ഥാനഗവണ്മെൻറു വിചാരിച്ചാൽമാത്രം മാറാവുന്നതല്ല.

കൃഷിയുടെ കാര്യവും ഇവിടെ പരാമർശിച്ചു. കേരളത്തിൽ കൃഷിയുടെ ആവശ്യത്തിനായി മൂന്നു ശതമാനം വിദ്യുച്ഛക്തി ഉപയോഗിക്കുമ്പോൾ അഖിലേൻഡ്യാടിസ്ഥാനത്തിൽ അതു് എട്ടു ശതമാനവും, തമിഴ്നാട്ടിൽ അതു് 25 ശതമാനവുമാണെന്നു കാണുന്നു. മൂന്നു ശതമാനത്തിൽനിന്നു് അഖിലേൻഡ്യാ നിലവാരമായ എട്ടു ശതമാനത്തോളമെങ്കിലും ഉയരുവാൻ സാധിക്കണമെങ്കിൽ കാർഷികരംഗത്തു് ഗണ്യമായ പ്രയത്നങ്ങൾ നടത്തേണ്ടിയിരിക്കുന്നു. സമയം കുറവായതുകൊണ്ടു ഞാൻ അവസാനിപ്പിക്കുകയാണു്. എന്റെ ഭേദഗതി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്കു ബുദ്ധിമുട്ടുണ്ടാവുകയില്ലെന്നു വിശ്വസിക്കുന്നു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ സംബന്ധിച്ചു ഒന്നുരണ്ടു സംഗതികൾ എനിക്കു പ്രസ്താവിക്കാനുണ്ടു്. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി ഈ സഭയുടെ പല ഭാഗത്തു നിന്നും കേട്ടിട്ടുള്ള കർക്കശമായ വിമർശനങ്ങൾ ഒട്ടും അധികപ്പറ്റായിരിക്കുമെന്നു പറയുവാൻ നിവൃത്തിയില്ല. അതിൽ കൂടുതൽ പറയാനുണ്ടു്. പക്ഷേ കൂടുതൽ പറഞ്ഞാലും എന്താണു് പ്രയോജനം എന്നു ആലോചിക്കുമ്പോൾ പറയുവാനും തോന്നുന്നില്ല. ഇലക്ട്രിസിറ്റിബോർഡിന്റെ പ്രവർത്തനത്തിൽ അതു അർഹിക്കുന്ന തരത്തിലുള്ള വിമർശനങ്ങൾ എല്ലാഭാഗത്തുനിന്നും സമ്പാദിക്കുന്നുണ്ടു്. ഇതു സ്ഥാപിച്ചിരുന്ന കാലത്തു ഉണ്ടായിരുന്ന പ്രതീക്ഷ ഇതൊന്നും ആയിരുന്നില്ല. അതു പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇലക് ട്രിസിറ്റി ബോർഡിന്റെ മാത്രം കാര്യം പറഞ്ഞിട്ട യാതൊരു കാര്യവുമില്ല. ഇന്ന ഇതുപോലുള്ള മറ്റു കാർപ്പറേഷനുകളും ബോർഡുകളും ഉണ്ടല്ലോ? അതിന്റെയെല്ലാം പ്രവർത്തനം നോക്കിയാൽ അവിടെയും ഈ മാതിരിയുള്ള പ്രവർത്തനങ്ങൾതന്നെയാണുള്ളതു്. ഫിഷറീസ് കോർപ്പറേഷൻ, ടാൻസ്പോർട്ട് കാർപ്പറേഷൻ മുതലായവയുടെ സ്ഥിതി എന്താണു്? കാർപ്പറേഷനുകളെ ബാധിക്കുന്ന സഹജമായ ന്യൂനതകൾ അവിടേയും ഉണ്ടു്. ആ ന്യൂനതകളിൽ ഒരു പക്ഷേ കൂടുതൽ പങ്കു് ഇലക്ട്രിസിറ്റി ബോർഡിനുണ്ടെന്നുള്ളതല്ലാതെ ഇലക്ട്രിസിറ്റി ബോർഡു് തനിച്ചു ഇത്തരം വിമർശനങ്ങൾക്കു അർഹമാകുന്നുണ്ടെന്നു ഞാൻ കരുതുന്നില്ല. കാർപ്പറേഷനുകളും ബോർഡുകളും രൂപീകരിക്കുന്ന കാലത്തു ഒരു നയം ഉണ്ടാകും. കയർ ബോർഡു്, കോഫീ ബോർഡു് ഇതെല്ലാം ഉണ്ടല്ലോ? ഇതെല്ലാം കൊണ്ടു സാധാരണ നികുതിദായകന്മാർക്കു് കൂടുതൽ ഭാരം ഉണ്ടാകുമെന്നല്ലാതെ ഇതുകൊണ്ടുവരുന്നതു കൊണ്ടു ഇതിലേയ്ക്കു മുടക്കുന്ന പണത്തിനനുസരിച്ചുള്ള ആശ്വാസമോ ഉല്പാദനമോ കിട്ടുന്നില്ല. ഇലക്ട്രിസിറ്റി ബോർഡു് രൂപീകരിച്ച അവസരത്തിൽ ഈ നിയമസഭാ തലത്തിൽതന്നെ അതിനെതിരായിട്ടുള്ള അഭിപ്രായം ഉണ്ടായിരുന്നു. ഒരു ഡിപ്പാർട്ടുമെന്റു എന്നുള്ളതിൽകൂടുതൽ ഒന്നും അവിടെയും നടക്കാൻ പോകുന്നില്ല എന്നു വാദിച്ചിരുന്നു. അതുകൊണ്ടു ഡിപ്പാർട്ടുമെന്റായി തുടർന്നാൽ മതി, ചെലവു കുറയും എന്നു വാദഗതി അന്നുണ്ടായിരുന്നു. കാർപ്പറേഷനായാൽ പ്രത്യേകമായ അവകാശങ്ങൾ ഉണ്ടാകും എന്നുള്ളതുകൊണ്ടും കാര്യങ്ങൾ ഭംഗിയായി പോകും എന്നുള്ളതുകൊണ്ടുമാണു്, അങ്ങനെയൊരു പ്രതീക്ഷയിലാണു് അതു രൂപീകൃതമായതു്. ആ പ്രതീക്ഷ തെറ്റിപ്പോയി. ആ പ്രതീക്ഷകൾക്കൊത്തതു് കാർപ്പറേഷൻ പ്രവർത്തിച്ചാൽ തന്നെയും രാജ്യത്തിനു വളരെ ശ്രേയസ്കരമായ പുരോഗതിയുണ്ടാകുമോ എന്നു സംശയം ഉണ്ടു്. അടുത്തകാലത്തു ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം കൊണ്ടു കാർഷികവും വ്യവസായികവും ആയിട്ടുള്ള പുരോഗതി കണക്കിലെടുക്കുമ്പോൾ മറ്റുരാജ്യങ്ങളിലെ പുരോഗതിയുമായി താരതമ്യപ്പെടുത്തി നോക്കിയാൽ അതിനേക്കാൾകൂടുതൽ സൗകര്യവും മറ്റും ഉള്ള നമ്മുടെ രാജ്യത്തെ ഈ മേഖലയിലെ പുരോഗതി കേവലമാണെന്ന അനുഭവത്തിൽകൂടി ബോധ്യപ്പെട്ടിട്ടുണ്ടു്. കാർപ്പറേഷൻ ശരിക്കു പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇന്ന നമ്മുടെ സംസ്ഥാനത്തിൽ പല ഭാഗത്തും പ്രവർത്തിക്കുന്ന പ്രൈവറ്റു ഏജൻസി എന്തിനാണു്. ഉദാഹരണമായി കൊച്ചിൻ കാർപ്പറേഷൻ പ്രവർത്തിക്കുന്നുവെങ്കിലും മുന്ന പ്രത്യേക പ്രൈവറ്റു ഏജൻസികളും അതോടൊപ്പം ഇലക്ട്രിസിറ്റി ബോർഡും പ്രവർത്തിക്കുന്നുണ്ടു്. സ്വകാര്യ ഏജൻസിയുടെ കാലം കഴിഞ്ഞിട്ടും പിന്നീടും അതു നീണ്ടുപോകുകയാണു്. അതുകൊണ്ടു കൂടുതൽ പണം മുടക്കിയതുകൊണ്ടുമാത്രം ഫലം കിട്ടാൻ പോകുന്നില്ല. ജനങ്ങൾക്കു ആവശ്യമായ സേവനമൊന്നും അതുകൊണ്ടു ലഭിക്കുവാൻ പോകുന്നില്ല. സ്വകാര്യമേഖലയിൽ നിന്നും മാറ്റിയിട്ടു അതിന്റെ പ്രവർത്തനം ഇലക്ട്രിസിറ്റി ബോർഡിനു ഏറ്റെടുക്കണമെങ്കിൽ ബോർഡിന്റെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമായും സത്യസന്ധമായും നടക്കണം.

ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യം പറയുകയാണെങ്കിൽ ഇപ്പോഴത്തെക്കൂടുതൽ സ്റ്റാഫ് ഉണ്ടെന്നാണു് പറയുന്നതു്. ഒരു കാലത്തു നൂറോളം വരുന്ന അസിസ്റ്റന്റു എഞ്ചിനീയർമാർ ഒരു ജോലിയും ഇല്ലാതെ ഉണ്ടായിരുന്നു. ഇപ്പോഴും ആ സ്ഥിതി മാറിയിട്ടുണ്ടായിരിക്കും. ഏതായാലും ബോർഡിന്റെ പ്രവർത്തനം നന്നാക്കി എടുക്കേണ്ടതാണു്. പിന്നെ കൂടുതൽ സംഖ്യ ചെലവാക്കണമെന്നു പറഞ്ഞാൽ അതു നീതീകരിക്കുവാൻ ഒരു കാര്യമുണ്ടു്. നാം കോടികണക്കിനു രൂപ ചെലവാക്കിയിട്ടുണ്ടു്. അതിൽ നിന്നും ശരിയായ ലാഭം ഉണ്ടാകുന്നില്ല എന്നതോ പോകട്ടെ, കൂടുതൽ ആനുകൂല്യം ഒന്നുംതന്നെ ജനങ്ങൾക്കു അനുഭവിക്കുവാൻ പാടില്ല. ഇതൊക്കെ ആയാലും ഇപ്പോഴും അതു നിറുത്തിയാൽ പറ്റുകയില്ല സാധാരണ ചെവിയിൽ വെള്ളം കയറിയാൽ എന്താണു് ചെയ്യുന്നു? കുറെ വെള്ളം കൂടി ഒഴിക്കുക. ആ തത്വം അനുസരിച്ചു ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെട്ട സംഖ്യ കൊടുക്കാം എന്നുള്ളതാണു് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മന്ത്രിയുടെ കാര്യത്തിൽ ഒരു [illegible]

LIBRARY ARCHIVES Kerala Legislative Assembly

ക്കണം. അദ്ദേഹം ആത്മാർത്ഥമായി പ്രവർത്തിക്കുന്നുണ്ട്. അതനുസരിച്ചുള്ള സഹകരണം മറുഭാഗത്തു നിന്നു കിട്ടുന്നതുമില്ല. എങ്കിലും ലക്ഷ്യം കൈവരിക്കുവാൻ അദ്ദേഹം ശ്രമിക്കുന്നുണ്ട്. അതുകൊണ്ട് അദ്ദേഹം ചോദിച്ചിട്ടുള്ള തുക കൊടുക്കാം എന്ന അഭിപ്രായമാണു് എനിക്കുള്ളതു്. ഇവിടെ പ്രമേയത്തിൽ തുക കൂട്ടിക്കൊടുക്കണമെന്നും അതല്ല കുറച്ചുകൊടുക്കണമെന്നും ഭേദഗതികൾ വന്നിട്ടുണ്ട്. ആ രണ്ടു ഭേദഗതികളും എതിർത്തുകൊണ്ടു് അദ്ദേഹം ചോദിച്ചിട്ടുള്ള തുക അനുവദിക്കാം എന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. കെ. കെ. കുമാരപിള്ള : സർ, ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ചു് ഈ സഭക്കകത്തും പുറത്തും ഉണ്ടായിട്ടുള്ള ശബ്ദകോലാഹലംകൊണ്ടു് സ്മരിയ്ക്കുവാൻ പോലും ഉള്ള സമയം ഈ ചർച്ചയ്ക്കു കിട്ടുകയില്ല എന്നു എനിക്കു ബോദ്ധ്യം വന്നിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡ് ഈ നിലയിൽ തുടരണമോ വേണ്ടയോ എന്നുള്ളതു് ഇപ്പോഴും പരിഗണിക്കേണ്ട വിഷയമാണെന്നുള്ളതാണു് എന്റെ അഭിപ്രായം. ഇലക്ട്രിസിറ്റിയുടെ ഉൽപ്പാദനത്തെക്കുറിച്ചോ സംഭരണത്തെക്കുറിച്ചോ വിതരണത്തെക്കുറിച്ചോ ശാസ്ത്രീയമായി യാതൊന്നും പറയുവാൻ എനിക്കറിഞ്ഞുകൂടാത്തതുകൊണ്ടു് ഈമാതിരിയുള്ള ചർച്ചകളും ഇവിടെ അസംഗതമാണെങ്കിൽപോലും പറയാതിരിക്കുവാൻ നിവൃത്തിയില്ല. ബോർഡ് രൂപീകരിച്ചിട്ടുള്ളതും ഈ രീതിയിലുള്ള സംഘടനാസ്വഭാവത്തിൽ ഉണ്ടാക്കിയിട്ടുള്ളതും പ്രത്യേക ഉദ്ദേശലക്ഷ്യത്തോടുകൂടിയാണു്. ഒരുകാലത്തു മലവെള്ളം വരുന്നമാതിരി കാർപ്പറേഷനുകളും ബോർഡുകളും ഉണ്ടാക്കണമെന്നുള്ള ഒർവാശികൊണ്ടല്ല ഇതുമാതിരിയുള്ള ബോർഡുകളും കാർപ്പറേഷനുകളും രൂപീകരിച്ചിട്ടുള്ളതു്. പ്രത്യേക ഘടനയിലും സ്വഭാവത്തിലും പ്രവർത്തനമാധ്യമത്തിലുമുള്ള ചെലവു നടത്തുന്നതിനു ചില വ്യതിയാനങ്ങളും വേണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രം ലക്ഷ്യത്തിനു വഴങ്ങികൊടുക്കുന്ന സമ്പ്രദായം നമ്മുടെ രാജ്യത്തെ പല തുറകളിലും അനുഭവപ്പെട്ടുന്നുണ്ട്. ലക്ഷ്യംസംബന്ധിച്ചു ആളുകൾക്കുള്ള ആദർശവും കാഴ്ചപ്പാടും നശിച്ചു മാർഗ്ഗം ലക്ഷ്യമായിതീരുന്ന അനുഭവം ഒട്ടനവധിയാണു്. അതിലൊന്നാണു് ഇലക്ട്രിസിറ്റി ബോർഡ്. അതിലെ സമൂർത്തമായ കാഴ്ചപ്പാടു് അതിന്റെ പ്രവർത്തനഉദ്ദേശലക്ഷ്യമേയല്ലാതായിട്ടുണ്ട്. ഇലക്ട്രിസിറ്റി ഉൽപ്പാദനം കെട്ടിക്കിടക്കുന്നു, അതു വിതരണം ചെയ്യാതെ ഇനിമേലാൽ യാതൊരു പദ്ധതിയും ഏറ്റെടുക്കരുതെന്നു ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനം ഒരുപക്ഷേ ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥന്മാർ ഇറക്കിയ ലഘുലേഖയിൽ അവകാശപ്പെട്ടതായിരിക്കും. എനിക്കും അങ്ങനെയൊരു ലഘുലേഖ കിട്ടുകയുണ്ടായി. ഒരു നയാപൈസപോലും ഗവണ്മെന്റു മുടക്കരുതു്, ഞങ്ങളുടെ ഡി. എ. മാത്രം കൂട്ടിയാൽ മതി എന്നാണു് അതിന്റെ ഉള്ളടക്കം. ഈ മാതിരി സമീപനം ശരിയാകുമോ എന്നൊക്കെ മൊത്തമുള്ള കാഴ്ചപ്പാടു് ഇലക്ട്രിസിറ്റി ബോർഡിലായാലും ട്രാൻസ്പോർട്ടിലായാലും ഇൻഡസ്ട്രീസിലായാലും ഉണ്ടായിട്ടുള്ള കാർപ്പറേഷനുകളായാലും ഈ നിയമസഭാതലത്തിലായാലും ഉണ്ടായാൽ നമ്മെ മഹാജനങ്ങളും ഈ രാജ്യത്തുണ്ടെന്നുള്ള നേരു പലപ്പോഴും മറന്നുപോകുന്നു എന്നുള്ളതാണു് സത്യം. ശ്രീ. ഹമീദ് ചൂണ്ടിക്കാണിച്ചതുപോലെ ബഹുഭൂരിപക്ഷം ആളുകൾക്കും പ്രയോജനപ്പെടുന്നില്ല. എത്ര പുരോഗമനപരമായ മുദ്രാവാക്യം ഉണ്ടായിരുന്നാലും ശരി, ന്യൂനപക്ഷം ആളുകളുടെ സുഖമാണു് കാണുന്നതെന്നുള്ള കാര്യം നേരാണു്. ഇവിടെ കോടിക്കണക്കിനു രൂപ ആവശ്യപ്പെട്ടിരിക്കുകയാണു്. വ്യവസായികരംഗം പുതിയ വ്യവസായം ആരംഭിക്കുമ്പോഴും Throwing good money over black money ആയിപ്പോകുമോ എന്നു സംശയിക്കാറുണ്ട്. ആ സംഗതിയിൽ നമുക്കും യോജിക്കുവാൻ നിവൃത്തിയില്ല. ഒരു കാര്യമുണ്ട്. ആകെയുള്ള പ്രവർത്തനങ്ങൾക്കു പുനഃസംവിധാനം ആവശ്യമല്ലേ എന്നു സംശയമുണ്ട്. കമ്മിഷന്റെ വിധി എൻകുയറിക്കു വിട്ടതിനെപ്പറ്റിയും അതിന്റെ ഗുണദോഷങ്ങളെപ്പറ്റിയും അതു ഇംപ്ലിമെന്റു ചെയ്യുമ്പോഴുള്ള പോരായ്മകളെപ്പറ്റിയും ഇവിടെ പറയുകയുണ്ടായി. അതിൽപോലും ഒരു ഏകരൂപസങ്കല്പം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകാത്തതു ഖേദകരമാണു്. ആദ്യം ഒരു കമ്മീഷനെ വച്ചു. റിപ്പോർട്ടു വന്നു, അതു മാറ്റി വേറൊന്നു വച്ചു. അതു വേണ്ടെന്നു വച്ചു മൂന്നാമതൊന്നു വച്ചു നാലാമതൊന്നു വച്ചു ഓരോന്നിനും കൊടുക്കുന്ന ടേംസ് ഓഫ് റഫറൻസ് ഇതിന്റെയെല്ലാം ചിത്രം എന്താണു്? ആകെ മൊത്തം ഒരു സംപൂർണ്ണചിത്രം ഉണ്ടായിട്ടില്ല. ഇലക്ട്രിസിറ്റിബോർഡിലായാലും അതിന്റെ കഴിവിനൊത്തു പൊതുജനങ്ങൾക്കു പ്രയോജനം കൊടുക്കാതെ പീസ്മീലായിട്ടു മാത്രം കാര്യങ്ങൾ കാണുന്ന ഒരു ദുഃസ്ഥിതി നമ്മുടെ രാജ്യത്തു സംജാതമായിട്ടുണ്ടെന്നു മനസ്സിലാക്കണം. ബോർഡിന്റെ പ്രവർത്തനം ഗവണ്മെന്റിന്റെ നിയന്ത്രണത്തിൽ അല്ലെന്നുള്ളതു നേരാണു്. തൊഴിലാളികൾക്കു തൊഴിൽശാല, കൃഷിഭൂമി കർഷകനു്, അതുപോലെ ഇലക്ട്രിസിറ്റിബോർഡു് ബോർഡു് പ്രവർത്തകർക്കു്. അതിൽ ഞാൻ സന്തോഷിക്കുകയാണു്. ഞാനും ആ മുദ്രാവാക്യം വിളിക്കുവാൻ സന്തോഷിക്കുകയാണു്. തൊഴിലാളിയെന്നും കർഷകനെന്നും മറ്റും പറയുമ്പോൾ ഈ രാജ്യത്തെ മൊത്തം ജനതയെന്നുള്ള പ്രത്യേക സ്ഥിതിവിശേഷം കണ്ടുകൊണ്ടു സംഘടിപ്പിക്കുക എന്നതായിരിക്കണം അതിന്റെ സമ്പൂർണ്ണ സങ്കൽപ്പം. അതിൽനിന്നും വ്യതിയാനം വരികയാണെങ്കിൽ മറ്റൊരു ദുസ്ഥിതിയിൽ ചെന്നുചേരും. ശത്രുന്റെ മുടിഞ്ഞ തറവാടുപോലെയാകും. 'തനയൻ ജനകനെ വഞ്ചന ചെയ്യും, അനുജൻ ജേഷ്ഠനെ വെട്ടിക്കൊല്ലും' എന്നു നമ്പ്യാർ പറഞ്ഞതുപോലെ ചെന്നു നിൽക്കുകയാണു് ഇപ്പോൾ ഈ സ്ഥാപനം. മലയാളത്തിൽ മുടിയാൻ പിറന്നതു എന്നു പറയും. അതുപോലെ ഈ കേരളസംസ്ഥാനത്തിൽ ഇതുപോലെ മുടിയാൻ പിറന്നതായ ഒരു എണ്ണം വേറെ കാണുകയില്ല. ആ ഘടനയിൽ മാറ്റം വരുത്തി ഗവണ്മെന്റിന്റെ കൂടുതൽ നിയന്ത്രണത്തിനു വിധേയമാക്കുന്നതിലേക്കു ഒരു ഭേദഗതി അടിസ്ഥാനപരമായി കൊണ്ടുവന്നു. ഇതു ഒന്നു നന്നാക്കിയെടുക്കുവാൻ മന്ത്രി ശ്രദ്ധിക്കണമെന്നു എനിക്കു നിർദ്ദിഷ്ടമായ അപേക്ഷയുണ്ടു്. ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റിമന്ത്രി മുമ്പൊരവസരത്തിൽ സംസാരിച്ചതു എനിക്കു ഓർമ്മയുണ്ടു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കേരളം ഒരു കൊച്ചു സംസ്ഥാനമാണു്, യു.പി.യെപ്പോലുള്ള വലിപ്പം കൂടിയ സംസ്ഥാനങ്ങൾക്കു മാത്രമേ ഒരു ബോർഡിന്റെ ആവശ്യമുള്ളൂ, കേരളത്തെപ്പോലുള്ള കൊച്ചു സംസ്ഥാനത്തിൽ ബോർഡിന്റെ ആവശ്യമില്ല. ഭരണകർത്താക്കൾക്കു ആവശ്യമെന്നതോന്നിയാൽ സ്വകാര്യമായ ഭേദഗതികൾ ചെയ്യാവുന്നതാണെന്നു അദ്ദേഹം ഒന്നരണ്ടു വർഷങ്ങൾക്കുമുമ്പു് അഭിപ്രായപ്പെട്ടതു് ഞാൻ ഓർമ്മിച്ചുപോകുകയാണു്. ആ രീതിയിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങൾ ഇലക്ട്രിസിറ്റിബോർഡിന്റെ സമീപനത്തിൽ ഉണ്ടാകണം. ഗവണ്മെന്റു ഖജനാവിൽനിന്നും കടം കൊടുത്ത പണത്തിനു പലിശപോലും അടക്കാൻ വ്യഗ്രത കാണിക്കാതെ ധൂർത്തടിക്കുകയാണു്. അതിലെ ഉദ്യോഗസ്ഥന്മാർക്കു അവശ്യാധിഷ്ഠിത മിനിമംവേജസ് കൊടുക്കണമെന്നു ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടു്. പക്ഷേ എന്തിനു്, ആർക്കുവേണ്ടിയാണു് ഇവർ ജോലിനോക്കുന്നതു്. മൗലികമായ മാറ്റം ഇതിന്റെ ഘടനയിലും സ്വഭാവത്തിലും വരുത്തുന്നതിനു ആവശ്യമായ ഭേദഗതി വരുത്തണമെന്നു ഇലക്ട്രിസിറ്റി മന്ത്രിയോടു അഭ്യർത്ഥിച്ചുകൊണ്ടു അദ്ദേഹം ഇവിടെ ചോദിച്ചിട്ടുള്ള രൂപയിൽ ഒരു പത്തു രൂപ കൂടി കൂട്ടിക്കൊടുക്കുന്നതിനു ഞങ്ങൾ തയ്യാറാണെന്നു പറഞ്ഞുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണു്.

ശ്രീ.കെ.മൊയ്തീൻകുട്ടി ഹാജി: സർ, ഇലക്ട്രിസിറ്റി ബോർഡിലേക്കു് പത്തു് കോടി രൂപ കടം എടുക്കുന്നതിനുള്ള അവകാശം ഇരുപതുകോടിയായി വർദ്ധിപ്പിക്കുവാനുള്ള വ്യവസ്ഥയുമായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ സ്വാഗതം ചെയ്യുകയാണു്. ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊണ്ടു് ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യക്ഷമതയെ സംബന്ധിച്ചിടത്തോളവും മറ്റും സംസാരിക്കുകയുണ്ടായി. ഇതിനെ പിൻതാങ്ങിക്കൊണ്ടു് ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചതിൽ കൂടുതലായിട്ടൊന്നുംതന്നെ ഈ അവസരത്തിൽ പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട പറമ്പിത്തറ മാസ്റ്റർ പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

മാതിരി നമ്മുടെ സംസ്ഥാനത്തുള്ള ബോർഡുകളായാലും, കോർപ്പറേഷനുകളായാലും എല്ലാംതന്നെ അവയുടെ പ്രവർത്തനത്തിൽ ദുഷ്പേരു് സമ്പാദിച്ചിട്ടുള്ളതാണു്. അതിൽ ഓരോന്നിലും ഓരോവിധത്തിലുള്ള ഏറാക്കൂറച്ചിലുകളും ഉണ്ടായിട്ടുണ്ടെന്നേയുള്ളൂ. അതിനെപ്പറ്റിയെല്ലാം കൂടുതലായി ഒന്നുംതന്നെ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. പക്ഷെ ഒരു കാര്യം ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണു്. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചു് ഇതുവരെയായിട്ടു് രണ്ടു് മൂന്നു് റിപ്പോർട്ടുകളുണ്ടായിട്ടുണ്ടു്. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം എങ്ങനെ കാര്യക്ഷമമായി നടത്താമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം തവരാജു് കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടു്. ആ റിപ്പോർട്ടിനെപ്പറ്റി ആരും കാര്യമായി ചിന്തിക്കുകയോ ആലോചിക്കുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. ഇലക്ട്രിസിറ്റിയുടെ ഉൽപ്പാദന വിതരണത്തെ സംബന്ധിച്ചിടത്തോളമുള്ള റിപ്പോർട്ടും, അവിടത്തെ ഓവർ സ്റ്റാഫിനെ സംബന്ധിച്ചിടത്തോളമുള്ള റിപ്പോർട്ടും, അവിടത്തെ അഴിമതി ആരോപണത്തെ സംബന്ധിച്ചുള്ള ജസ്റ്റീസ് ശങ്കരന്റെ റിപ്പോർട്ടും വന്നിട്ടുണ്ടു്. ആ റിപ്പോർട്ടുകളെല്ലാം തന്നെ ഈ സഭയിൽ വച്ചു് ചർച്ചചെയ്യുന്നതിനുള്ള അവസരം ഉണ്ടാക്കിത്തരണമെന്ന മാത്രമാണു് എനിക്കു് ഈ അവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ളതു്. ഇലക്ട്രിസിറ്റി ബോർഡിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടും, ബഡ്ജറ്റും ഈ സഭയിൽ വച്ചു് ചർച്ച ചെയ്യാനുള്ള അവസരം ഉണ്ടാകുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. അതെല്ലാം ഇവിടെ വച്ചിട്ടുമുണ്ടു്. അതിനെപ്പറ്റിയുള്ള ചർച്ച നടക്കുമ്പോഴും ഇക്കാര്യങ്ങളെപ്പറ്റി ദീർഘമായി വിമർശിക്കാമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ആ ഭാഗം നിറുത്തുകയാണു്.

ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടു് ഇവിടെ തന്നിട്ടുള്ള ബ്രീഫ്നോട്ടു് വളരെ ഭംഗിയുള്ള ഒന്നാണു്. ഇതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും വളരെ നല്ലതാണു്. മഹാത്മാഗാന്ധിയുടെ ജന്മശതാബ്ദിയോടു് അനുബന്ധിച്ചു് 300 ഗ്രാമങ്ങളും, ഇരുന്നൂറു സെന്ററുകളും വൈദ്യുതീകരിക്കുന്നതിനുവേണ്ടിയാണു് ഈ പ്രമേയംമൂലം പത്തു് കോടി രൂപ കൂടി കടം കൊടുക്കുന്നതിനു ചോദിച്ചിട്ടുള്ളതു്. നമ്മുടെ ഗ്രാമങ്ങളെല്ലാം തന്നെ വൈദ്യുതീകരിക്കണമെന്നുള്ളതു് വളരെ നല്ല ഒരു തത്വമാണു്. പക്ഷെ ആ സന്ദർഭത്തിൽ നാം ഒരു കാര്യംകൂടി ഓർക്കേണ്ടതാണു്. ഇലക്ട്രിസിറ്റി ബോർഡിൽ ഇന്നുള്ള റിസോഴ്സസ് തന്നെ ശരിക്കു് ഉപയോഗപ്രദമാക്കിതീർക്കുന്നുണ്ടോ എന്നു് നോക്കേണ്ടതാണു്. അങ്ങനെ നോക്കുമ്പോൾ എവിടെയോ ചില തകരാറുകളുണ്ടെന്നു് കാണാവുന്നതാണു്. ഞാൻ അതിനു് അനുഭവസ്ഥനാണു്. 1962-ൽ മിനിമം ഗ്യാരൻറി വെച്ചിട്ടുള്ള ഒരാളാണു് ഞാൻ. ഞാൻ താമസിക്കുന്ന പഞ്ചായത്തു് വാസ്തവത്തിൽ ഒരു മുനിസിപ്പാലിറ്റിയാക്കാൻ യോഗ്യതയുള്ള സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണു്. ആ പഞ്ചായത്തു് നിലവിൽ വന്നിട്ടു് 37 കൊല്ലമായി. 37 കൊല്ലങ്ങൾക്കുമുമ്പു നിലവിൽ വന്നിട്ടുള്ള ഒരു പഞ്ചായത്തിന്റെ ഒരു ഭാഗത്തു് താമസിക്കുന്ന ആളാണു് ഞാൻ.

മി. ഡെപ്യൂട്ടി സ്പീക്കർ : അതു് ഏതു് പഞ്ചായത്താണെന്നു് പേരുകൂടി പറഞ്ഞാൽ കൊള്ളാം ?

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : തിരൂർ പഞ്ചായത്തു്. 37 കൊല്ലത്തിനുമുമ്പു നിലവിൽവന്ന ആ പഞ്ചായത്തിൽ താമസിക്കുന്ന എല്ലാ ആളുകൾക്കും ഇന്നും വിദ്യുച്ഛക്തി ലഭിക്കാൻ സാധിക്കാത്ത പരിതഃസ്ഥിതിയാണുള്ളതു്. 1962-ൽ ഞാൻ മിനിമം ഗ്യാരൻറി കൊടുത്തു. ബഹുമാനപ്പെട്ട മന്ത്രി അവിടെവന്നു് അക്കാര്യം വ്യക്തമായി കണ്ടിട്ടുള്ളതാണു്. എന്നിട്ടും അവിടത്തെ ഇന്നത്തെ സ്ഥിതി എന്താണു്? ഉപദേശക കമ്മിറ്റികൂടി ഉണ്ടാക്കി, അതിനുശേഷം പ്രയോറിട്ടി ലിസ്റ്റ് എടുത്തു, അതിനുശേഷം ലൈൻ വലിച്ചു അങ്ങനെ നിറുത്തിയിരിക്കുകയാണു്. ലൈൻ വലിച്ചിട്ടു് ആറുമാസമായി. ഇതുവരെയായിട്ടും മേൽ നടപടികളൊന്നുംതന്നെ ഉണ്ടായിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡിലുള്ളവർക്കു് ഗ്രാമ വൈദ്യുതീകരണത്തിനു്

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹമുണ്ടോയെന്നു് ചോദിച്ചാൽ 'ഇല്ല' എന്നു് ഉത്തരം പറയേണ്ടതായിവരും. ഇന്നുള്ള റിസോഴ്സസ് വച്ചു് ഇലക്ട്രിസിറ്റി കൊടുക്കാൻ അവിടെയുള്ള ഉദ്യോഗസ്ഥന്മാർ അനാസ്ഥ കാണിക്കുകയാണു്. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം ഇന്നൊരു കുഴിയാനയുടെ മട്ടിലാണു് നീങ്ങുന്നതു്. ഞങ്ങളുടെ പഞ്ചായത്തുകളെപ്പോലെ മിനിമം ഗ്യാരന്റി കൊടുത്തിട്ടുള്ള അനേകം പഞ്ചായത്തുകളും നമ്മുടെ സംസ്ഥാനത്തുണ്ടു്. തൃപ്രങ്ങോടു്, പൊൽക്കണ്ടം മുതലായ പഞ്ചായത്തുകളും ഉണ്ടു്. ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മലനാടു് ജില്ലയെ അപേക്ഷിച്ചു് ഇപ്പോഴേ നടപ്പിലാക്കിയ മലപ്പുറം ജില്ല വളരെയധികം പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയാണു്. മലപ്പുറം ജില്ലയിലെ പന്തല്ലൂർ എന്ന സ്ഥലത്തു് വൈദ്യുത വിളക്കുകളും മാത്രമല്ല ബസ്സും പോലും കാണാത്ത ആളുകളും ഇന്നുണ്ടു്. അവിടെയുള്ള ആളുകളും പാള മുറിച്ചാണു് വിശറിയായി ഉപയോഗിക്കുന്നതു്. ''ഹിക്കുമത്തിന്റെ'' വെളിച്ചം ഹിക്കുമത്തിന്റെ വീശുപാളയും കണ്ടിട്ടില്ലാത്ത ജനങ്ങളും ആ നാട്ടിലുണ്ടു്. ഈ നാട്ടിലെ മറ്റുള്ള ഭാഗങ്ങളിലെ ജനങ്ങളോടൊപ്പം അവിടെയുള്ള ജനങ്ങളെയും വളർത്തിക്കൊണ്ടുവരാനുള്ള നടപടികളും ആത്മാർത്ഥമായും ഗവണ്മെന്റു ഭാഗത്തുനിന്നെടുക്കേണ്ടതാണു്. അവിടെയുള്ള എല്ലാ ഗ്രാമങ്ങളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടികളും എടുക്കേണ്ടതാണു്. അതിനു് വേണ്ടി എത്ര പണം ലോണെടുക്കേണ്ടിവന്നാലും തരക്കേടില്ല എന്നാണു് എനിക്കു് പറയുവാനുള്ളതു്. ''കാട്ടിലെ മരം തേവരുടെ ആന, വലിയെടാ വലി'' എന്നുള്ള മട്ടിലാണു് ഇന്നു് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം നീങ്ങുന്നതു്. അവിടെയുള്ള ഉദ്യോഗസ്ഥന്മാർ ആത്മാർത്ഥതയോടുകൂടി പ്രവർത്തിക്കുന്നില്ല എന്നല്ല ഞാൻ പറയുന്നതു്. ഇപ്പോഴും ഇലക്ട്രിസിറ്റി ബോർഡിന്റെ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥൻ വളരെ ആത്മാർത്ഥതയോടുകൂടിയും, സത്യസന്ധമായിട്ടും, വളരെ കാര്യക്ഷമതയോടും കൂടി പ്രവർത്തിക്കുന്ന ഒരാളാണു്. പക്ഷെ ഇതിലെ മെഷിനറി ശരിയായി പ്രവർത്തിക്കുന്നില്ല, അതു് ശരിയായി കറങ്ങുന്നില്ല, അതിലെവിടെയോ തുരുമ്പു പിടിച്ചിട്ടുണ്ടു്, ആ തുരുമ്പു മാറ്റുന്നതിനു് ആവശ്യമായ എണ്ണയിട്ടു് ആ മെഷിൻ നല്ല രീതിയിൽ കറക്കുന്നതിനുള്ള നടപടികളും എടുക്കുന്നതിനു് ആത്മാർത്ഥതയുടെ പ്രതീകമായ ബഹുമാനപ്പെട്ട മന്ത്രി പരിശ്രമിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണു്.

ശ്രീ. കെ. എ. ശിവരാമഭാരതി : സർ, ബഹുമാനപ്പെട്ട കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണു്. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളവും, അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികളെ സംബന്ധിച്ചും വളരെ സജീവമായി ഇവിടെ പലരും പ്രഖ്യാപിച്ചുകഴിഞ്ഞു. അതെല്ലാംതന്നെ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു് ഉപകരിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. രാഷ്ട്രീയ വീക്ഷണകോണിൽനിന്നുള്ള ചില പ്രഖ്യാപനങ്ങളും ഈ അവസരത്തിൽ ഇവിടെയുണ്ടായതു് വളരെ ഖേദകരമാണു്, എന്തെല്ലാം രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നാലും അതെല്ലാം മാറ്റിവച്ചിട്ടു് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണു്. അല്ലാതെ ഇതിന്റെ പ്രവർത്തനത്തിൽ രാഷ്ട്രീയാഭിപ്രായവ്യത്യാസങ്ങളും കടന്നുകൂടാൻ പാടില്ല. ബോർഡിന്റെ പ്രവർത്തനത്തിൽ എടുക്കുന്ന നടപടികളിൽ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം വളരെയേറെ പരിമിതികളുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അങ്ങനെയുള്ള പരിമിതികളുക്കെത്തുനിന്നുകൊണ്ടു് അടിയന്തിരമായി എടുക്കേണ്ട നടപടികളും കഴിയുന്നതുവേഗം എടുക്കുക എന്നുള്ള സ്ഥിതിവിശേഷം ഇവിടെ സംജാതമാകേണ്ടതാണു്.

ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശം മഹാത്മാഗാന്ധിയുടെ ജന്മശതാബ്ദിയോടു അനുബന്ധിച്ചു് 300 ഗ്രാമങ്ങളും വൈദ്യുതീകരിക്കുന്നതിനുവേണ്ടി പത്തുകോടിരൂപ കൂടെ കടം കൊടുക്കുന്നതിനുവേണ്ടിയാണു്. എനിക്കു് ചോദിക്കുവാനുള്ളതു് ഈ സന്ദർഭത്തിൽ എന്തുകൊണ്ടു് കേരളത്തിലെ മുഴുവൻ ഗ്രാമ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും വൈദ്യുതീകരിക്കാനുള്ള നടപടികളും ഈ പദ്ധതിയുടെ ഭാഗമായി എടുത്തുകൂടാ എന്നാണു് നമ്മുടെ സംസ്ഥാനത്തു് ഉള്ള എല്ലാ ഗ്രാമങ്ങളും വൈദ്യുതീകരിക്കുന്നതിനു് വലിയ ഒരു സംഖ്യ വേണ്ടിവരികയില്ലെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അതിനെസംബന്ധിച്ചുള്ള വ്യക്തമായ കണക്കുകൾ എനിക്കു് എടുക്കാൻ സാധിച്ചിട്ടില്ലെങ്കിലും വലിയസംഖ്യയൊന്നും വേണ്ടിവരികയില്ല. മദിരാശി ഗവ്ണ്മെന്റിൽ ഇനി ഒരൊറ്റ വില്ലേജും വൈദ്യുതീകരിക്കാത്തതായി ഇല്ലെന്നു് കാണാവുന്നതാണു്. എന്നാൽ കേരളത്തിലെ സ്ഥിതി അതല്ല. ഇക്കാര്യത്തിൽ കേരളം പുറകിൽ ആകേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ സംസ്ഥാനത്തെ മുഴുവൻ ഗ്രാമങ്ങളും വൈദ്യുതീകരിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുകയാണെങ്കിൽ അതു് ഈ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളവും ബഹുമാനപ്പെട്ട മന്ത്രിയെ സംബന്ധിച്ചിടത്തോളവും ഏറ്റവും വലിയ ഒരു കാര്യമായിരിക്കും. അതുകൊണ്ടു് അക്കാര്യം കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നതെന്നു് ഞാൻ വിചാരിക്കുകയാണു്.

ഇന്നു് നമ്മുടെ സംസ്ഥാനത്തു് പല പദ്ധതികളും നടപ്പിൽ വരുത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും അവയൊന്നുംതന്നെ ഇന്നു് സ്മൃതി മണ്ഡലത്തിൽപ്പോലും വരാത്ത വിധത്തിൽ മാഞ്ഞുപോയിട്ടുള്ളതായി കാണാം. ഞാൻ ഈ അവസരത്തിൽ ചിറ്റൂർ പുഴ പദ്ധതിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുത്താനാഗ്രഹിക്കുകയാണു്. ആ പദ്ധതിയെ സംബന്ധിച്ചിടത്തോളമുള്ള പ്രാരംഭനടപടികളും പൂർത്തിയാക്കിയതായിട്ടാണു് അറിഞ്ഞതു്. ഇപ്പോൾ ആ പദ്ധതി എന്തായി എന്നുപോലും അറിയാൻ പാടില്ല. ശിരുവാണി പദ്ധതിയെ സംബന്ധിച്ചുള്ള അന്വേഷണമെല്ലാം നടത്തുകയും അതിനാവശ്യമായ നടപടികളും എടുക്കുകയും ചെയ്തതാണു്. എന്നാൽ ആ പദ്ധതിയും പിന്നെ എവിടംവരെ എത്തിയെന്നറിഞ്ഞുകൂടാ. പ്രാദേശികമായ ഏതെങ്കിലും പ്രശ്നം ഇതിൽ ഒഴിച്ചു നിറുത്തിയിട്ടുണ്ടോ എന്നു് ഞാൻ സംശയിക്കുകയാണു്. മലബാറിനെ സംബന്ധിച്ചിടത്തോളം പലപ്പോഴും പ്രത്യേകമായ യാതൊരു താല്പര്യവും കാണിക്കുന്നില്ലെന്നുള്ള കാര്യം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണു്. ചില കാര്യങ്ങളെല്ലാം നടപ്പിലാക്കുമ്പോഴും ചില പ്രത്യേക പ്രദേശങ്ങളെ ഒഴിച്ചു നിറുത്തുന്നതുപോലെ ഗ്രാമങ്ങൾക്കു് വളരെയധികം ആവശ്യമുള്ള വൈദ്യുതീകരണപദ്ധതി ഒഴിച്ചു നിറുത്തരുതേയെന്നു് എനിക്കു് അഭ്യർത്ഥനയുണ്ടു്.

അടുത്തതായി എനിക്കു് പറയുവാനുള്ളതു് കാർഷികമേഖലകളും വൈദ്യുതീകരിക്കുന്നതിനെപ്പറ്റിയാണു്. പമ്പുസെറ്റുകളും ഉപയോഗിക്കുകയാണെങ്കിൽ കൃഷികളും കുറെക്കൂടി കാര്യക്ഷമമാക്കുന്നതിനു് സാധിക്കുന്നതാണു്. കാർഷികമേഖലയിൽ പമ്പുസെറ്റുകളുടെ സ്ഥാനം ചെറുതൊന്നുമല്ല, പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനു് വിദ്യുച്ഛക്തി ആവശ്യമാണു്. കാര്യങ്ങൾ വളരെയധികം താൽപര്യത്തോടുകൂടിയും നല്ല നിലയിലും വേഗത്തിലും നടപ്പിലാക്കാൻ ശ്രദ്ധകാണിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം നടപ്പിൽ വരുത്തുന്നതിനു് ശ്രദ്ധകാണിക്കാത്തതിന്റെ കാരണമെന്താണെന്നു മനസിലാകുന്നില്ല. ഗ്രാമപ്രദേശങ്ങളിൽ പമ്പുസെറ്റുകൾ നടപ്പിലാക്കേണ്ടതു് വളരെ അത്യാവശ്യമാണു്. വിശേഷിച്ചും മഴകുറവുള്ള പ്രദേശങ്ങളിൽ. ചിറ്റൂർ മുതലായ സ്ഥലങ്ങളിൽ മുപ്പതു്, നാൽപതു് ഡിഗ്രി മഴ മാത്രമേ കിട്ടുകയുള്ളു. പാറശ്ശാല മുതൽ കാസർകോടുവരെയുള്ള സ്ഥലത്തെ കിഴക്കൻ പ്രദേശങ്ങളിൽ മഴ തീരെ കുറവാണു്. അവിടെയെല്ലാം കാർഷികാഭിവൃദ്ധിക്കുവേണ്ടി പമ്പുസെറ്റുകൾ സ്ഥാപിക്കേണ്ടതാവശ്യമാണു്. അതുകൊണ്ടു് ഈ പ്രദേശങ്ങളെല്ലാം വൈദ്യുതീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

ഒരു കാര്യം കൂടി ചൂണ്ടിക്കാണിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം. പഞ്ചസാരമില്ലുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ കരിമ്പു കൃഷിചെയ്യുന്ന



LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളെല്ലാം തന്നെ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികളും എടുക്കേണ്ടതാണു്. ഇന്നു കരിമ്പു കൃഷി ചെയ്യുന്ന പല സ്ഥലങ്ങളിലും ആവശ്യത്തിനു് വെള്ളം കിട്ടാത്തതു കൊണ്ടു് കൃഷിചെയ്യാൻ സാധിക്കുന്നില്ല. അതിന്റെ ഫലമായി ഷുഗർമില്ലുകളും നടത്താൻ സാധിക്കാതെ വരുന്നു. ഇപ്പോൾ മദിരാശിയിൽ നിന്നും മറ്റുമാണു് ആവശ്യത്തിനുള്ള കരിമ്പു കൊണ്ടുവരുന്നതു്. അവർ അവിടെ പുതിയ മില്ലുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായി അറിയുന്നു. ഇവിടെ ആവശ്യത്തിനുള്ള കരിമ്പു കൃഷി ചെയ്യെടുക്കാൻ സാധിക്കുകയാണെങ്കിൽ ഇവിടെയുള്ള ഷുഗർ മില്ലുകളും എല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനു് സാധിക്കുന്നതാണു്. അതുകൊണ്ടു് കരിമ്പു കൃഷിചെയ്യുന്ന പ്രദേശങ്ങളിൽ ആവശ്യമായ വെള്ളം കിട്ടുന്നതിനുവേണ്ടി പമ്പു സെറ്റുകളും പ്രവർത്തിപ്പിക്കുന്നതിനു് അവിടെയെല്ലാം തന്നെ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണു്. ഇക്കാര്യങ്ങളെല്ലാം വച്ചുനോക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ചോദിച്ചിട്ടുള്ള സംഖ്യ വളരെ അധികമല്ല എന്നു് കാണാവുന്നതാണു്. അദ്ദേഹത്തിനു നിശ്ചയമായും കൂടുതൽസംഖ്യ ചോദിക്കാമായിരുന്നു. ഇതുപോലെയുള്ള ആവശ്യങ്ങൾക്കുവേണ്ടി ചോദിക്കുന്ന സംഖ്യ പാസാക്കി തരുന്നതിനു് ഈ സഭയിലെ എല്ലാ അംഗങ്ങളും തയ്യാറാകുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഈ പ്രമേയത്തെ പിൻതാങ്ങിക്കൊണ്ടു് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ : ഈ പ്രമേയം വായിച്ച ഉടനെ എനിക്കുണ്ടായ പ്രതികരണം ഇതിനെ ശക്തിയായി എതിർക്കണമെന്നുള്ളതായിരുന്നു. എന്നാൽ ഇതിനോടനുബന്ധിച്ചുള്ള ബ്രീഫ്നോട്ടു് വായിച്ച അവസരത്തിൽ, വിശേഷിച്ചു് ഗാന്ധി സെന്റിനറി സെലിബ്രേഷൻകാലത്തു് ഗ്രാമങ്ങൾ വൈദ്യുതീകരിക്കുന്നതിനുവേണ്ടിയാണു് ഈ തുക ചെലവാക്കുന്നതെന്നുള്ള കാര്യം മനസ്സിലായപ്പോഴാണു് ഞാൻ ഈ പ്രമേയത്തെ എതിർക്കാതിരിക്കാൻ തീരുമാനിച്ചതു്. ഈ പ്രമേയത്തെ എതിർക്കാനുള്ള പ്രതികരണം എന്നിൽ ഉണ്ടാക്കിയതു് എലക്ട്രിസിറ്റി ബോർഡു് കടം എടുക്കുന്നു എന്നുള്ളതാണു്. കേരള എലക്ട്രിസിറ്റി ബോർഡിനു് കടമെടുക്കാനുള്ള കഴിവും സാഹചര്യവുമാണോ ഇന്നുള്ളതു് എന്നതിനെ പരിഗണിച്ചുകൊണ്ടാണു് ഈ പ്രമേയത്തെ എതിർക്കണമെന്ന അഭിപ്രായമുണ്ടായതു്. ഈ സംഖ്യ കടമെടുക്കുന്നതു് എലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകളുടെ ചെലവിനു വേണ്ടിയല്ല എന്നുള്ളതും, ഉല്പാദിക്കപ്പെട്ടിട്ടുള്ള എലക്ട്രിസിറ്റി വിതരണം ചെയ്യുന്ന കാര്യത്തിനാണെന്നുമുള്ളതാണു് ഒരു പ്രത്യേകത. ആ നിലയിൽ പരിഗണിക്കുമ്പോൾ ഇവിടെ നടന്നിട്ടുള്ള പല വിമർശനങ്ങളും അപ്രസക്തമാണെന്നു കാണാം. വിശേഷിച്ചും ജസ്റ്റിസ് ശങ്കരൻ കമ്മിഷന്റെ റിപ്പോർട്ടിലും മറ്റും പ്രത്യേകമായി സ്പർശിക്കുന്നതു് മറ്റു കാര്യങ്ങളെയാണു്. എന്നാൽ ഇതിന്റെ സാമ്പത്തിക വശങ്ങളെ സ്പർശിക്കുന്ന ചില റിപ്പോർട്ടുകളും ബോർഡിന്റെ മുമ്പിലുണ്ടു്. അവ അടിയന്തിരമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതു് ബോർഡിന്റെ നിലനിൽപിനുതന്നെയും അനുപേക്ഷണീയമായിട്ടുള്ളതാണു്. ഇന്നുള്ള റിട്ടേൺസിന്റെ തോതുവച്ചു നോക്കുകയാണെങ്കിൽ എത്രകാലം ഇങ്ങനെ നടത്തിക്കൊണ്ടു പോകാൻ സാധിക്കുമെന്നുള്ളതു് വളരെ സംശയാസ്പദമായിട്ടുള്ള കാര്യമാണു്. ലാഭകരമായി നടത്താൻ സാധിച്ചില്ലെങ്കിൽത്തന്നെയും സ്വയംപര്യാപ്തത കൈവരുത്താൻ സാധിച്ചാൽ അതുതന്നെ മെച്ചമാണു്. ഇതൊരു വ്യവസായ സ്ഥാപനമാണെന്നുള്ള നിലയിൽ ലാഭകരമായി നടത്താൻ സാധിച്ചില്ലെങ്കിൽത്തന്നെയും, ഇതൊരു ജഡാധിപത്യപരമായ സ്ഥാപനമാണെന്നുള്ള നിലയിൽ കണക്കിലെടുത്താൽ, ലാഭകരമായിട്ടല്ലെങ്കിലും സ്വയംപര്യാപ്തത ഉണ്ടാക്കേണ്ടതു് വളരെ ആവശ്യമാണു്. ആ നിലവച്ചു നോക്കുമ്പോൾ എടുക്കാൻ പോകുന്ന ലോൺ ഏതു നിലയിൽ ചെലവാക്കാൻ പോകുന്നു എന്നുള്ളതു് കാര്യമായി പരിഗണിക്കേണ്ട കാര്യമാണു്. നിയമസഭയിൽ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുള്ളതു്, ഏതാണ്ടു് 25 കോടിയോളം രൂപ

LIBRARY ARCHIVES Kerala Legislative Assembly

പലിശയിനത്തിൽ കൊടുത്തുതീർക്കാൻ ഉണ്ടെന്നാണു്. ഇതു് അകൃമലോറു് ചെയ്യുകയല്ലാതെ ഭാരം കുറഞ്ഞുവരുന്നതായി കാണാൻ സാധിക്കുന്നില്ല. ഇത്രയും ഭാരിച്ച കടമുള്ള ഒരു സ്ഥാപനം വീണ്ടും കടമെടുത്തു് മറ്റു രംഗങ്ങളിൽ പ്രവർത്തിക്കാൻ മുതിരുമ്പോൾ നൃനതകളം പരിഹരിക്കാൻ ശ്രമിക്കേണ്ടതായിരുന്നു. ഇന്നു കടമെടുത്തിട്ടുള്ള സംഖ്യകളെല്ലാം ഉല്പാദനപരമായ കാര്യങ്ങൾക്കുവേണ്ടി ചെലവാക്കുന്നു എന്നു പറയുമ്പോൾ മറ്റു ചില കേന്ദ്രങ്ങളിൽ സ്തംഭനം ഉണ്ടാകും. അതു് റിട്ടേൺസു് കിട്ടാനുള്ള കാലതാമസംകൊണ്ടു് ഉണ്ടാകുന്ന ബുദ്ധിമുട്ടാണെന്നു് പറയുമായിരിക്കാം; അതു് ഇപ്പോൾ പ്രസക്തമല്ലാത്തതുകൊണ്ടു് ഞാൻ ആ കാര്യത്തിലേക്കു് കടക്കുന്നില്ല. മറ്റു സന്ദർഭത്തിലാകാം. ഇവിടെ ഇപ്പോൾ, പൊതുജനങ്ങളിൽനിന്നും എൽ. ഐ. സി.യിൽ നിന്നും കടമെടുക്കാൻ തീരുമാനിച്ചിരിക്കുകയാണു്. പൊതുജനങ്ങളിൽനിന്നു് കടമെടുക്കാൻ തീരുമാനിക്കുമ്പോൾ കടംതരുന്ന പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം, അതിന്റെ ഉപയോഗത്തെക്കുറിച്ചു് ആത്മവിശ്വാസമുണ്ടാകണം. ഇതിന്റെ പലിശ നിസ്സാരമാണെങ്കിൽതന്നെയും, നല്ല കാര്യങ്ങൾക്കാണല്ലൊ നീക്കിവക്കുന്നതു് എന്നുള്ള മനസ്ഥിതി പൊതുജനങ്ങളിൽ ഉണ്ടാകണമെങ്കിൽ അതു് ഏതു രീതിയിൽ ഉപയോഗിക്കുന്നു എന്നുള്ളതിനെ ആശ്രയിച്ചിരിക്കും. ഇന്നു കടമെടുത്തിട്ടുള്ള സംഖ്യയുടെ പലിശ മുഴുവനായി കൊടുത്താൽ ഉണ്ടാകുന്ന സ്ഥിതി എന്താണു്. എടുക്കാൻ പോകുന്ന കടത്തെ സംബന്ധിച്ചിടത്തോളം പലിശനിരക്കു് എന്താണു്, ആ പലിശ നിരക്കനുസരിച്ചു് ചെലവുചെയ്തു കഴിഞ്ഞാൽ അതിൽനിന്നു് റിട്ടേൺസു് എന്തുണ്ടാകും എന്നീ കാര്യങ്ങളെല്ലാം വളരെ കാര്യമായി പരിഗണിക്കണം. ഈ സഭയിൽ മുൻപു് നൽകിയിട്ടുള്ള ഉത്തരത്തിൽനിന്നു വ്യക്തമായിട്ടുള്ളതു്, ബോർഡിനു വളരെ സംഖ്യ പിരിഞ്ഞുകിട്ടാനുണ്ടെന്നാണു്. പിരിഞ്ഞുകിട്ടാനുള്ള സംഖ്യ കാലാകാലങ്ങളിൽ ഈടാക്കാനുള്ള പ്രവർത്തനങ്ങളം ത്വരിതപ്പെടുത്തിയില്ലെങ്കിൽ വിതരണ കാര്യത്തിൽവരുന്ന ചെവലിന്റെ ശിരയായ റിട്ടേൺസു് കിട്ടുന്നതിനു് വളരെയധികം ബുദ്ധിമുട്ടുണ്ടാകും. തിരിച്ചു കിട്ടാനുള്ള സംഖ്യയെ സംബന്ധിച്ചിടത്തോളം പലിശ കാര്യമായി ഈടാക്കാൻ സാധിക്കുകയില്ല. അതേയവസരത്തിൽ ബോർഡു് കൊടുക്കാനുള്ള പലിശ അടച്ചുതീർക്കുകയും വേണം. ഇങ്ങനെയുള്ള സ്ഥിതിവിശേഷം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ആവശ്യമായ പരിഷ്കാരങ്ങം വരുത്തേണ്ടതാണു്. ബോർഡിന്റെ റവന്യു കളക്ഷന്റെ കാര്യത്തിലും മറ്റും വളരെയധികം മാറ്റം വരുത്തണം. കൺസ്യൂമറെ സംബന്ധിച്ചാണെങ്കിൽ അതാതു മാസത്തെ ബിൽനൽകുകയാണെങ്കിൽ യഥാസമയം പണമടക്കാൻ കഴിയും. കാലാകാലങ്ങളിൽ ബിൽ നൽകാനുള്ള ഏർപ്പാടു് ഉണ്ടാകാതിരിക്കുക എന്നുവെച്ചാൽ അതിന്റെ അർത്ഥം സ്വാഭാവികമായി ഈ സംഖ്യ കൂടിക്കൂടി വരികയെന്നുള്ളതാണു്. അങ്ങനെ വരുന്ന അവസരത്തിൽ അതു കൊടുക്കാൻ ചുമതലപ്പെട്ട കൺസ്യൂമർക്കു് കൊടുക്കാൻ ബുദ്ധിമുട്ടുണ്ടാകും. അങ്ങനെ വരുമ്പോൾ ബോർഡിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത സ്ഥിതിവിശേഷം വരും.

ഗാന്ധി ശതാബ്ദിയാഘോഷ കാലത്തു് 300 ഗ്രാമങ്ങളും 200 പ്രധാന കേന്ദ്രങ്ങളും തിരഞ്ഞെടുത്തു് അവിടെ ഇലക്ട്രിസിറ്റി വികസിപ്പിക്കാനുള്ള ആവശ്യത്തിനാണു് കടം എടുക്കാൻ പോകുന്നതെന്നു പറയുകയാണു്. ആ കാര്യം പരിഗണിക്കുമ്പോൾ, സാമ്പത്തിക കാര്യങ്ങളെ ബാധിക്കുന്ന നിലയിൽ നൽകിയിട്ടുള്ള വിദഗ്ദ്ധറിപ്പോർട്ടുകളം ബോർഡിന്റെ മുൻപിലുണ്ടു്. അതു നടപ്പിലാക്കുന്നതിൽ വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ടു്. ഏറ്റവും പ്രധാനമായിട്ടുള്ള ഒരു കാര്യം ബോർഡിനു് കിട്ടാനുള്ള തുക കണിശമായി ഈടാക്കാൻ സാധിക്കാതെ വരികയും ബോർഡു് കടക്കാർക്കു് കൊടുക്കാനുള്ള തുക കൊടുത്തുതീർക്കാൻ സാധിക്കാതെ കടം കുന്നുകൂടി കിടക്കുകയും ചെയ്യുന്ന സ്ഥിതി ബോർഡിനെ സാമ്പത്തിക തകർച്ചയിലേക്കു് എത്തിക്കുമെന്നുള്ളതാണു്. ഗവണ്മെൻറിന്റെ സഹായത്തോടുകൂടി പൊതുജനാവു് ഉപയോഗിച്ചു് ബോർഡിനെ രക്ഷപ്പെടുത്തേണ്ട ഒരു ഘട്ടം വന്നുകൂടായ്കയില്ല എന്നാണു് ഞാൻ ഭയപ്പെടുന്നതു്. അതുപോലെതന്നെ ഇലക്ട്രിസിറ്റി വിത

LIBRARY ARCHIVES Kerala Legislative Assembly

രണത്തിന്റെ കാര്യത്തിലും തീർച്ചയായും ലാഭമുണ്ടാക്കിയില്ലെങ്കിലും ചേതം വരാത്ത രീതിയിൽ ഏർപ്പാട് ചെയ്യണം. അതുകൊണ്ട് എല്ലാ രംഗങ്ങളിലും ചെലവ് ചുരുക്കിക്കൊണ്ട്, ഒരിക്കലും നഷ്ടംവരാത്ത രീതിയിൽ, അത്യാവശ്യമാണെങ്കിൽ ചാർജ്ജ് വർദ്ധിപ്പിക്കുന്നതിലും വിരോധമില്ല. എന്നുവച്ച് കറൻറ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്നല്ല, ഞാൻ പറയുന്നത്. അതേയവസരത്തിൽ ഇത് ഒരു പൊതുജനോപകാരപ്രദമായ കാര്യമായതുകൊണ്ട് ആദായത്തിന്റെ മാർഗ്ഗമായി സ്വീകരിക്കാതെ ശരിയായി പ്രവർത്തിക്കാനുള്ള ആത്മാർത്ഥമായ നീക്കം ഉണ്ടാകണം. അങ്ങനെയുള്ള ആത്മാർത്ഥമായ ശ്രമത്തിൽ ഈ പ്രമേയത്തിൽ പറയുന്ന കാര്യങ്ങളും ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടുകൂടി ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ) : എലക്ട്രിസിറ്റി ബോർഡിനെപ്പറ്റി ചർച്ച ചെയ്യുന്നതിനു് സാധാരണയായി വളരെ കുറച്ചു സന്ദർഭം മാത്രമാണു് നമ്മുടെ നിയമസഭക്കു് ലഭിക്കുക. അതുകൊണ്ടു് ഈ സന്ദർഭം ഉപയോഗിച്ചു് എലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു് വിവിധ കേന്ദ്രങ്ങളിൽനിന്നു് വിമർശനങ്ങൾ വന്നതു് അപ്രസക്തമാണെന്നു ഞാൻ കണക്കാക്കുന്നില്ല. എന്നാൽ ഈ വസ്തുത വ്യക്തമായി ധരിക്കാതെ വന്നിട്ടുള്ള ചില വിമർശനങ്ങൾക്കു് മറുപടി പറയേണ്ടതു് എന്റെ ചുമതലയാണെന്നു ഞാൻ കണക്കാക്കുന്നു. വിശേഷിച്ചും കടം വാങ്ങാനുള്ള കാര്യവുമായി വരുമ്പോൾ കടം ആരെങ്കിലും തരണമെങ്കിൽത്തന്നെ, നാം ഇവിടെ എത്ര പ്രമേയം അംഗീകരിച്ചാലും ആ സ്ഥാപനത്തിന്റെ സാമ്പത്തികമായ സുസ്ഥിതിയെ ആശ്രയിച്ചിരിക്കും കടം കിട്ടുക. അതുകൊണ്ടു് എലക്ട്രിസിറ്റി ബോർഡിന്റെ സാമ്പത്തിക മായ സ്ഥിതി വളരെയേറെ അപകടകരമാണു്, ഇതങ്ങു് പിരിച്ചുവിട്ടാൽമതി എന്നു വരെ ചില സ്നേഹിതന്മാർ പറയുമ്പോൾ അവരുടെ ധാരണയിൽ ചില പോരായ്മകളുണ്ടെന്നു് ചൂണ്ടിക്കാണിക്കാൻ ഞാൻ നിർബന്ധിതനാണു്. എലക്ട്രിസിറ്റി ബോർഡ് ഒരു വ്യാവസായിക സ്ഥാപനമാണു്. ശാസ്ത്രീയമായ ഒരു സാമ്പത്തിക സമീപനം ഇതിന്റെ പ്രവർത്തനത്തിൽ ആവശ്യമാണെന്നു പറയുമ്പോൾ ഏറ്റവും പ്രധാനമായിട്ടുള്ളതു് ഇതിന്റെ മൂലധനമെന്തു്, ഇതിന്റെ വർക്കിംഗ് ക്യാപിറ്റൽ എന്തു്, ഇതിന്റെ റിട്ടേൺസ് എന്തു് എന്നുള്ള കാര്യമാണു്. നിർഭാഗ്യവശാൽ ഇതിന്റെ മൂലധനംതന്നെ കടമാണു്. 112 കോടി രൂപ ഗവണ്മെൻറിൽ നിന്നു് കടമായി കിട്ടിയിട്ടുള്ളതാണു്. ഇതു് എലക്ട്രിസിറ്റി ബോർഡിന്റെ പിശുക്കുകൊണ്ടു വന്നതല്ല. എലക്ട്രിസിറ്റി ബോർഡ് ആക്ടിൽത്തന്നെ ഗവണ്മെൻറിൽനിന്നും കടമായി കിട്ടുന്ന തുക മൂലധനമാക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അടിസ്ഥാനപരമായ കാര്യങ്ങൾ മറന്നുകൊണ്ടു് നാം ഇതിന്റെ സാമ്പത്തികസ്ഥിതി പരിശോധിച്ചാൽ പറ്റുകയില്ല. കാരണം എന്താണു് ? എലക്ട്രിസിറ്റി സപ്ലൈ ആക്ടിലെ 67-ാം വകുപ്പിൽ 'Priority of liabilities' അതായതു് ബാധ്യതകളെപ്പറ്റി നിശ്ചയിച്ചിട്ടുണ്ടു്. 'Interest on bonds not guaranteed under Section 66, interest on stock not so guaranteed, credit to depreciation, ഇവയേക്കാൾ മുൻഗണന കൊടുക്കേണ്ടതു് ഗവണ്മെൻറ് കടത്തിനാണു്. അതായതു്, 'repayment of loans advanced to the Board under section 4 and required to be repaid; 'interest on loans advanced or deemed to be advanced to the Board under section 64 including arrears of such interest. ഇവയാണു് ഇതു സംബന്ധിച്ച നിബന്ധനകൾ. ബോർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ തന്നെ മൂലധന നിക്ഷേപമായി ഇത്ര രൂപാ തന്നിരിക്കുന്നു എന്നുപറഞ്ഞില്ലെങ്കിൽ തന്നെയും ഏറ്റക്കുറെ അതു ഉദ്ദേശിച്ചുകൊണ്ടാണു് പണം കൊടുത്തിരിക്കുന്നതു്. ബോർഡിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾകൊണ്ടു് പലിശ ഇനത്തിൽത്തന്നെ 25 കോടി രൂപ വന്നിരിക്കുന്നു, ഇതു് ഒട്ടും കൊടുത്തിട്ടില്ലെന്നൊക്കെ പറയുന്നതു കേൾക്കുമ്പോൾ പരിഭ്രമം തോന്നും. അങ്ങനെ അപകടത്തിലാണോ നിൽക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതു്. അല്ല. 18 കോടി പലിശയായി കൊടുക്കാനുള്ളതാണു്. അതിൽ 9 കോടി രൂപ ക്യാപ്പിറ്റൽ ഇൻവെസ്റ്റുമെൻറായിട്ടു് ഇതിൽ തിരിയെ നിക്ഷേപിക്കുകയാണു്.

കഴിഞ്ഞ ഒന്നരണ്ടു കൊല്ലമായി ഒരുകോടി രൂപയും രണ്ടുകോടി രൂപയും വീതം പലിശ കൊടുത്തുകൊണ്ടിരിക്കുകയാണു്. ഒരു വ്യാവസായിക സ്ഥാപനമെന്ന നിലയിൽ ഇതിനെ വിലയിരുത്തുമ്പോൾ അതെവിടെ നിൽക്കുന്നു, അതിനു് എന്തു് ഇംപ്രൂവ്മെൻറു് ഉണ്ടായിട്ടുണ്ടെന്നു നോക്കിയാൽ കഴിഞ്ഞ രണ്ടുമൂന്നു വർഷമായി ഇതിൻെറ സാമ്പത്തിക നില മെച്ചപ്പെട്ട വരികയാണെന്നു കാണാൻ കഴിയും. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ധാരണപോലെ അത്ര അപകടകരമായ നിലയിലല്ല ഇതിൻെറ സാമ്പത്തിക സ്ഥിതി. 12 Noon]

മറെറാന്നു് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പലിശയുടെ കാര്യമാണു്. ഒരു പണി തുടങ്ങി അഞ്ചെട്ടുകൊല്ലം കഴിഞ്ഞാണു് അതു പൂർത്തിയായി പ്രതിഫലം കിട്ടിത്തുടങ്ങുന്നതു്. പക്ഷെ പണിതുടങ്ങുമ്പോൾ തന്നെ പലിശ കൊടുത്തുകൊണ്ടിരിക്കുകയും വേണം. ശബരിഗിരി പദ്ധതി 35 കോടി രൂപയുടെ എർപ്പാടുള്ളതാണു്. അതിൻെറ പണി പൂർത്തിയാകുന്നതിനുമുമ്പു മുതൽതന്നെ പലിശ കൊടുത്തുതുടങ്ങണം. എല്ലാ ഇലക്ട്രിസിറ്റി ബോർഡുകളും ഈ പ്രശ്നം അതാതു ഗവണ്മെൻറിൻെറയും പ്ലാനിംഗ് കമ്മീഷൻെറയും മുമ്പിൽ ഉന്നയിച്ചിട്ടുണ്ടു്. പക്ഷേ ഇതുവരെക്കും ഇതു സംബന്ധിച്ച ശാസ്ത്രീയമായ സമീപനത്തിനു് സന്നദ്ധമാകാത്തതുകൊണ്ടാണു് പലിശ കൊടുക്കേണ്ടിവരുന്നതു്. സാമ്പത്തിക ഭദ്രതയെപ്പറ്റി പറയുമ്പോൾ ഒരു കാര്യം പറയേണ്ടതുണ്ടു്. ഓരോവർഷവും ഇരു ശതമാനം വരെ ലാഭം ഉണ്ടാക്കത്തക്ക രീതിയിൽ ഓരോ സ്ഥാപനവും പ്രവർത്തിക്കുന്നുണ്ടു്. ബോർഡിൻെറ മൊത്തത്തിലുള്ള സാമ്പത്തിക നില മോശമാണു്, അപകടമാണെന്നുള്ള പരിഭ്രമത്തിനു് അവകാശമില്ലെന്നു് ഞാൻ പറയുകയാണു്.

ശ്രീ. ഇ. ജോൺജേക്കബ്ബു് : ഓവർ ക്യാപ്പിറ്റലൈസേഷൻ എന്ന നിലയിൽ ബോർഡു് പ്രവർത്തിക്കുന്നു എന്ന ധാരണ ഗവണ്മെൻറിനുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഇല്ല. പിന്നെ ഇവിടെ വന്ന വിമർശനങ്ങളിൽ വളരെ പ്രധാനമായിട്ടുള്ളതു് ബോർഡിൻെറ പ്രവർത്തനത്തെ സംബന്ധിച്ചാണു്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഹമീദു് ചൂണ്ടിക്കാണിച്ചതുപോലെ ഈ ബോർഡിൻെറ പ്രവർത്തനം എങ്ങനെ നന്നാക്കാൻ കഴിയുമെന്നുള്ള കാര്യം ചില കമ്മീഷനുകളെവച്ചു് അതിൻെറ പ്രവർത്തനം പരിശോധിച്ചതിനുശേഷം മാത്രമേ തീർച്ചയാക്കാൻ കഴിയുകയുള്ള. അങ്ങനെയുള്ള കമ്മീഷൻ റിപ്പോർട്ടുകൾ വന്നിട്ടുണ്ടു്. അതിൽ ഒരു റിപ്പോർട്ടും അവഗണിച്ചിട്ടില്ലെന്നുമാത്രമല്ല ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പല മാറ്റങ്ങളും പ്രവർത്തനത്തിൽ വരുത്തിയിട്ടുമുണ്ടു്. ഇതിൻെറ അർത്ഥം ബോർഡിൻെറ പ്രവർത്തനമെല്ലാം ശരിയായിപ്പോയി എന്നു വാദിക്കുന്നതായി ധരിക്കരുതു്. ഇപ്പോൾ ബോർഡിൻെറ പ്രവർത്തനങ്ങൾ തുടങ്ങിയതുമുതൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാനുള്ള വ്യഗ്രതകൊണ്ടു് ട്രാൻസ്മിഷൻ കാര്യത്തെ വിസ്മരിച്ചിട്ടു മൂന്നു് അലോക്കേഷൻ മുഴുവൻ ജനറേഷനാണു് (ഉല്പാദനത്തിനാണു്) ഉപയോഗിച്ചതു്. ഉദാഹരണമായി ശബരിഗിരിയെ സംബന്ധിച്ചു ജനറേഷൻ കപ്പാസിറ്റി നിശ്ചയിച്ചിട്ടുണ്ടു് ; ഡിസ്ട്രിബ്യൂഷൻ—വിതരണം സംബന്ധിച്ചു് തുല്യമായ എർപ്പാടില്ല. ഒട്ടും ഇല്ലെന്ന ഇക്കാര്യം കെ. പി. എസ്. നായരുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. മറു പലരും പറഞ്ഞിട്ടുണ്ടു്, ശബരിഗിരിയിലെ വിദ്യുച്ഛക്തി മുഴുവൻ പ്രയോജനപ്പെടുത്തത്തക്ക രീതിയിലുള്ള ട്രാൻസ്മിഷൻ ലൈൻ സ്റ്റേറ്റിനകത്തു തുടങ്ങിയിട്ടില്ല. കുറെ വിദ്യുച്ഛക്തി മദ്രാസ് സ്റ്റേറ്റിനു കൊടുക്കുകയാണു്. കൊടുക്കാനുള്ള രണ്ടുകൊല്ലത്തെ കരാർ ഒപ്പുവച്ചുകഴിഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് അക്കാര്യത്തിൽ നഷ്ടം വരുകയില്ല. ഇവിടത്തെ ട്രാൻസ്മിഷൻ ലൈൻ ഇനി കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. കെ. പി. എസ്. നായരുടെ റിപ്പോർട്ടിൽ പറയുന്നതു് ഒരു ശ്രുപ ജനറേഷനു് (ഉല്പാദനത്തിനു്) ഇൻവെസ്റ്റു ചെയ്യുമ്പോഴും അതുപോലെ ഒരു ശ്രുപ ട്രാൻസ്മിഷനും ഇൻവെസ്റ്റു ചെയ്യണമെന്നാണു്. അതു പൂർണ്ണമായി നടപ്പാക്കിയില്ലെങ്കിലും ഒരതിർത്തിവരെ എങ്കിലും അതിനു സ്വീകരിച്ചിട്ടുള്ള വിക്ഷേപം വന്നില്ലെങ്കിൽ ഡിസ്ട്രിബ്യൂഷന്റെ കാര്യത്തിൽ കുഴപ്പംവരും. അതിനു പണം വേണം. അതിനു പണം വേണമെന്നു പറയുമ്പോഴും ഇവിടെ ബഹുമാനപ്പെട്ട ചില മെമ്പറന്മാർ ചൂണ്ടിക്കാണിച്ചതുപോലെ തുടങ്ങി വച്ച ഇടുക്കിപദ്ധതി, കുറിയാടി പദ്ധതി, ഇടമലയാർ പദ്ധതി ഈ കാര്യങ്ങളെയൊക്കെ തള്ളി മാറിനങ്ങളിൽ കാണിച്ച പിശകു് ഇനിയും വരാൻ പാടില്ല. രണ്ടിനത്തിനും കൂടി ആവശ്യമുള്ള പണം തരുന്നതിനു് പ്ലാനിംഗ് കമ്മിഷനോ ഗവണ്മെൻറിനോ കഴിയാത്ത സാഹചര്യം വന്നിരിക്കുന്നു എന്നുള്ള നേരു് നമ്മുടെ മുമ്പിലുണ്ടു്. ഇറിഗേഷന്റെ കാര്യം ഇവിടെ ചർച്ചക്കു വിഷയമായിട്ടുള്ളതാണു്. തുടങ്ങിവച്ച പണിക്കാവശ്യമുള്ള പണം നീക്കിവയ്ക്കാൻ ഗവണ്മെൻറിനോ പ്ലാനിംഗ് കമ്മീഷനോ കഴിയുന്നില്ല ഈ സാഹചര്യത്തിൽ ഇങ്ങനെയുള്ള ബുദ്ധിമുട്ടു് തരണം ചെയ്യാനുള്ള ആലോചനയുടെ ഫലമായിട്ടാണു് സാധാരണ ഒരു വ്യവസായ സ്ഥാപനത്തിൽ കടമെടുക്കുന്നതു്. അങ്ങനെ കടം മേടിച്ചു് അതു പരിഹരിക്കാൻ കഴിയുമോ എന്നാണു് നോക്കുന്നതു്.

ശ്രീ. എം. കെ. എ. ഹമീദ്: നാലാം പദ്ധതി പൂർത്തിയാകുന്നതോടുകൂടി ട്രാൻസ്മിഷൻ ലൈനിന്റെ പണി പൂർത്തിയാകുമെന്നുള്ളതു ശരിതന്നെ. രണ്ടും മൂന്നും പദ്ധതിക്കാലത്തു് ആരംഭിച്ച പണിതന്നെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നു് കെ. പി. എസ്. നായർ പറഞ്ഞിട്ടുണ്ടു്. ഇങ്ങനെയുള്ള സ്ഥിതി ഉണ്ടാകാതിരിക്കാനുള്ള നടപടികൂടി സ്വീകരിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഒന്നാം പദ്ധതിക്കാലത്തും രണ്ടാം പദ്ധതിക്കാലത്തും ട്രാൻസ്മിഷനുവേണ്ടിയിട്ടു് ആവശ്യമായ തുക നീക്കി വയ്ക്കാത്തതുകൊണ്ടു് വിഷമം ഉണ്ടായിട്ടുണ്ടു്. ഇതു് പരിഹരിക്കണമെന്നുവരികിൽ ട്രാൻസ്മിഷന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കണം. അങ്ങനെയുള്ള ശ്രദ്ധ ഇന്നു് ബോർഡു് ചെലുത്തുന്നുണ്ടെന്നു മാത്രമല്ല കെ. പി. എസ്. നായർ പറഞ്ഞിട്ടുള്ള പല കാര്യങ്ങളും നടപ്പാക്കിയിട്ടുണ്ടു്. പ്രധാനമായിട്ടുള്ള ഹൈടെൻഷൻ ലൈനുകളും 11 കെ. വി. ലൈൻ, 66 കെ. വി. ലൈൻ ഇതിന്റെയൊക്കെ പണി സംസ്ഥാനത്തു് കുറെയൊക്കെ നടന്നിട്ടുണ്ടു്. ഈ വർഷം കഴിയുമ്പോഴും 15 സബ് സ്റ്റേഷൻ പണി പൂർത്തിയായി പ്രവർത്തനം തുടങ്ങും. കഴിഞ്ഞവർഷം 5 സബ് സ്റ്റേഷൻ പുത്തനായി പണിതുകഴിഞ്ഞിട്ടുണ്ടു്. ഇതുപോലെ നിലവിലുള്ള സബ് സ്റ്റേഷനുകളുടെതന്നെ കപ്പാസിറ്റി വർദ്ധിപ്പിക്കത്തക്ക രീതിയിലുള്ള നടപടികളും എടുത്തിട്ടുണ്ടു്. അങ്ങനെ ട്രാൻസ്മിഷൻ ലൈനുകളുടെ കാര്യത്തിൽ മുമ്പെങ്ങുമില്ലാത്തവണ്ണം ബോർഡു് ഒന്നരക്കൊല്ലം വർഷമായി ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടു്. ഞാൻ ഈ പറഞ്ഞ സബ് സ്റ്റേഷനുകളുടെ പണി മുഴുവൻ കഴിയാത്ത ഒരു തടസ്സം വന്നിട്ടുണ്ടു്. അതു് സ്ഥലം കൈവശം കിട്ടാത്തതുകൊണ്ടാണു്. അതുകൂടി കിട്ടിയാൽ 17 സബ് സ്റ്റേഷനുകളും തീർച്ചയായും ഈ ഡിസംബറിലോ മാർച്ചിനകമോ പൂർത്തിയാകും. ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ഒരു അഭിവൃദ്ധിയാണിതു്. അതുപോലെ നാമാഗ്രഹിക്കുന്ന പദ്ധതി നടപ്പാക്കണമെന്നുവരികിൽ, 300 ഗ്രാമങ്ങളിൽ വൈദ്യുതി കൊടുക്കാൻ കഴിയണമെന്ന വരികിൽ ഇനിയും ഈ പറഞ്ഞതുകൂടാതെ എട്ടോൻപതു സബ് സ്റ്റേഷനുകൂടി കൂടുതൽ ശക്തിപ്പെടുത്തേണ്ടതായി വരും. അതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടു്. അങ്ങനെ ട്രാൻസ്മിഷന്റെ കാര്യത്തിൽ കാര്യമായ അഭിവൃദ്ധി കഴിഞ്ഞ ഒന്നരക്കൊല്ല വർഷത്തിനകം ഉണ്ടായിട്ടുണ്ടു്. ഇന്നുള്ള ശീഘ്രത അനുസരിച്ചു് മുന്നോട്ടു പോവുകയാണെങ്കിൽ ഇതിൽ പലതും

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കാൻ കഴിയും. കണ്ണൂർ ഹൈടെൻഷൻ ലൈൻകൂടി വലിച്ചുകഴിഞ്ഞാൽ കേരളത്തിന്റെ ഏതു ഭാഗത്തേക്കും വിദ്യുച്ഛക്തി എത്തിക്കാൻ സൗകര്യമുണ്ട്.

ഡിസ്ട്രിബ്യൂഷന്റെ കാര്യത്തിൽ വളരെയധികം പരാതിയുണ്ട്. ബഹുമാനപ്പെട്ട മെമ്പറന്മാർ ചില പ്രത്യേക സ്ഥലങ്ങളിൽ വിദ്യുച്ഛക്തി കിട്ടാത്തതിനെപ്പറ്റി പറഞ്ഞു. അതൊന്നും ഞാൻ നിഷേധിക്കുന്നില്ല, അതൊക്കെ ഉള്ളതാണ്. മൂന്നാലു കൊല്ലമായ ചില കേസുകളും ഇന്നും പരിഹരിക്കപ്പെടാതെയുണ്ട്. 1966–67–ൽ 28,455 കണക്ഷൻസാണ് കൊടുത്തിട്ടുള്ളത്. 1967–68–ൽ 40,671 ആയി വർദ്ധിക്കുന്നുണ്ട്. 1968–69–ൽ അതു 51,117 ആയി വർദ്ധിച്ചു. അടുത്ത വർഷത്തെ കണക്കു നോക്കിയാൽ ഇപ്പോഴത്തെ പുരോഗതി അനുസരിച്ച് 1969–70 ആകുമ്പോൾ 70,000 കണക്ഷൻസ് കൊടുക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ കഴിഞ്ഞ രണ്ടുമൂന്നു മാസത്തെ പുരോഗതി നോക്കിയാൽ വലിയ ശുഭപ്രതീക്ഷയോടുകൂടി 70,000 കണക്ഷൻസ് കൊടുക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. പക്ഷെ ഇതു കഴിയണമെങ്കിൽ ഈ പറയുന്ന ട്രാൻസ്മിഷൻ ലൈൻസും സബ് സ്റ്റേഷനും കുറെ തീരണം. ഇതു പൂർത്തിയായി കഴിയാതെ ചില പ്രദേശങ്ങളിൽ മുന്നോട്ടു പോകാൻ കഴിയാത്ത സ്ഥിതി വന്നിട്ടുണ്ട്. 28,000–ൽ തുടങ്ങി ഇന്ന് 70,000-ത്തിൽ വന്നപ്പോഴും, ശകാരിക്കുമ്പോഴും ഇക്കാര്യംകൂടി ഓർക്കണമെന്നു ഞാൻ പറയുകയാണ്. ഈ ട്രാൻസ്മിഷൻ രംഗത്തും ഡിസ്ട്രിബ്യൂഷൻ രംഗത്തും കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്.

പിന്നെ ഒന്നു പറഞ്ഞതു വേസ്റ്റേജിന്റെ കാര്യമാണ്. തുടങ്ങുന്ന കേന്ദ്രത്തിൽ നിന്നും കൺസ്യൂമേഴ്സിന്റെ അടുക്കൽ എത്തുന്നതിനിടക്ക് കുറെ നഷ്ടമാകുന്നുണ്ട്. ഇതൊരു അഖിലേൻഡ്യാ പ്രശ്നമല്ല, സാർവ്വദേശീയ പ്രശ്നമാണ്. ഇതിൽ കുറെയൊക്കെ മോഷ്ടിച്ചു പോകുന്നതാണ്. കുറെയൊക്കെ അനിവാര്യമായിട്ടുള്ളതുമാണ്. ഇതു് എങ്ങനെ കുറയ്ക്കാമെന്നുള്ളതിനെ സംബന്ധിച്ച് കേന്ദ്ര വാട്ടർ പവ്വർകമ്മീഷൻ തന്നെ ഒരു പ്രത്യേകമായ ഏജൻസിയെവച്ച് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. എങ്ങനെ ഇതു പരിഹരിക്കാൻ കഴിയും. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അഖിലേൻഡ്യാ ആവറേജിൽനിന്നും വളരെ കൂടുതൽ ഉണ്ടെന്നു പറയാൻ ഒക്കുകയില്ല. അഖിലേൻഡ്യാ ആവറേജിനോട് ഏറെക്കുറെ ഒത്തു നിൽക്കുന്നു എന്നുള്ളതാണ് സ്ഥിതി.

ശ്രീ. എം. കെ. എ. ഹമീദ്: കെ. പി. എസ്. നായരുടെ റിപ്പോർട്ടിൽ 15 ശതമാനമാണ് നോർമൽ വേസ്റ്റേജു പറഞ്ഞിരിക്കുന്നതു്. ഇവിടെ 20 ശതമാനമാകുന്നുണ്ട്. ഇതു കൂടുതലാണ്. കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയ്ക്കു് എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അൽപ്പം ഇംപ്രൂവ്മെന്റ് ഉണ്ടായിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ഞാൻ പറഞ്ഞതു് 15 ശതമാനം നോർമൽ എന്നു പറഞ്ഞിരിക്കുന്ന കെ. പി. എസ്. നായരുടെ റിപ്പോർട്ടും ഇന്ന് അഖിലേൻഡ്യാടിസ്ഥാനത്തിലുള്ള വേസ്റ്റേജും വന്നുകൊണ്ടിരിക്കുന്നതും തമ്മിൽ പൊരുത്തമില്ല. പക്ഷേ ഇതു വളരെ പ്രധാനമായ ഒന്നാണ്. നമ്മൾ ഉൽപ്പാദിപ്പിക്കുന്നതിന്റെ 20 ശതമാനം എന്നുവച്ചാൽ അഞ്ചിലൊന്ന് ആക്കും ഉപയോഗമില്ലാതെ പോകുന്നു. ദേശീയമായി നോക്കുമ്പോൾ ഇതൊരു വലിയ നഷ്ടമാണ്. ഇതു പരിഹരിക്കുന്നതിനുള്ള മാർഗ്ഗത്തെപ്പറ്റി വിദഗ്ദ്ധക്കമ്മിറ്റി പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെ നിർദ്ദേശം വന്നുകഴിഞ്ഞാൽ കുറെയൊക്കെ പരിഹരിക്കാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നതു്.

പിന്നെ സാമ്പത്തികമായ കാര്യത്തെപ്പറ്റി പറഞ്ഞപ്പോൾ ശ്രീ. കരുണാകരൻ പലിശയുടെ കാര്യം പറഞ്ഞു. പബ്ലിക്ക് ലോണിനു് നാലേമുക്കാൽ ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

പലിശ, ലൈഫ് ഇൻഷ്വറൻസു കാർപ്പറേഷനു് ഏതാണ്ടു് ഏഴേമുക്കാൽ ശതമാനം പലിശയാണു് ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുന്നതു്. സാമ്പത്തിക കാര്യത്തെപ്പറ്റി പറയുമ്പോഴും ഇപ്പോഴും നാലര ശതമാനം ഗ്രോസ്സു് പ്രോഫിറ്റു കിട്ടുന്നുണ്ടു്. അതുകൊണ്ടു് ഇപ്പോഴും വലിയ ആശങ്കകൊണ്ടൊന്നും കാര്യമില്ല.

പിന്നെ, ഇവിടെ വേറെ ചില ആക്ഷേപങ്ങളും ഉന്നയിച്ചിട്ടുണ്ടു്. അതിലൊന്നു്, പെൻഷൻ പറഞ്ഞിപ്പോയ ചില ഉദ്യോഗസ്ഥന്മാർക്കു് ശമ്പളം കൂട്ടുതൽ കൊടുത്തു എന്നാണു്. ഒരു പേ റിവിഷൻ വന്നപ്പോഴും പൂവ്വകാലപ്രാബല്യത്തോടുകൂടി കൊടുക്കണമെന്നുള്ള അവാർഡിന്റെ അടിസ്ഥാനത്തിലാണു് അങ്ങനെ കൊടുത്തിട്ടുള്ളതു്. ഇതിനെപ്പറ്റി ആഡിറ്റു റിപ്പോർട്ടിൽ ഒബ്ജക്ഷൻ ഉണ്ടെങ്കിലും അവാർഡുകളും നടപ്പിലാക്കുവാൻ നിർബന്ധിതമായ ബോർഡു് അങ്ങനെ ചെയ്തിട്ടുള്ളതാണു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : ഈ ഉദ്യോഗസ്ഥന്മാർ സാധാരണഗതിയിൽ പെൻഷൻ പറഞ്ഞി പോയവരാണോ അതോ പെൻഷൻ നിർബന്ധമായി കൊടുക്കാത്തതാണോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതു് ഞാൻ പിന്നെ പറയാം.

പിന്നെ ഇടുക്കി പ്രോജക്ടിന്റെ കോൺട്രാക്ടിനെപ്പറ്റി ഒരു ആരോപണം വന്നിട്ടുണ്ടു്. അതായതു് തൊഴിൽ കുഴപ്പങ്ങളുണ്ടാകുമ്പോഴും ഉണ്ടാകുന്ന നഷ്ടത്തിനു് കോംപെൻസേഷൻ ബോർഡു് കൊടുക്കണമെന്നുള്ള ഒരു വ്യവസ്ഥയുണ്ടു്. അതു് ശരിയാണു്. ആ വ്യവസ്ഥ ഇതിനു മാത്രമല്ല പല കോൺട്രാക്ടുകളുടെയും ഒരു ഭാഗമായിട്ടു് നിൽക്കുന്നുണ്ടെന്നുള്ളതാണു് വസ്തുത. അതുകൊണ്ടു് അതു് ഈ കോൺട്രാക്ടിൽ മാത്രം ഉള്ള ഒരു പേരായ്മയായി ചൂണ്ടിക്കാണിക്കേണ്ടതില്ല. പിന്നെ ഈ കോൺട്രാക്ടു് നമ്മുടെ ഭരണം വരുന്നതിനു മുൻപു് നടന്നിട്ടുള്ള കാര്യമാണെന്നും റിസ്മരിക്കരുതു്. അപ്പോഴാണു് ഇതാണു് ബഹുമാനപ്പെട്ട മെമ്പർ കെ. വൈ. രാജൻ ഉന്നയിച്ച ആരോപണത്തെപ്പറ്റി പറയാനുള്ളതു്.

ഉദ്യോഗസ്ഥന്മാരെപ്പറ്റി പറയുമ്പോഴും ശ്രീ. പി. എസ്. പത്മനാഭൻ കമ്മിറ്റി റിപ്പോർട്ടിനെ അവഗണിച്ചുകൊണ്ടു് കൂടുതൽ തസ്തികകളും സൃഷ്ടിക്കുന്നുവെന്നു് പറയുകയുണ്ടായി. ശ്രീ. പി. എസ്. പത്മനാഭന്റെ റിപ്പോർട്ടു് അതർഹിക്കുന്ന ഗൗരവത്തോടുകൂടിത്തന്നെ പരിഗണിച്ചു് പല നടപടികളും ബോർഡു് എടുത്തിട്ടുണ്ടു്. പുതിയ എഞ്ചിനീയർമാരെ നിയമിച്ചു എന്നു പറയുന്നതു് ശരിയല്ല. പഴയ എഞ്ചിനീയറുടെ തസ്തികപ്പേരു് ഒന്നു മാറ്റിയെന്നുള്ളതല്ലാതെ പുതിയ തസ്തികകളും സൃഷ്ടിച്ചിട്ടുള്ളതല്ല എന്നു് സഭയെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അഡീഷണൽ ചീഫ് എഞ്ചിനീയർ എന്നൊരു പോസ്റ്റു് ഉണ്ടായിരുന്നതു് ചീഫ് കൺസ്ട്രക്ഷൻ എഞ്ചിനീയർ എന്നാക്കിയെന്നല്ലാതെ പുതിയ തസ്തികകളും സൃഷ്ടിച്ചിട്ടുള്ളതല്ല.

രണ്ടാമതു് ശബരിഗിരി പ്രോജക്ടിന്റെ പണി കഴിഞ്ഞിട്ടും അവിടെയുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർ ചുമ്മാതിരുന്നിട്ടുകൂടി ഇടുക്കിയിൽ പുതിയ ആളുകളെ എടുത്തുവെന്നു് ഒരാരോപണം ഉണ്ടായിട്ടുണ്ടു്. കുറച്ചു ദിവസം അങ്ങനെയൊരു സ്ഥിതിവിശേഷം ഉണ്ടായിരുന്നുവെങ്കിലും ശബരിഗിരി ഡിവിഷൻ പിരിച്ചുവിടുകയും അവരിൽ കുറെയാളുകളെ ഇടുക്കിയിൽ അബ്സോർബു് ചെയ്യുകയും ബാക്കിയുള്ളവരെ എടമലയാർ പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുകയുമാണു്. പിന്നെ, ജോലി കഴിഞ്ഞാൽ ഉടനെ ഉദ്യോഗസ്ഥന്മാരെ കുറയ്ക്കണമെന്നെല്ലാം വളരെ ധീരമായി ഈ അസംബ്ലിയിൽ പറയാമെങ്കിലും അറിയാക്കുന്ന കാര്യമാണോ ? വേറെ ജോലി കൊടുത്തു് അവരെ ഉപയോഗിക്കുക എന്നുള്ളതല്ലാതെ, എന്നെ ഭീരു എന്നു പറഞ്ഞാലും ശരി, പിരിച്ചു വിടുക എന്നതു് ഈ കാലഘട്ടത്തിൽ പറയാൻ പറ്റിയതല്ല എന്നാണു് എന്റെ അഭിപ്രായം. ഈ കാലഘട്ടത്തിൽ ആരെയെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

പിരിച്ചു് വിടുകയെന്നുള്ളതു് സാദ്ധ്യമല്ലാത്ത കാര്യമാണെന്നു് എല്ലാപേർക്കും അറിയാവുന്നതാണു്. ഇത്തരം വിമർശനങ്ങളും പഴയകാലത്തേക്കു് പറഞ്ഞിയതാണെങ്കിലും ഈ കാലഘട്ടത്തിനു പറഞ്ഞിയതല്ലെന്നു് ഞാൻ സൂചിപ്പിക്കുകയാണു്. ഇതിന്റെ അർത്ഥം ആവശ്യമില്ലാതെ ഉദ്യോഗസ്ഥന്മാരെ വച്ചുകൊണ്ടിരിക്കുന്ന ഒരു നയമാണു് തുടരുന്നതു് എന്നല്ല.

ശ്രീ. എൻ. കെ. ശേഷൻ : ഇപ്പോഴും പുതിയ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു് അപേക്ഷകളും ക്ഷണിക്കുന്നുണ്ടല്ലോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : സ്വാഭാവികമായും കുറെ പ്രവർത്തനങ്ങളും നടക്കണമെങ്കിൽ പുതിയ പുതിയ തസ്തികകളും ഉണ്ടാക്കേണ്ടതായിവരും. ഉദാഹരണത്തിനു് മലബാർ ഏരിയായിൽ കൺസ്ട്രക്ഷനു് വേണ്ടിയിട്ടു് പുതിയ തസ്തികകളും ഉണ്ടാക്കാതെ അവിടത്തെ ജോലികളും നടക്കുകയില്ല. അപ്പോഴും ഉള്ള ആളുകളെ പരമാവധി ഉപയോഗപ്പെടുത്താനും കൂടുതൽ ജോലിക്കു് അനുസരണമായി പുതിയ ആളുകളെ എടുക്കുന്നതിനും കഴിയുന്ന ഒരു സമീപനം വേണമെന്നാണു് എന്റെ അഭിപ്രായം. ഈ രീതിയിലുള്ള സമീപനത്തോടുകൂടി ഒരു പ്രോജക്ടിന്റെ ജോലി തീർന്നാൽ അവിടെയുള്ളവരെ മറ്റു സ്ഥലങ്ങളിലേക്കു് നിയോഗിക്കുന്നതിനാണു് ശ്രമിക്കുന്നതു്. ഇന്നിപ്പോഴും ഓരോ കാര്യവും ഓരോ അവാർഡിന്റെ അടിസ്ഥാനത്തിലാണു് നടത്തുന്നതു്. ഇന്നു് എല്ലാറ്റിനും ചില ചിട്ടകളുണ്ടു്. നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ എന്നു പറഞ്ഞു് അഖിലേന്ത്യാടിസ്ഥാനത്തിൽ വ്യവസായസ്ഥാപനങ്ങളുടെ ജോലിക്കാര്യം നിശ്ചയിക്കുന്ന ഒരു സ്ഥാപനമുണ്ടു്. ആ സ്ഥാപനത്തോടു് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങളെപ്പറ്റി പരിശോധിച്ചു് സ്റ്റാഫിനെ സംബന്ധിച്ചു അവരുടെ നിർദ്ദേശങ്ങളും തരണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്. ആ നിർദ്ദേശങ്ങളും വന്നാൽ കുറേക്കൂടി ശാസ്ത്രീയാടിസ്ഥാനത്തിൽ ഇതു് പുനഃസംഘടിപ്പിക്കുന്നതിനു് കഴിയുമെന്നാണു് ഗവണ്മെന്റു് കണക്കാക്കിയിട്ടുള്ളതു്.

പിന്നെ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. കെ. കുഞ്ഞച്ചൻ, സർക്കാരിന്റെ വക കടമെടുത്തു് വാങ്ങിച്ച യന്ത്രങ്ങളും പിന്നെയും കടം കൊടുക്കുന്ന കാര്യത്തെപ്പറ്റി പറയുകയുണ്ടായി. അതു് ഒരു പുതിയ അറിവാണു്. അതെന്താണെന്നു് അന്വേഷിച്ചിട്ടു മാത്രമേ മറുപടി പറയാൻ നിവൃത്തിയുള്ളൂ.

പിന്നെ അടുത്തകാലത്തായി വളരെയധികം വിമർശനങ്ങളും വന്നിട്ടുള്ള ഒന്നാണു് ശ്രീ. ശങ്കരൻ കമ്മിഷൻ റിപ്പോർട്ടിനെ സംബന്ധിച്ചുള്ളതു്. എനിക്കു് ആദ്യമായി പറയുവാനുള്ളതു്, നിർബന്ധിതമായി പെൻഷൻ കൊടുത്തു് ഒരു ഉദ്യോഗസ്ഥനെയും പുറത്തയച്ചിട്ടില്ല എന്നാണു്. നിർബന്ധിത പെൻഷൻ കൊടുത്തു് ഏതെങ്കിലും ഒരുദ്യോഗസ്ഥനെ മാറ്റിയാൽ അതിന്റെ അർത്ഥം അയാളുടെ പേരിൽ ഈ നടപടി മതിയാകുമെന്ന നിഗമനത്തിൽ ഗവണ്മെന്റു് എത്തി എന്നാണു്. അങ്ങനെ യാതൊരാളെയും നിർബന്ധിത പെൻഷൻ കൊടുത്തു് പറഞ്ഞയച്ചിട്ടില്ല.

ഈ റിപ്പോർട്ട കിട്ടിയ ഉടൻ തന്നെ ആദ്യമായി ചെയ്ത കാര്യം ഈ റിപ്പോർട്ടനുസരിച്ചു് നിയമപരമായ എന്തു നടപടിയെടുക്കാം എന്നു് അഡ്വക്കേറ്റു് ജനറലിനോടു് അന്വേഷിക്കുകയായിരുന്നു. സബ്മീസിലുള്ളതിൽ അന്നത്തെ ചെയർമാനായിരുന്ന ശ്രീ. ആർ. പി. നായരുടേയും, അന്നത്തെ ചീഫ് എഞ്ചിനീയറായിരുന്ന ശ്രീ. വൈദ്യനാഥയ്യരുടേയും പേരിൽ നടപടിയെടുക്കാം എന്നാണു് അദ്ദേഹത്തിന്റെ നിർദ്ദേശം. ബാക്കിയുള്ളവർ, ശ്രീ. രംഗനാഥനും മറും പെൻഷൻ പറ്റി പിരിഞ്ഞവരാണു്. അതിന്റെ അർത്ഥം അവരുടെ പേരിൽ നടപടിയെടുക്കാൻ പറ്റുകയില്ല എന്നാണോ ? ഒരിക്കലുമല്ല. ഈ സന്ദർഭത്തിൽ ഇങ്ങനെ ആരോപണം വന്നിട്ടുള്ളതുകൊണ്ടും സർവീസിൽ ഉണ്ടായിരിക്കുന്നതു് ശരിയല്ലെന്നു അവർക്കുതന്നെ തോന്നി അവധിക്കു് അപേക്ഷിക്കുകയും ആ അവധി ഗവണ്മെന്റു് അനുവദിക്കുകയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടുള്ള ഗുണം എന്താണു്? ആരോപണവിധേയരായ ഉദ്യോഗസ്ഥന്മാർ,



LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെൻറിന്റെ ചട്ടക്കൂട്ടിൽ കൂടി അവസാനമായി എന്തു നടപടി എടുക്കണമെന്ന തീരുമാനം ഉണ്ടാകുന്നതുവരെ ആ മർമ്മപ്രധാനങ്ങളായ സ്ഥാനങ്ങളിൽ തുടരാതെ കഴിയുന്നതും വേഗം അവരെ ഒഴിച്ചുനിർത്തുന്നതിനുള്ള സന്മനസ്സ് അവർതന്നെ പ്രകടിപ്പിക്കേയുണ്ടായി. പിന്നെ ഒരു വ്യാഖ്യാനമുള്ളതു് ഇങ്ങനെ അവധി അനുവദിച്ചതു് അവർ രക്ഷപ്പെടാൻ സഹായിച്ചതാണോ എന്നുള്ളതാണു്. അല്ല, കാരണം ഈ ബോർഡിലെ ഉദ്യോഗസ്ഥന്മാരെ ഭരിക്കുന്നതു് കെ. എസ്. ആർ. ആണു്. അതനുസരിച്ചു് ഗവണ്മെൻറിനു് എപ്പോഴും എന്തു നടപടിയും അവരുടെ മേൽ എടുക്കാനുള്ള എല്ലാ സ്വാതന്ത്ര്യവുമുണ്ടു്.

ശ്രീ സി. ബി. ചന്ദ്രശേഖര വാര്യർ : കെ. എസ്. ആർ. അനുസരിച്ചു് ഏതെങ്കിലും ഒരുദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കണമെങ്കിൽ അയാളെ പെൻഷൻ പറ്റി പിരിയുന്നതിനു മുൻപായി ചാർജു് ഫ്രീയിം ചെയ്യണമെന്നുണ്ടു്. അങ്ങനെ ചെയ്യാത്തിടത്തോളം കാലം അയാളുടെ മേൽ യാതൊരു നടപടിയും എടുക്കാൻ കഴിയുകയില്ലെന്നറിയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഈ ചോദ്യത്തിനകത്തു് ഒരു ചെറിയ കുസൃതിത്തരമുണ്ടു്. രണ്ടു കൊല്ലം കഴിഞ്ഞ ഒരാളെ പെൻഷൻ പറ്റുകയുള്ളൂ. ഈ രണ്ടു കൊല്ലം കഴിയുന്നതുവരെ ഒരു നടപടിയും എടുക്കുകയില്ല എന്നു ധ്വനിപ്പിക്കുന്ന ഒരു കുസൃതി ഈ ചോദ്യത്തിലുള്ളതിനെ ഞാൻ അംഗീകരിക്കുന്നില്ല. മറേറ ആളാണെങ്കിൽ പെൻഷൻ പറ്റി പിരിഞ്ഞ ആളാണു്. പെൻഷൻ പറ്റി പിരിഞ്ഞാലും നടപടിയെടുക്കാം. പെൻഷൻ പറ്റി പിരിഞ്ഞയാളാണു് ചന്തുനായർ. ശ്രീ. ചന്തുനായരുടെ പേരിൽ ആരോപണം ഉണ്ടായപ്പോഴേ പ്രോസിക്യൂട്ടു് ചെയ്തു നടപടി എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : പ്രോസിക്യൂഷനല്ല. അതു് എത്രസമയത്തും ആരുടെമേലും എടുക്കാം. ഡിപ്പാർട്ടുമെൻറൽ ആക്ഷൻ എടുക്കണമെങ്കിൽ പെൻഷൻ പറ്റുന്നതിന്റെ തലേദിവസമെങ്കിലും ചാർജു് ചെയ്യണം. അതില്ലെങ്കിൽ സാധ്യമല്ലെന്നു് വളരെ വ്യക്തമായി കേരളാ ഹൈക്കോടതിയുടെ ഒരു ജഡ്ജുമെൻറു് ഉണ്ടായിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഞാൻ വക്കീൽ അല്ലാത്തതുകൊണ്ടു് അതിനെപ്പറ്റി കൂടുതലൊന്നും അറിയുകില്ല. എന്നാൽ ഇതിൽ പ്രസക്തമായിട്ടുള്ള രണ്ടു വ്യക്തികളുടെ കാര്യമാണെങ്കിൽ ഒന്നാമത്തെ ഈ റിപ്പോർട്ടുവരുന്നതിനു മുൻപുതന്നെ പെൻഷൻ പറ്റിയ ശ്രീ. ആർ. പി. നായരാണു്. ഇക്കൊല്ലം ഡിസംബർ 29-നു പെൻഷൻ പറ്റുന്ന ശ്രീ വൈദ്യനാഥയ്യരാണു് രണ്ടാമത്തെ ആൾ. ഹൈക്കോടതിയുടെ ജഡ്ജുമെൻറിനെ സംബന്ധിച്ചു് ഒരു അഡ്വക്കേറ്റു് എന്നുള്ള നിലയിൽ ശ്രീ. വാര്യർ പറഞ്ഞതിനെ ഞാൻ അംഗീകരിക്കുന്നു. അതു ശരിയാണെങ്കിൽ തന്നെയും രണ്ടുകൊല്ലത്തിനപ്പുറം ഇതിന്റെ പ്രവർത്തനം നീണ്ടു പോകാതിരുന്നാൽ തീർച്ചയായും നമുക്കു് നടപടിയെടുക്കാൻ കഴിയും. അപ്പോഴും നടപടിയെടുക്കാൻ യാതൊരു തടസ്സവും ഉണ്ടായിട്ടില്ല.

പിന്നെ ഇവിടെ ചോദിച്ച ചോദ്യം ഇങ്ങനെ നീട്ടിക്കൊണ്ടു പോയാൽ എത്ര കാലം നീട്ടിക്കൊണ്ടുപോകുമാണു് ഉദ്ദേശിക്കുന്നതെന്നാണു്. അനാവശ്യമായി ഒരൊറ്റ ദിവസം പോലും നീട്ടണമെന്നുള്ള നിലയിൽ ഈ ഗവണ്മെൻറു് പെരുമാറിയിട്ടില്ല. കാരണം ഈ റിപ്പോർട്ടു വന്ന കഴിഞ്ഞ ഉടൻതന്നെ അതു പഠിച്ചു് അതിനെ സംബന്ധിച്ചു് റിപ്പോർട്ടുണ്ടാക്കുകയും അതു പോലെതന്നെ അഡ്വക്കേറ്റു് ജനറലിന്റെ അഭിപ്രായങ്ങളും ആരായുകയും ചെയ്തു ഈ രണ്ടു റിപ്പോർട്ടും കൂടി കൃാബിനറ്റിന്റെ മുമ്പിൽ വച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഡോറ്റ് എന്റെ കൈവശമുണ്ട്. ഏതായാലും ജനുവരി ഒന്നാം തീയതിയാണ് റിപ്പോർട്ട് കിട്ടിയത്. അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം കിട്ടി, അത് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചുകഴിഞ്ഞതിനുശേഷം മാർച്ചുമാസത്തിൽ ക്യാബിനറ്റിൽ വച്ചു. ക്യാബിനറ്റ് അത് പ്രഥമമായി പരിശോധിച്ചതിനുശേഷം ചില നിർദ്ദേശങ്ങളോടുകൂടി, ഇന്ന രീതിയിൽ അത് തയാറാക്കണമെന്നു പറഞ്ഞുകൊണ്ട് വീണ്ടും ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കുകയും ആ നിർദ്ദേശമനുസരിച്ച് തയ്യാറാക്കിയിട്ടുള്ള നോട്ട് ഇപ്പോൾ ക്യാബിനറ്റിന്റെ മുമ്പിൽ ഇരിക്കുകയുമാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : അത് ക്യാബിനറ്റിന്റെ മുമ്പിൽ വച്ചിട്ട് എത്ര കാലമായെന്നു പറയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : രണ്ടു നോട്ടും ക്യാബിനറ്റിന്റെ മുമ്പിലുണ്ട്. ഓരോന്നിന്റെയും തീയതി വേണമെങ്കിൽ ഞാൻ പറയാം. റിപ്പോർട്ട് 31-12-1968-ൽ സൈൻ ചെയ്ത്, ഒന്നാം തീയതി കിട്ടി. 22-1-1969-ൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായമറിയുന്നതിനുവേണ്ടി അയച്ചു. 7-3-1969-ൽ അദ്ദേഹത്തിന്റെ അഭിപ്രായം കിട്ടി. ക്യാബിനറ്റിൽ 22-3-1969-ൽ വച്ചു. 25-6-1969-ൽ ആണ് ക്യാബിനറ്റ് അത് ആദ്യമായി നോക്കുന്നത്. ലാ, ഹോം, ഫൈനാൻസ് ഈ ഡിപ്പാർട്ടുമെന്റുകളുമായി ആലോചിച്ചതിനുശേഷം 1-8-1969-ൽ ക്യാബിനറ്റിൽ രണ്ടാമത്തെ നോട്ടുവച്ചു.

ശ്രീ. എം. രാമുണ്ണി : ഈ കാലയളവിൽ ക്യാബിനറ്റ് യാതൊരു യോഗവും കൂടിയിട്ടില്ലെന്നാണോ, മറ്റു മന്ത്രിമാർ എതിർത്തുവെന്നാണോ മനസ്സിലാക്കേണ്ടത് ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ക്യാബിനറ്റ് യോഗം കൂടിയിട്ടില്ലെന്ന് അതിനു അർത്ഥമില്ല. ക്യാബിനറ്റിൽ ഇതിനേക്കാൾ വളരെയേറെ പ്രാധാന്യമുള്ള ഓരോ പ്രശ്നങ്ങളും ചർച്ചയ്ക്കു വന്നതുകൊണ്ട് ഇത് നീങ്ങിയില്ലെന്നേ ഉള്ളൂ.

ശ്രീ. കെ. എം. മാണി : ക്യാബിനറ്റ് ഇത് അത്ര പ്രധാനമായിട്ട് പരിഗണിക്കാത്തതുകൊണ്ടാണോ ഇത് തള്ളിവിട്ടത് ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഇതിനേക്കാൾ പ്രധാനപ്പെട്ടത് എന്നു പറഞ്ഞത് നിശ്ചിതദിവസത്തിനകം തീരുമാനമെടുക്കേണ്ടതും അങ്ങനെ തീരുമാനമെടുത്തില്ലെങ്കിൽ ബുദ്ധിമുട്ടുകളുണ്ടാകുന്നതുമായ പ്രശ്നങ്ങളാണ്. അതാണ് ; അല്ലാതെ ബഹുമാനപ്പെട്ട മാണിയുടെ ചോദ്യത്തിൽ അന്തർഭവിക്കുന്ന കാര്യമല്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ശങ്കരൻ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് സ്വീകരിക്കേണ്ട ചില നടപടിക്രമങ്ങളെസംബന്ധിച്ച് പറയുകയുണ്ടായി. ആ റിപ്പോർട്ടിൽത്തന്നെ ചില ഉദ്യോഗസ്ഥന്മാരും കൺട്രാക്ടറന്മാരും കൂടിച്ചേർന്നുകൊണ്ട് നടത്തിയ ചില കാര്യങ്ങളെ സംബന്ധിച്ചും അതിനെസംബന്ധിച്ചുള്ള നടപടികളെ സംബന്ധിച്ചും വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്. അതിൽ പറയുന്നതനുസരിച്ച് ഏതെങ്കിലും കൺട്രാക്ടറെ ബ്ലാക്കുലിസ്റ്റു ചെയ്തിട്ടുണ്ടോ ? അതോ അവർ കൂടുതൽ ആനുകൂല്യങ്ങളും നേടിക്കൊണ്ട് പഴയതുപോലെതന്നെ തുടരുകയാണോ ? വന്നിച്ച തുകകളും അനധികൃതമായി പല കൺട്രാക്ടറന്മാർക്കും കൊടുത്തിട്ടുള്ളതായി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത് റീഇമ്പേഴ്സ് ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ഈ തുക ഈടാക്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇതിൽ ഒട്ടുവിലത്തെ ഭാഗത്തിനു് ആദ്യം ഉത്തരം പറയാം. അവരുടെ പേരിൽ എടുക്കാനുള്ള നടപടിയെന്നു പറഞ്ഞതു് ബോർഡിനു വരുത്തിയിട്ടുള്ള നഷ്ടം ഈടാക്കാനുള്ള നടപടിയാണു്. അതു് ക്യാബിനറ്റു് ഡിസ്ക്കസ് ചെയ്തു തീരുമാനിക്കേണ്ടതാണു്. കാൺട്രാക്ടറന്മാരെ സംബന്ധിച്ചുള്ള വിമർശനങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവരെ ബ്ലാക്കുലിസ്റ്റു ചെയ്യുത്തക്ക രീതിയിലുള്ള പരാമർശനമല്ല അതിലുള്ളതു്. ബോർഡു് ഉദ്യോഗസ്ഥന്മാർ ചില കൺട്രാക്ടറന്മാരെ ഫേവറു ചെയ്യുകയും ചിലരോടു് വിദ്വേഷപരമായി പെരുമാറുകയും ചെയ്തു എന്നുള്ളതാണു്. ഒരു കൺട്രാക്ടറെ ബ്ലാക്കുലിസ്റ്റു ചെയ്യണമെന്നു വരികിൽ അതിൽ പ്രധാനമായിട്ടുള്ള കാര്യം കാൺട്രാക്ടു് നടത്തുന്ന കാര്യത്തിൽ ആയാളം വീഴ്ച വരുത്തിയിരിക്കണം. ഉദാഹരണത്തിനു് ശബരിഗിരി പ്രോജക്ടു് അല്ലെങ്കിൽ അവിടത്തെ ടണൽ ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിക്കോ ശ്രീ ചാക്കോ പിള്ളയ്ക്കോ കൊടുത്താൽ അതു് എടുത്ത ആളം ബോർഡിനെ നഷ്ടപ്പെടുത്തിയോ എന്നുള്ളതാണു്. കൺട്രാക്ടറുടെ ഇടപാടു് അയാളം പറഞ്ഞ സമയത്തിനുമുമ്പേ ഭംഗിയായി നടത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ടിൽ കൺട്രാക്ടറെ സംബന്ധിച്ചു പരാമർശമുണ്ടായതുകൊണ്ടായില്ല. അതുകൊണ്ടുമാത്രം ബ്ലാക്കുലിസ്റ്റിൽപ്പെടുത്താൻ പറ്റുകയില്ല. പരാമർശത്തിന്റെ സ്വഭാവത്തെക്കൂടി കണക്കിലെടുക്കണം.

ശ്രീ. എം. കെ. എ. ഹമീദു് : കൺട്രാക്ടറന്മാരും ഉദ്യോഗസ്ഥന്മാരുംകൂടി ചേർന്നു നടത്തിയിട്ടുള്ള ചില കാര്യങ്ങളെ സംബന്ധിച്ചു് പറയുന്നുണ്ടു്. ആ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അഡ്വക്കേറ്റു ജനറലുമായി അതിനെപ്പറ്റിയൊക്കെ ആലോചിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ അഭിപ്രായം വച്ചുകൊണ്ടു നോക്കുമ്പോൾ ഇതിൽ ഖണ്ഡിതമായ ഒരു തീരുമാനം എടുക്കാൻ കഴിയുകയില്ല. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിൽ പ്രൈമാഫസി കേസുണ്ടെന്നു് അംഗീകരിച്ചു് നമുക്കു് മുന്നോട്ടു പോകാൻ മാത്രമേ പറ്റുകയുള്ളൂ. ഈ ആരോപണങ്ങളെ സംബന്ധിച്ച ലിസ്റ്റു് എന്റെ കൈവശമുണ്ടു്. ഏതേതു രീതിയിലാണു് നഷ്ടം വരുത്തിയിട്ടുള്ളതെന്നു് അതിൽ പറയുന്നുണ്ടു്. പക്ഷെ, അതു് മനപ്പൂർവ്വം ചെയ്തതാണോ അതോ അറിയാതെ സംഭവിച്ചതാണോ എന്നുള്ളതിനെപ്പറ്റിയൊക്കെ പരിശോധിക്കേണ്ടതുണ്ടു്. അതിനുശേഷമേ നടപടിയെടുക്കാൻ പറ്റുകയുള്ളൂ.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : [റിട്ടേർഡു് ചീഫു് ജസ്റ്റീസിന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുകയും, ഇന്നയിന്ന കുറ്റങ്ങൾ ചെയ്തിരിക്കുന്നു എന്നു പറയുകയും അതു സംബന്ധിച്ച പരിശോധനകൾ അഡ്വക്കേറ്റുജനറൽ നടത്തുകയും ചെയ്തതിനു ശേഷവും ക്യാബിനറ്റു് അതിനെ സംബന്ധിച്ചു് തീരുമാനമെടുത്തെങ്കിൽമാത്രമേ ഈ ഉദ്യോഗസ്ഥന്മാരുടെമേൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ പറ്റുകയുള്ളോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഒരു റിട്ടേർഡു് ഹൈക്കോടതി ജഡ്ജി പറഞ്ഞാൽ അതു് അപ്പാടെ നടപ്പിലാക്കണമെന്നില്ല. അദ്ദേഹം ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ എത്രത്തോളം നടപടിയിൽക്കൂടി കൊണ്ടുപോകാം എന്നുള്ള കാര്യം അഡ്വക്കേറ്റുജനറലിന്റെയും അതുപോലെ ഗവണ്മെന്റിനു വിശ്വസിക്കാവുന്ന നിയമോപദേഷ്ടാക്കളുടേയും ഉപദേശം സ്വീകരിച്ചതിനുശേഷമേ നടപ്പിലാക്കാൻ പറ്റുകയുള്ളൂ. അതനുസരിച്ചാണു് ഗവണ്മെന്റു ലാ ഡിപ്പാർട്ടുമെന്റു നോക്കി കഴിഞ്ഞു് അവസാനം അഡ്വക്കേറ്റു ജനറലിനെക്കൊണ്ടു് നോക്കി കാലതാമസമുണ്ടാക്കണ്ടെന്നു കരുതി നേരിട്ടു് അഡ്വക്കേറ്റു ജനറലിനുതന്നെ അദ്ദേഹത്തിന്റെ അഭിപ്രായം അറിയുന്നതിനു് അയച്ചുകൊടുത്തതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കണപതി : സർ, ഇലക്ട്രിസിറ്റി ബോർഡിൽ അഴിമതിയും കുംഭകോണങ്ങളും നടക്കുന്നു എന്നു പല മെമ്പർമാർ പറഞ്ഞു. അതുപോലെ പാരഡൈസ് സംബന്ധമായി പല അഴിമതികളും കുംഭകോണങ്ങളും നടന്നുവരുന്നതു മന്ത്രിക്കു അറിയുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതു എനിക്കു അറിയില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : ഈ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അഡ്വക്കേറ്റ് ജനറൽ നൽകിയിരിക്കുന്ന നിയമോപദേശം കാര്യമായിട്ട് നടപടിയെടുക്കാൻ ഈ റിപ്പോർട്ടിൽ ഒന്നുമില്ലെന്നാണോ, അങ്ങനെയാണോ ഞങ്ങളും മനസ്സിലാക്കേണ്ടതു ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അങ്ങനെ ഞാൻ പറഞ്ഞില്ല. റിട്ടയർ ചെയ്തുപോയ ഉദ്യോഗസ്ഥന്റെപേരിൽ ഇന്ന നടപടിയെടുക്കാമെന്നു പറഞ്ഞിട്ടുണ്ട്. നിലവിലുള്ള ഉദ്യോഗസ്ഥന്മാരുടെപേരിൽ ഇന്ന നടപടിയെടുക്കുമെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറന്മാർ പ്രകടിപ്പിച്ച ആശങ്കയ്ക്ക് അവകാശമില്ലെന്നും നമ്മുടെ ഇപ്പോൾ അന്വേഷിച്ചിട്ടുള്ള അഴിമതികളും മുൻകാലങ്ങളിൽ നടന്നിട്ടുള്ളതാണെന്നും അനുസ്മരിപ്പിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണു്. കടമായിട്ടായാലും മറ്റു രാജ്യങ്ങളിൽനിന്നായാലും വലിയ തുകകൾ നിക്ഷേപിച്ചിട്ടുള്ള പ്രോജക്ടുകൾ പ്രവർത്തനത്തിൽ കൊണ്ടുവരുന്ന ഒരു സ്ഥാപനമായ ഇലക്ട്രിസിറ്റി ബോർഡ് പണസംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ തെറ്റുകൾ ചെയ്യാതിരിക്കാൻ ഉതകുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കേണ്ടതാണു്. ഉദ്യോഗത്തിലിരിക്കുമ്പോഴായാലും പെൻഷൻപറ്റി പിരിഞ്ഞതിനുശേഷമായാലും തെറ്റു ചെയ്താൽ അതിന്റെ പാതപുറകെ ചെല്ലുമെന്നു് അവരെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടിയാണു് ഈ അഴിമതികളെപ്പറ്റി അന്വേഷിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ഈ കമ്മീഷനുകളെ നിയമിച്ചതു്.

അതുപോലെതന്നെ ഈ കമ്മീഷന്റെ റിപ്പോർട്ടിൽ അഴിമതി കുറയ്ക്കുന്നതിനു വേണ്ടി ബോർഡിനു ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങളും ഗവണ്മെന്റു പരിഗണിച്ചുകൊണ്ടിരിക്കുകയാണു്. ഈ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ പരമാവധി അഴിമതി കുറയ്ക്കുന്നതിനും ആ നിലയിൽ അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും സഹായകമായ ഒരു സമീപനത്തോടുകൂടിയാണു് ഈ പ്രശ്നം ഗവണ്മെന്റു് കൈകാര്യം ചെയ്യുന്നതു്. ഇനി ഈ ക്യാബിനറ്റു് എന്നാണു് കൂടുന്നതെന്നു ചോദിച്ചാൽ ഇന്നത്തെ രാഷ്ട്രീയസാഹചര്യത്തിലും മറ്റു സാഹചര്യത്തിലും സ്വല്പം കാലതാമസമുണ്ടാകുമാണു് സാദ്ധ്യത. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അനാരോഗ്യം കാരണം ഓപ്പറേഷനു പോവുകയാണു്. അതുകൊണ്ടു് കുറച്ചു കാലതാമസമുണ്ടാകും. അങ്ങനെ അൽപ്പം താമസിച്ചാലും വളരെ പ്രാധാന്യം കൊടുത്തുതന്നെ ഈ റിപ്പോർട്ടിനെപ്പറ്റി ഒരു തീരുമാനം ക്യാബിനറ്റിനെക്കൊണ്ടു് എടുപ്പിക്കാൻ അതിന്റെ മുമ്പതല വഹിക്കുന്ന മന്ത്രിയെന്നുള്ള നിലയിൽ ഞാൻ ശ്രമിക്കുന്നതാണെന്നു് ഈ സഭയ്ക്കു് ഉറപ്പു തരികയാണു്.

മറ്റു പല കാര്യങ്ങളും ഒരുപക്ഷെ വിട്ടുപോയിട്ടുണ്ടെങ്കിൽ അതു മനപ്പൂർവ്വമല്ല. ഉദാഹരണത്തിനു് ബഹുമാനപ്പെട്ട കുട്ടനാടൻ മെമ്പർ മൗലികമായ ചില കാര്യങ്ങളും ഉന്നയിക്കുകയുണ്ടായി. അതായതു് ഈ ബോർഡിന്റെ ഘടന എങ്ങനെയായിരിക്കണമെന്നൊക്കെ. വികസനപരമായ പ്രവർത്തനങ്ങളിൽ വരുമ്പോൾ അതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സാഹചര്യത്തിൽ ഒരു ഡിപ്പാർട്ടുമെന്റൽ ഫംഗ്ഷൻ കൊണ്ടു് ഈവക കാര്യങ്ങളും ചെയ്യാൻ കഴിയുമോ എന്ന മൗലികമായ പ്രശ്നമുണ്ടു്. ഞാൻ ഒരു ഉദാഹരണം പറയാം. ഇപ്പോഴത്തെന്ന പാൽവിതരണം നടത്തുന്നുണ്ടു്. ഈ പാൽവിതരണം നടത്തുന്ന കുപ്പിയുടെ അടപ്പു് അലൂമിനിയമാണു്. അതു കിട്ടി

LIBRARY ARCHIVES Kerala Legislative Assembly

യില്ലെങ്കിൽ പാൽവിതരണം നടക്കുകയില്ല. അതിനു് സാധാരണ രീതിയിൽ ഡിപ്പാർട്ടുമെൻറിൽനിന്നും എഴുതിഅയച്ചു് ഫൈനാൻസിൽ വന്നു് അനുവാദം വാങ്ങി തിരിച്ചു ചെല്ലുമ്പോഴേക്കും കാര്യം കുഴപ്പമാകും. അപ്പോഴേക്കും കോഴിഫാമിനു് ചില പ്രത്യേകതകളുണ്ടു്. ഈ പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ടുള്ള ഒരു സമീപനം വേണം. ആ സമീപനം എന്താണെന്നുവച്ചാൽ ഒരു ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 'കാട്ടിലെ തടി തേവരുടെ ആന' എന്ന സമീപനം പറ്റുമോ? അതും പറ്റുകയില്ല.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : വളരെയധികം നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുമ്പോഴും ലക്ഷക്കണക്കിനു് രൂപാ ഇളവുചെയ്തുകൊടുത്തതിനെപ്പറ്റി ഞാൻ പറയുകയുണ്ടായി. അതിനെപ്പറ്റി ഒന്നും പറഞ്ഞില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതിനെപ്പറ്റി ഞാൻ പരാമർശിക്കാതിരുന്നതു് വളരെ ഫലപ്രദമായ രീതിയിൽ ബഹുമാനപ്പെട്ട മെമ്പർ ഹമീദു് അതിനു് ഉത്തരം പറഞ്ഞതുകൊണ്ടാണു്. ഉദാഹരണത്തിനു്, ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം എഫ്. എ. സി. ടി. യുമായി ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ടു് ; നഷ്ടപ്പെട്ട കൻറു കൊടുക്കാനെന്നു്, ഏതാണ്ടു് ഒരുകോടിയോളം ഉറുപ്പികയുടെ നഷ്ടം ഈ ഒരൊറ്റ കച്ചവടത്തിൽ ഇലക്ട്രിസിറ്റി ബോർഡിനു് വരും. എന്നാലും കൻറു് കൊടുക്കണമെന്നാണു് കാബിനറ്റു തീരുമാനം. അവരുടെ പരമാവധി കപ്പാസിറ്റി അനുസരിച്ചു് ഉല്പാദിപ്പിച്ചാൽ 50 ലക്ഷം ഉറുപ്പികയെങ്കിലും സെയിൽസ് ടാക്സ് ഇനത്തിൽ ഗവണ്മെൻറിനു് തിരിച്ചു് വരും. പിന്നെ വികസനത്തിൻറെ ഫലമായി കൂടുതൽ കിട്ടുന്ന ജോലി സാധ്യതകളും മറ്റു സൗകര്യങ്ങളും പറഞ്ഞിട്ടുകാര്യമില്ല. പാലുമേഖലയിലായാലും സ്വകാര്യമേഖലയിലായാലും നമ്മെ ആകർഷിക്കാനുള്ള ഏറ്റവും വലിയ ആയുധം നമ്മുടെ കൈയിലുള്ള ഇലക്ട്രിസിറ്റിയാണു്. അതു് നാം കുറഞ്ഞ വിലയ്ക്കു് കൊടുക്കുന്നു, അതിനേക്കാൾ കുറഞ്ഞ വിലയ്ക്കു് ഒറിസ്സാഗവണ്മെൻറു് കൊടുക്കുന്നു. ഇതു രണ്ടിനേയും തോല്പിച്ചു കൊണ്ടു് മൈസൂർഗവണ്മെൻറു് കൊടുക്കുമോ എന്നുള്ളതു് ഇന്നു നമ്മുടെ സംസ്ഥാനത്തെ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണു്. കേന്ദ്രഗവണ്മെൻറിൻറെ വ്യവസായ നയത്തിൽ മാറ്റം വരുത്തണം. ഇലക്ട്രിസിറ്റി ബോർഡല്ല ഇന്നു് ഈ കാര്യത്തിൽ തീരുമാനിക്കുന്നതു്. മുമ്പൊക്കെ ഇന്ന വ്യവസായത്തിനു് ഇന്ന നിരക്കുവച്ചു് കൊടുത്താൽ മതി എന്നൊക്കെ തീരുമാനിക്കുന്നതു് ഇലക്ട്രിസിറ്റി ബോർഡായിരുന്നു. ഇന്നു് അങ്ങനെയല്ല. എവിടെ കൺസഷൻ കാണിക്കണം എവിടെ കാണിക്കാൻ പാടില്ല എന്നൊക്കെ തീരുമാനിക്കുന്നതു് കാബിനറ്റാണു്. ഇതാണു് ബഹുമാനപ്പെട്ട കുന്നുകളം മെമ്പർ ഉന്നയിച്ച പ്രശ്നത്തിനുള്ള മറുപടി.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : കാൻറു് ചാർജ്ജു് കൂട്ടിച്ചു് കൊടുത്തിട്ടപോലും പ്രീമിയർ ടയേഴ്സിലും ടി. സി. സി. യിലും എഫ്. എ. സി. ടി. യിലുമൊക്കെ കടിശ്ശിക വന്നിട്ടുണ്ടു്. അതു വിട്ടുകൊടുത്തിട്ടുണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഏതു് അവസരത്തിലാണു് വിട്ടുകൊടുത്തിട്ടുള്ളതെന്നു് എനിക്കു് ഇപ്പോൾ മറുപടി പറയാൻ നിർവ്വാഹമില്ല. ഏതു് സാഹചര്യത്തിലാണെന്നുള്ളതു് നോക്കി അതെപ്പറ്റിയുള്ള മറുപടി മറ്റൊരു ദിവസം സഭയെ അറിയിക്കാമെന്നു മാത്രമേ പറയാനുള്ളൂ. അവസാനമായി എനിക്കു് പറയാനുള്ളതു് .....

ശ്രീ. എൻ. കെ. ശേഷൻ : സർ, ഒരു ചോദ്യം. ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻറെ കാര്യത്തിൽ എന്നുമെന്നും മുഴങ്ങിക്കേട്ടിട്ടുള്ള ഒരാരോപണം, അതായതു് ഒരു ബുഡിമുട്ടു് സ്റ്റോഴ്സിൻറെ അഭാവമാണു് ; കാലു് കമ്പി, വയർ മുതലായ കാര്യങ്ങൾ. അതൊന്നു് ഒഴിവാക്കാനാകുമെങ്കിലും നടപടിയെടുക്കുകയാണെങ്കിൽ അതു

LIBRARY ARCHIVES Kerala Legislative Assembly

വദിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലെങ്കിലും കണക്ഷൻ കിട്ടും. അക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അക്കാര്യത്തിലും കാര്യമായ ഇംപ്രൂവ്മെന്റ് ഉണ്ടായിട്ടുണ്ടെന്നു് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ ഓർമ്മിപ്പിക്കുകയാണു്. പൂർണ്ണമായും ഇംപ്രൂവ്മെന്റ് ഉണ്ടായിട്ടുണ്ടെന്നല്ല. എങ്കിലും ബഹുമാനപ്പെട്ട മെംബർ സൂചിപ്പിച്ച കാര്യം ഇലക്ട്രിസിറ്റി ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനു് വിഘാതമായിരിക്കുന്ന ഒരു പ്രത്യേക കാരണമായി മനസ്സിലാക്കിക്കൊണ്ടു് അതു പരിഹരിക്കുന്നതിനുള്ള നടപടികളെടുക്കാം.

ശ്രീ. എം. കെ. എ. ഹമീദ് : ബഹുമാനപ്പെട്ട മന്ത്രി, ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി പറഞ്ഞ മുഴുവൻ കാര്യങ്ങളും ശരിയാണെന്നു തോന്നുന്നില്ല. അതിൽ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ചില കാര്യങ്ങളെപ്പറ്റി പരാമർശിച്ചിട്ടുണ്ടു്. റിപ്പോർട്ടിന്റെ 90—ാം പേജിൽ 5 ലക്ഷം ഉറപ്പിക്കയുടെ നഷ്ടം വന്നിട്ടുണ്ടെന്നുള്ളതിന്റെ ഉദാഹരണങ്ങളുണ്ടു്. അഴിമതിയാരോപണങ്ങൾക്കു് വിധേയരായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി നടത്താൻ ചില സാങ്കേതിക കാരണങ്ങളാൽ സാധിച്ചിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് ഞാൻ മനസ്സിലാക്കുന്നു. ഈ ഉദ്യോഗസ്ഥന്മാരോടു് എക്സ്പ്ലനേഷനെങ്കിലും വാങ്ങിച്ചിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിൽ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷമുള്ള ചില നടപടികളെപ്പറ്റി പരാമർശിച്ചിട്ടുണ്ടു്. അദ്ദേഹത്തോടു റഫർ ചെയ്തിട്ടില്ലാത്ത കാര്യങ്ങളെപ്പറ്റിയും അദ്ദേഹം പരാമർശിച്ചിട്ടുണ്ടു്. എന്നാൽ സാങ്കേതികമായി അദ്ദേഹത്തോടു റഫർ ചെയ്തിട്ടില്ലെന്നുള്ള കാരണം കൊണ്ടു് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ആ പ്രശ്നങ്ങളും അന്വേഷിക്കേണ്ട എന്ന സമീപനത്തിൽ എത്തിയിട്ടുണ്ടു്. ആ കാര്യങ്ങളെപ്പറ്റിയും അന്വേഷിക്കുന്നുണ്ടു്. രണ്ടാമത്തെ ചോദ്യത്തിനു്, അതായതു് അവരോടു സമാധാനം ചോദിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിനു് ഉത്തരമായി പറയാനുള്ളതു് ഏതു രീതിയിലുള്ള ചാർജ്ജാണു് എങ്ങനെയാണു് ചോദിക്കേണ്ടതു് എന്നൊക്കെ ഫൈനലൈസ് ചെയ്യാതെ ചോദിക്കാൻ ഒരുങ്ങുകയില്ല എന്നാണു്.

ശ്രീ. വി. പി. ചെറുകോയ തങ്ങൾ : മുൻ ഗവണ്മെന്റു് ദേവാലയങ്ങൾക്കും മതസ്ഥാപനങ്ങൾക്കും ഇലക്ട്രിസിറ്റി കൺസഷൻ അനുവദിച്ചിരുന്നു. എന്നാൽ ഈ ഗവണ്മെന്റു് വന്നതിനു ശേഷം അതൊട്ടുമുക്കുകളഞ്ഞിരിക്കുകയാണു്. അതിനു് പരിഹാരമുണ്ടാക്കുന്ന കാര്യം ആലോചിക്കാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇതിനു് ഇപ്പോഴും മറുപടി പറയാൻ എനിക്കു് ബുദ്ധിമുട്ടുണ്ടു്. ഈ തുക കൂട്ടണമെന്നു നിർദ്ദേശം വച്ചവരുടെയും കുറയ്ക്കണമെന്നു് അഭിപ്രായപ്പെട്ടവരുടെയും ഉദ്ദേശം എന്താണെന്നുള്ള കാര്യം ഞാൻ മനസ്സിലാക്കുന്നുണ്ടു്. അതായതു് ഈതേപ്പറ്റി നിങ്ങൾക്കുള്ള അഭിപ്രായങ്ങളും പറയാൻവേണ്ടി ഒരു അവസരം ഉണ്ടായി.

ശ്രീ. എ. എസ്. പുരുഷോത്തമൻ : ഹൗസ് കണക്ഷൻ കിട്ടണമെങ്കിൽ ഭൂവുടമസ്ഥന്റെ അനുവാദം വേണമെന്നു് ഇന്നു് കോർപ്പറേഷൻ നിർബന്ധിക്കുന്നുണ്ടു്. ഇതിന്റെ ഫലമായി പതിനായിരക്കണക്കിനു ഭൂമിയില്ലാത്ത ആളുകൾ കണക്ഷൻ കിട്ടാതെ വിഷമിക്കുകയാണു്. ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ബഹുമാനപ്പെട്ട മെംബർ ഉന്നയിച്ച പ്രശ്നം ഹൗസ് കണക്ഷൻ കിട്ടുന്നതിനു തടസ്സമായി നിൽക്കുന്ന കാര്യമാണു്. പക്ഷേ ഇതു് ഇലക്ട്രിസിറ്റി ബോർഡു മാത്രം വിചാരിച്ചാൽ കഴിയാത്ത കാര്യ

LIBRARY ARCHIVES Kerala Legislative Assembly

മായതുകൊണ്ട് എങ്ങനെ പരിഹരിക്കാമെന്നുള്ള കാര്യം ആലോചിക്കാം. ഭേദഗതികളും അവതരിപ്പിച്ച എല്ലാ അംഗങ്ങളോടും പറയാനുള്ളതു് എന്റെ പ്രമേയം തന്നെ അംഗീകരിക്കണമെന്നാണു്. ചില മെംബർമാരുടെ പ്രസംഗങ്ങളും കേട്ടപ്പോഴും എനിക്കു് തോന്നിയതു് 10 കോടി രൂപ അവർ അനുവദിച്ചു തരുന്നു എന്നാണു്. കടംമേടിക്കാൻ അനുവാദം നൽകുന്നതു് അവരുടെ സന്മനസ്സിനെ ആശ്രയിച്ചാണിരിക്കുന്നതു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : ഗവണ്മെൻറിനു് കടം വാങ്ങുന്നതിനു് ഗാരൻറി കൊടുക്കേണ്ടതില്ലേ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഉണ്ടു്. അതുകൊണ്ടു് നിങ്ങളുടെ അനുവാദപ്രകാരം (ആക്ഷേപിക്കുകയല്ല) 10 കോടി രൂപ കടം കിട്ടി നമ്മുടെ പദ്ധതിയെ വിജയിപ്പിക്കുന്നതിനു് എല്ലാവരും ഒരുകണക്കായി ഈ പ്രമേയം പാസാക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

**Mr. Speaker** : Shri. Mani, do you press your amendment ?

ശ്രീ. കെ. എം. മാണി : പാകപ്പിഴകളും പരിഹരിക്കാൻ നടപടികളെടുക്കുമെന്നു് ആത്മാർത്ഥമായി വാഗ്ദാനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഞാൻ എന്റെ ഭേദഗതി പിൻവലിക്കുന്നു.

The amendment moved by Shri K. M. Mani was, by leave, withdrawn.

The amendment moved by Shri K. I. Rajan was, by leave, withdrawn.

The amendment moved by Shri N. K. Seshan, was, by leave, withdrawn.

The amedment moved by Shri A. S. N. Nambissan was, by leave, withdrawn.

The amendment moved by Shri P. Unnikrishna Pillai was, by leave, withdrawn.

The question that the Resolution moved by the Agriculture and Electricity Minister be adopted was put and carried.

The Resolution was adopted.

## ANNOUNCEMENT

മി. സ്പീക്കർ : സഭ പിരിയുന്നതിനു മുൻപു് ബഹുമാനപ്പെട്ട അംഗങ്ങളുടെ മുൻപിൽ ഒരു നിർദ്ദേശം വയ്ക്കാനുണ്ടു്. സഭയുടെ എല്ലാ ഭാഗത്തുമുള്ള അംഗങ്ങളും എന്നെ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണു് ഞാനിതു പറയുന്നതു്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറെന്നാൾ ചികിത്സാർത്ഥം ജർമ്മൻ ഡെമോക്രാറിക്കു് റിപ്പബ്ലിക്കിലേക്കു് പോവുകയാണു് എന്നുള്ള വിവരം നമുക്കെല്ലാവർക്കും അറിയാം. അദ്ദേഹത്തിന്റെ അസുഖത്തെസംബന്ധിച്ചിടത്തോളം ആശങ്കയ്ക്കാവകാശം വകയില്ല. എന്നിരുന്നാലും അദ്ദേഹം പോകുന്ന സമയത്തു് ബഹുമാനപ്പെട്ട മെംബർമാർക്കു് അദ്ദേഹത്തെ ചെന്നു കാണണമെന്നും സന്തോഷപൂർവ്വം യാത്രയയയ്ക്കണമെന്നും ആഗ്രഹമുണ്ടു്. അദ്ദേഹം മറെന്നാൾ ഉച്ചയ്ക്കുള്ള പ്ലെയിനിൽ പോകുന്നുവെന്നാണു് ബഹുമാനപ്പെട്ട റവന്യൂമിനിസ്റ്റർ അറിയിച്ചതു്. അതുകൊണ്ടു് ആ ദിവസം സഭ കൂടേണ്ടതില്ല എന്നുള്ള അഭിപ്രായം എന്നെ അറിയിച്ചതു് ഞാൻ സഭയുടെ മുൻപാകെ വയ്ക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly